അധികാരം ജനങ്ങളിലേക്ക്

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്
സമഗ്ര വികസന രേഖ

1997-2002

9- ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണ സമിതി

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ 1997 - 2002

"ഗ്രാമസ്വരാജ് എന്റെ സ്വപ്നം"
ഗാന്ധിജി.

"രാജ്യത്തെ ഏറ്റവും ദരിദ്രനും, അശരണനും, അവശനുമായവന്റെ മുഖമായിരിക്കണം ഇന്ത്യയിലെ ഓരോ ഭരണാധികാരിയുടെയും മനസ്സിൽ ഉണ്ടായിരിക്കേണ്ടത്"

ഗാന്ധിജി

ഗ്രാമപഞ്ചായത്തിന്റെ പൊതുവിവരം

പേര്	:	നരിപ്പറ്റ
വിസ്തീർണ്ണം	:	50.63 ച.കി.മി.
ബ്ലോക്ക് പഞ്ചായത്ത്	:	കുന്നുമ്മൽ
നിയമസഭാമണ്ഡലം	:	നാദാപുരം
ലോകസഭാ മണ്ഡലം	:	വടകര
താലൂക്ക്	:	വടകര
ജില്ല	:	കോഴിക്കോട്
മൊത്തം ജനസംഖ്യ	:	24694
പഞ്ചായത്തിലെ ജീവനക്കാരുടെ എണ്ണം	:	10
പ്രസിഡണ്ട്	:	ശ്രീ. വി.പി. ഗോപാലൻ
വൈസ് പ്രസിഡണ്ട്	:	ശ്രീമതി ഏലിയാമ്മ വർക്കി
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ	:	ശ്രീ.കെ.സി. നാണു
ജനകീയ ആസൂത്രണ സമിതി കൺവീനർ	:	ശ്രീ എ.കെ. കണ്ണൻ

ഗ്രാമപഞ്ചായത്ത് ഭരണ സമിതി

വാർഡ്	1.	ശ്രീമതി. ഏലിയാമ്മ വർക്കി (വൈസ്. പ്രസിഡണ്ട്)
„	2.	ശ്രീ. പി.പി. കുഞ്ഞികണ്ണൻ
„	3.	ശ്രീ. സി.കെ. നാണു
„	4.	ശ്രീമതി. കെ.കെ. ജാനു
„	5.	ശ്രീ. വി.പി. ഗോപാലൻ (പ്രസിഡണ്ട്)
„	6.	ശ്രീമതി ടി.വി. സുബൈദ
„	7.	കുമാരി എൻ.കെ. ലീല
„	8.	ശ്രീ. ഇ.കെ. ഇബ്രായി
„	9.	ശ്രീ.കെ.ടി. കെ. അശോകൻ
„	10.	ശ്രീ. പി അരവിന്ദാക്ഷൻ മാസ്റ്റർ
„	11.	ശ്രീ. കെ.സി. നാണു (സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ)

ഡിസ്ട്രിക്ട് റിസോർസസ്സ് പർസൻസ്

1. ശ്രീ. എ.കെ. കണ്ണൻ.
2. ശ്രീ. ടി.പി. ശിവരാമകൃഷ്ണൻ
3. ശ്രീ. എം.സി. കുമാരൻ മാസ്റ്റർ
4. ശ്രീ. പി. കുഞ്ഞികൃഷ്ണൻ നായർ
5. ശ്രീ. കെ.പി. നാണുമാസ്റ്റർ
6. ശ്രീ. ടി.പി. പവിത്രൻ
7. ശ്രീ. പി.കെ. കുഞ്ഞബ്ദുള്ള മാസ്റ്റർ
8. ശ്രീ. സി.പി. കുഞ്ഞിരാമൻ

വിഷയ സൂചിക

ആമുഖം ചരിത്രപശ്ചാത്തലം

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധവും
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്യം
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം
7. സാമൂഹ്യക്ഷേമം, പാർപ്പിടം
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടിക ജാതി / പട്ടിക ജാതി ക്ഷേമം
12. വിഭവ സമാഹരണം

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ആമുഖം ചരിത്രപശ്ചാത്തലം	:	ടി.പി. ശിവരാമകൃഷ്ണൻ എം.സി. കുമാരൻ മാസ്റ്റർ
1. കൃഷിയും ജലസേചനവും	:	എ.കെ. കണ്ണൻ എം.സി. കുമാരൻ മാസ്റ്റർ കെ.വി. കുഞ്ഞിരാമൻ
2. മൃസംരക്ഷണവും മത്സ്യബന്ധനവും	:	എ.കെ. കണ്ണൻ വി.ടി. അശോകൻ മാസ്റ്റർ
3. വിദ്യാഭ്യാസം	:	വി.ടി അശോകൻ മാസ്റ്റർ എം. ഹരിദാസൻ മാസ്റ്റർ പി.ടി. ശശീന്ദ്രൻ മാസ്റ്റർ
4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം	:	ടി.പി. ശിവരാമകൃഷ് ണൻ വി.പി. ഗോപാലൻ
5. വ്യവസായം	:	ടി.പി. ശിവരാമകൃഷ്ണൻ വി.ടി. അശോകൻ മാസ്റ്റർ
6. ഗതാഗതം, ഊർജ്ജം	:	പി. കുഞ്ഞികൃഷ്ണൻ നായർ എ.കെ. കണ്ണൻ ടി.പി. ശിവരാമകൃഷ്ണൻ
7. സാമൂഹ്യക്ഷേമം, പാർപ്പിടം	:	എ.കെ. കണ്ണൻ പി. കുഞ്ഞികൃഷ്ണൻ നായർ
8. സംസ്കാരം	:	ടി.പി. ശിവരാമകൃഷ്ണൻ വി.ടി. അശോകൻ മാസ്റ്റർ എ.കെ. കണ്ണൻ
9. വനിത	:	ടി.പി. ശിവരാമകൃഷ്ണൻ വി.ടി. അശോകൻ മാസ്റ്റർ
10. സഹകരണം	:	പി. കുഞ്ഞികൃഷ്ണൻ നായർ എ.കെ. കണ്ണൻ
11. പട്ടിക ജാതി /പട്ടികവർഗ്ഗ ക്ഷേമം	:	എ.കെ. കണ്ണൻ. എം.സി. കുമാരൻ മാസ്റ്റർ
12. വിഭവസമാഹരണം	:	ടി.പി. ശിവരാമകൃഷ്ണൻ
കവർ ഡിസൈൻ	:	വേണു, ചീക്കോന്ന്

ആമുഖം

1947 അഗസ്റ്റ് 14ന് ആർദ്ധരാത്രി ലോകം ഉറങ്ങിക്കിടക്കുമ്പോൾ ഭാരതം സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്ക് "വിധിയുമായി പോരാട്ട"ത്തിന് തയ്യാറെടുത്തുകൊണ്ട് ഉണർന്നെഴുന്നേല്ക്കുകയായിരുന്നു. ലോകം മുഴുക്കെ നമ്മെ ഉറ്റുനോക്കി ; പ്രത്യേകിച്ചും ഏഷ്യയിലേയും ആഫ്രിക്കയിലേയും അന്നത്തെ മർദ്ദിത ജനതകൾ. ലോകത്തെ അത്യപൂർവ്വമായതടക്കം സർവ്വ ധാതുക്കളുടെയും കലവറയെന്നതിനുപുറമെ ഫലഭൂയിഷ്ടതയിലും നമ്മുടെ ഭാരതഭൂമി അതീവ സമ്പന്നമാണ്. സഹസ്രാബ്ദങ്ങളുടെ ചതയ്ക്കപ്പെടുലിനുശേഷവും നമ്മുടെ സംസ്കൃതി ഇന്നും അനുസ്യൂതമായി തുടരുന്നു. എന്നിട്ടും ലോകത്തെ ദരിദ്ര രാജ്യമായി എണ്ണപ്പെടേണ്ട ദുരവസ്ഥയെ നാം ഇന്ന് നേരിടുന്നു. രണ്ട് ശതാബ്ദങ്ങളുടെ കോളനിവാഴ്ചയുടെ കടന്നാക്രമണത്തിന്റെ ആഘാതമേല്പിച്ച തീവ്രപരിക്കുകളെ നമുക്ക് തിരുത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതിന്നുള്ള പോംവഴി എന്ന നിലയിലാണ് ആസൂത്രണത്തിന്റെ പാത നാം തിരഞ്ഞെടുത്തത്.

ആസൂത്രണത്തിന് ദ്വിമുഖ സ്വഭാവമാണുള്ളത്. ഒന്ന്, ദേശീയ ഭരണകൂടം കരുത്തും സമൃദ്ധിയും സംഭരിക്കുക, രണ്ട്, ജനകോടികളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കപ്പെട്ട് ഐശ്വര്യപൂർണ്ണമായ ജീവിത സാഹചര്യം പടുത്തുയർത്തുക എന്നിവയാണവ. ഇക്കാര്യത്തിൽ നാം ആവിഷ്കരിക്കുകയും, നടപ്പാക്കുകയും ചെയ്ത ഒന്നും, രണ്ടും പദ്ധതികൾ ഒന്നാമത്തെ കർത്തവ്യത്തിൽ ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ടെങ്കിലും സാമ്പത്തിക ഉച്ചനീചത്വങ്ങൾ തുടച്ചുനീക്കുന്നതിൽ നാം പിന്നോട്ടു ഗമിക്കുകയാണ് ചെയ്തത് എന്ന യാഥാർത്ഥ്യം നമ്മെ തുറിച്ചുനോക്കുന്നു.

എട്ട് പദ്ധതികൾ പിന്നിട്ട ശേഷം നാം തിരിഞ്ഞുനോക്കുമ്പോൾ ഈ പിന്നോക്കം പോക്കിന് കാരണം എന്തെന്ന് കണ്ടെത്തേണ്ടതുണ്ട്. പദ്ധതി ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും സർക്കാരിലും, അവയെ ചുറ്റിപറ്റി നില്ക്കുന്ന സ്ഥാപനങ്ങളിലും നിസ്സീമമായ സ്വാധീന വലയം സൃഷ്ടിക്കുവാൻ കഴിയുന്നവർക്ക് മാത്രമെ പങ്കുണ്ടായിരുന്നുള്ളു എന്ന വസ്തുതയിലേക്കാണ് അത് വിരൽചൂണ്ടുന്നത്. പദ്ധതികൾ ഓരോന്നിനും ഇരുവരുടെയും ഇടനിലക്കാരുടെയും താല്പര്യങ്ങളായിരുന്നു സംരക്ഷിക്കപ്പെടുന്നത്. ജനകോടികളുടെ പ്രാഥമികാവശ്യങ്ങൾ എന്തെന്ന് അന്വേഷിക്കപ്പെട്ടുപോലുമില്ല.

കേരളത്തിൽ ഒമ്പതാം പദ്ധതി ആവിഷ്കരിക്കുന്നതിനും ജനങ്ങളുടെ ആവശ്യങ്ങൾ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും മാത്രമല്ല അവ നിർവ്വഹിക്കപ്പെടുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനുകൂടി ജനങ്ങളെ പങ്കാളികളാക്കുക എന്ന ഉജ്ജ്വലശ്രമമാണ് ഇന്ന് നടത്തിവരുന്നത്. സംസ്ഥാനതലം തൊട്ട് ഗ്രാമസഭകൾ വരെ നാം ഇതിന്നാവശ്യമായ ഒരു സുസംഘടിത ശൃംഖല സൃഷ്ടിച്ചുകഴിഞ്ഞു. കക്ഷി രാഷ്ട്രീയത്തിനും ജാതിമത പരിഗണനകൾക്കും അതീതമായി ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനും നമുക്ക് ഇന്ന് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ഖാദി സാർവ്വത്രികമായി പ്രചരിക്കപ്പെട്ടത് ഏതെങ്കിലും സർക്കാർ സംവിധാനം ഉപയോഗിച്ചുകൊണ്ടായിരുന്നില്ല, പ്രസ്ഥാനമായി സംഘടിതശ്രമം നടത്തിയതിന്റെ ഫലമായിട്ടാണ്. നമുക്കിത് ഉത്തേജനം നല്കുന്നു.

സർക്കാരിന്റെയും ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധന്മാരുടെയും യുവജനങ്ങളുടെയും സ്ത്രീകളുടെയും സംയുക്തമായ ഒരു ആത്മാർപ്പണം ഇതിന്നായി ഉയർന്നുവരേണ്ടതുണ്ട്. ഗ്രാമസഭകളിലെ അനുഭവം ആവേശകരമായിരുന്നു എന്ന് നമുക്ക് അറിയാം. ചെയ്യാവുന്നത് മാത്രം പറയുക, പറയുന്നത് ചെയ്യുക എന്നതത്രെ പുതിയ രീതി. സമൂഹത്തിന്റെ ഏറ്റവും പിന്നണിയിൽ കിടക്കുന്നവന്റെ മുഖം വേണം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നമ്മൾ ഓരോരുത്തരുടെയും സ്മൃതിപഥത്തിലുയരുവാൻ. ഈ മഹായജ്ഞത്തിൽ അഭിമാനപൂർവ്വം പങ്കാളികളാവുക; അതിനുവേണ്ടിയുള്ള യത്നത്തിന് നാം നമ്മെ സ്വയം അർപ്പിക്കുക.

ചരിത്ര പശ്ചാത്തലം

കോഴിക്കോട് ജില്ലയുടെ വടക്കിഴക്ക് മാറി സഹ്യനിരയിൽ തലചായ്ച്ചു കൊണ്ടാണ് നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ കിടപ്പ്. കിഴക്ക് പശ്ചിമഘട്ടവും വടക്ക് വാണിമേൽ പുഴയും തെക്കും പടിഞ്ഞാറുംകുന്നുമ്മൽ, നാദാപുരം പഞ്ചായത്തുകളും നരിപ്പറ്റയെ വലയം ചെയ്യുന്നു. നിബിഢവനങ്ങളുള്ള മലമ്പ്രപ്രദേശങ്ങളും നിത്യഹരിതമായ പാടശേഖരങ്ങളും നൂറ്റാണ്ടുകളുടെ ജനവാസ പരമ്പരയെ നമ്മുടെ ചരിത്രപശ്ചാത്തലം കുറിക്കുന്നു.

ധന്യമാണ് നമ്മുടെ ഭൂപ്രകൃതിയുടെ വൈവിധ്യം. ചെങ്കുത്തായ മലയിടുക്കുകൾ, ഉയർന്നുനില്ക്കുന്ന കുന്നുകൾ, നിരപ്പായ സമതലങ്ങൾ, സസ്യസമൃദ്ധിയുടെ രക്തധമനികളായ നീർച്ചാലുകളും തോടുകളും, വറ്റി വരളാത്ത നിരവധി ജലശേഖരങ്ങളും അടങ്ങുന്ന ഒന്നായിരുന്നു നമ്മുടെ പൂർവ്വാവസ്ഥ. ഏതാണ്ട് ആയിരം ഹെക്ടറോളം വരുന്ന നെല്പാടങ്ങളും അത്ര തന്നെ വരുന്ന ഘോരവനങ്ങളും ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് നമുക്കുണ്ടായിരുന്നു. വൈവിധ്യമാർന്ന സസ്യജൈവഘടന ആരുടെയും കടന്നാക്രമണം എത്താതെ അനേക കാലം നമ്മുടെ ഭൂമിയെ കന്നിമണ്ണാക്കി നിലനിർത്തി. എന്നാൽ ഇന്ന് അമ്പത് ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള നമ്മുടെ അതിവിശാലമായ ഈ പഞ്ചായത്തിനെ ഒരിഞ്ച് പാടമോ

ഒരു തുണ്ട് വനമോ അവശേഷിക്കാത്ത ഒരു പ്രദേശമാക്കി നാം മാറ്റി. നരിപ്പറ്റ എന്ന പേരിനെ അന്വർത്ഥമാക്കുന്ന വ്യാഘ്രങ്ങൾ തുടങ്ങി ചെറുപ്രാണികൾ വരെയുള്ള എല്ലാ ജീവജാലങ്ങളും വൃദ്ധവൃക്ഷഭീമന്മാർ മുതൽ അത്യപൂർവ്വമായ ഔഷധചെടികൾ വരെയുള്ള സസ്യജാലങ്ങളും അന്യം നിന്നുപോയി. നമ്മുടെ മണ്ണ് ഇന്ന് കന്യകയല്ലാതായിരിക്കുന്നു. എന്നിട്ടുപോലും ഫലഭൂയിഷ്ടിയുടെ കാര്യത്തിൽ നമ്മുടെ മണ്ണ് ഇന്നും സമൃദ്ധമെന്നു തന്നെ വിശേഷിപ്പിക്കാം.

മനുഷ്യൻ എവിടെയും ആദ്യതാവളങ്ങൾ കണ്ടെത്തിയത് ജലസമൃദ്ധിയും ഫലഭൂയിഷ്ടതയുമുള്ള മണ്ണിലാണല്ലോ. ജനപദങ്ങളായി വേർതിരിഞ്ഞ് താവളങ്ങൾ ഉറപ്പിച്ച ചില പ്രദേശങ്ങൾ നരിപ്പറ്റയിൽ ഉണ്ട്. അതിൽ പഴക്കം ചെന്നതെന്ന് അനുമാനിക്കാവുന്നത് ചീക്കോന്ന് വയലിന് ചുറ്റുമുള്ള പ്രദേശമാണ്.പ്രാചീന ജീവിതത്തിന്റെ തെളിവ് ഭാരതത്തിൽ എവിടെയും കണ്ടെത്താൻ കഴിയുക മണ്ണടിഞ്ഞ ആരാധനാലയങ്ങളുടെ സ്ഥാനങ്ങളുടെയും അവയുടെ അവശിഷ്ടങ്ങളുടെയും തിരിച്ചറിയലിൽ നിന്നാണ്. നരിപ്പറ്റയും ഇതിൽ നിന്ന് ഭിന്നമല്ല. നാഗരികതയുടെ പ്രാഥമികഗുണങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിഭാഗം ജനങ്ങൾ ഏതാണ്ട് 750 വർഷങ്ങൾക്കു മുമ്പ് ആയിനിക്കോട്ട വയൽ പ്രദേശത്ത് സ്ഥാപിച്ച ഒന്നായിരുന്നു ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ നശിച്ചു തറപറ്റി ഇന്നാട്ടുകാർ 'രാവാരിയമ്പലം' എന്ന് വിശേഷിപ്പിക്കുന്നതായ ഇവിടുത്തെ ക്ഷേത്രം. വളരെ സമ്പന്നമായിരുന്നു ആ ക്ഷേത്രത്തിന്റെ അന്നത്തെ അവസ്ഥ . അമ്പലം തകർന്ന മണ്ണിൽ കൃഷി ചെയ്യാൻ ശ്രമിച്ചപ്പോൾ ഉഴവുചാലിൽ നിന്നും പലർക്കും സ്വർണ്ണനിക്ഷേപങ്ങൾ കിട്ടിയതായി അറിയാം. വലിയ സ്വർണ്ണശേഖരങ്ങൾ ഇങ്ങനെ കൈവശം വെയ്ക്കുവാൻ ക്രയവിക്രയത്തിന് സ്വർണ്ണം പ്രയോജനപ്പെടുത്തുന്നവർക്കേ കഴിയും. തെക്കൻ കൊല്ലത്ത് കിഴക്കനേഷ്യൻ ഭാഗവുമായി വ്യാപരബന്ധം സ്ഥാപിച്ച 'രാവാരികൾ' (വ്യാപാരികൾ എന്നതിന്റെ രൂപാന്തരം) . കൊയിലാണ്ടിക്കടുത്ത പിന്നീട് കൊല്ലമായിതീർന്ന പ്രദേശത്ത് കേന്ദ്രീകരിച്ച് അറബികളുമായി വ്യാപാര ഉടമ്പടികൾ ഉണ്ടാക്കി. ഈ ജില്ലയിലെ ചിലേടത്ത് അവർ പുതിയ താവളങ്ങൾ വീണ്ടും കണ്ടെത്തി. അതിൽ ഒന്ന് അയിനിക്കോട്ട വയൽ പ്രദേശവും പെട്ടു എന്നാണ് അനുമാനം. ഇവിടെ അവരുടെ ക്ഷേത്രപൂജയ്ക്ക് ഏർപ്പെടുത്തിയ ഒരു നമ്പൂതിരിയുമുണ്ടായിരുന്നു. ഇല്ലം പിന്നീട് രണ്ടായി പകുത്തു എന്ന അർത്ഥത്തിലാണ് ഇവിടെ പുരയിടങ്ങൾക്ക് 'അരയില്ലം' എന്ന പേര് സിദ്ധിച്ചതെന്ന് പറയപ്പെടുന്നു.

ജനവാസത്തിന്റെ രണ്ടാമത്തെ കേന്ദ്രമായി കണ്ടെത്താൻ കഴിഞ്ഞത് തീനൂർ പ്രദേശത്താണ് ; അതും മറ്റൊരു ക്ഷേത്രവുമായി ചുറ്റിപ്പറ്റിയത്രെ. ഇന്നത്തെ കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ പ്രദേശത്തു നിന്നും കുടിയേറി പാർത്ത തളിപറമ്പ് ഗ്രാമപാരമ്പര്യമുള്ള നമ്പൂതിരി കുടുംബങ്ങളായിരുന്നു തിനൂരിന്റെ പഴയ കാല പ്രഭാവം നിലനിർത്തിയത്. അവരുടെ കുടിയേറ്റത്തിനു മുമ്പ് ആദിവാസികളായ കുറിച്യർ ഫലസമൃദ്ധിയുള്ള ഈ പ്രദേശത്തെ മണ്ണിൽ ധാന്യകൃഷി നടത്തിയിരുന്നു. അതിൽ ഒരു ഇനമായിരുന്നു 'തിന'. കൊയ്തുകാലത്ത് അവർ ആരാധിച്ചു വന്ന ഒരു ആരാധനമൂർത്തിയായിരുന്നു 'തിനമൂരപ്പൻ'. തിനൂർ എന്ന പേരിന്റെ ആവിർഭാവം ഇങ്ങനെയാണെന്ന് അനുമാനിക്കപ്പെടുന്നു. പൂജാകർമ്മങ്ങൾ നടത്താൻ ആദിവാസികളുടെ അപേക്ഷപ്രകാരം നമ്പൂതിരിമാർ ഇവിടെ 'തിനമൂരപ്പ' പ്രതിഷ്ഠ നടത്തി. ആ പ്രതിഷ്ഠയാണ് കാലാന്തരത്തിൽ കേരളത്തിൽ അത്യപൂർവ്വമായി മാത്രം കണ്ടു വരുന്ന ശങ്കരനാരായണക്ഷേത്രങ്ങളിലൊന്ന് (ഇന്നത്തെ നിലയിൽ) ഏതാണ്ട് നാനൂറോളം വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കുവാൻ ഇട വരുത്തിയത്. ഇവിടുത്തെ നമ്പൂതിരി കുടുംബങ്ങൾ യജുർവേദ വിഭാഗത്തിൽ പെടുന്നവരാണ്. നമ്പൂതിരിയില്ലങ്ങളിൽ ചിലതിൽ അത്യപൂർവ്വമായ താളിയോല ഗ്രന്ഥങ്ങൾ ഇന്നും സൂക്ഷിക്കുന്നതായി കാണാൻ കഴിഞ്ഞു. ചിതലെടുത്ത് അവയിൽ പലതും ഇന്നും നാശോന്മുഖതയെ നേരിടുന്നതായി കണ്ടറിഞ്ഞു. ഈ നമ്പൂതിരി കുടുംബങ്ങളിൽ ഒന്നിൽ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ 'സ്മാർത്ത വിചാരം' നടത്തി ഓതിക്കന്മാരുടെ വിധിപ്രകാരം ഒരു സ്ത്രീയെ ജാതിഭ്രഷ്ട് കല്പിച്ച് പടിയടിച്ച് പിണ്ഡം വച്ചതിന്റെയും കഥ .ഇവിടെ പ്രചാരത്തിലുണ്ട്. മറ്റു പലയിടത്തും സംഭവിച്ചതുപോലെ പ്രാദേശിക ആരാധനാമൂർത്തി ഇവിടെയും വേദവിധിപ്രകാരമുള്ള സവർണ്ണമൂർത്തിയായിത്തീർന്നു എന്നത് ഇവിടെ എടുത്തുകാട്ടിക്കൊള്ളട്ടെ. ഇക്കാലത്തും ഈ ക്ഷേത്രത്തിൽ നടക്കുന്ന വാർഷികോത്സവക്കാലത്ത് കുറിച്യർ എത്തിപ്പെടാറുണ്ട് എന്നും പ്രസ്താവ്യമാണ്.

'ചീക്കോന്ന്' എന്ന സ്ഥലനാമത്തിനു പിന്നിലും ഒരു ക്ഷേത്ര പശ്ചാത്തലകഥയുണ്ട്. ആയഞ്ചേരി പ്രദേശത്തു നിന്ന് നാടു കടന്ന് ഇവിടെ ഏതാണ്ട് 150 വർഷം മുമ്പ് ആയനിക്കോട്ട് വയൽപ്രദേശത്തിനടുത്ത് ഒരു ഗൃഹത്തിൽ അഭയം തേടിയെത്തിയ ഒരാളെക്കുറിച്ച് ഇവിടുത്തെ പഴമക്കാർ പറഞ്ഞുകേൾക്കുന്നു. ഇയാളുടെ പേര് 'ചീക്കോന്നൻ നമ്പ്യാർ' എന്നായിരുന്നു. ആയഞ്ചേരി നിന്ന് ഒരു സംഘർഷവുമായി ബന്ധപ്പെട്ടാണത്രെ അയാൾക്ക് നാടുവിടേണ്ടിവന്നത്. പുനത്തിൽ സ്ക്കൂളിന് കിഴക്കു വശത്ത് ഇയാൾ ഒരു ചെറുവസതി കെട്ടിതാമസിച്ചതിന്റെ അവശിഷ്ടം ഇന്നും കാണപ്പെടുന്നു. അവിടെ വെച്ച് അയാൾ കൊല ചെയ്യപ്പെട്ടു. 'ചീക്കോന്നൻ നമ്പ്യാർ' മുൻകയ്യെടുത്ത് സ്ഥാപിച്ച ക്ഷേത്രം ഈയടുത്ത കാലം വരെ ആളുകളുടെ ശ്രദ്ധ ആകർഷിച്ചിരുന്നു.ചീക്കോന്ന് എന്ന സ്ഥലത്തിന്റെ മൂല കാരണം ഇയാളുടെ നാമധേയവുമായി ബന്ധപ്പെട്ടാണെന്ന് വ്യാഖ്യാനിക്കപ്പെടുന്നു. ഇയാളുടെ കാലശേഷം ക്ഷേത്രം കടത്തനാട്ട് രാജാവിന്റെ ഭരണനേതൃത്വത്തിൽ കുറെ കാലം തുടർന്നുപോന്നു. ക്ഷേത്രാവശ്യത്തിനുവേണ്ടി, കല്ലൻ, കൊല്ലൻ, തട്ടാൻ, വണ്ണത്താൻ എന്നിവർ രാജാവിന്റെ നിർദ്ദേശപ്രകാരം ഇവിടെ കുടിയിരുത്തപ്പെട്ടു. ഇവിടെ ചില പുരയിടങ്ങളുടെ പേരുകൾ ഈ സംഭവത്തെ അന്വർത്ഥമാക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു.

നിരവധി തീയ്യകുടംബങ്ങൾ ഈ പഞ്ചായത്തിലേക്ക് കടന്നെത്തിയതിന്റെ ഉറവിടവും കണ്ടെത്താൻ കഴിഞ്ഞു.

സാമ്പത്തികശേഷിയുള്ള തിയ്യപ്രമാണിമാരിൽ പലരും ചിറയ്ക്കൽ, കോട്ടയം ഭാഗത്തു നിന്നാണ് ഇവിടെ ചേക്കേറിയത്. തങ്ങളുടെ മുൻതാവളങ്ങളിലെ തറവാട്ടുപേർ തന്നെ ഇവിടെ അവർ താമസിച്ച വീട്ടുപറമ്പുകൾക്കും ലഭിച്ചു. പല തിയ്യപ്രമാണികുടുംബങ്ങളും അക്കാലത്ത് മരുമക്കത്തായ സമ്പ്രദായമാണ് അംഗീകരിച്ചുപോന്നത്. അതുപോലെ വില്യാപള്ളി, തിരുവള്ളൂർ പ്രദേശത്തു നിന്നും കുടിയേറിപാർത്ത കുടുംബക്കാരുടെ പിൻതുടർച്ചക്കാരെ യും ഇവിടെ കണ്ടെത്തിയിട്ടുണ്ട്.

ഇസ്ലാം കുടംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ താമസമുറപ്പിക്കാൻ തുടങ്ങിയത് ഏതാണ്ട് 150 വർഷങ്ങൾക്കു മുമ്പാണ്. രണ്ടു തരം പൂർവ്വപാരമ്പര്യമാണ് ഇവരിൽ കണ്ടെത്താൻ കഴിഞ്ഞത്. നാദാപുരം പ്രദേശത്തെ സവർണ്ണ ഹിന്ദുക്കൾ ഇസ്ലാം മതം സ്വീകരിച്ചതിന്റെ തെളിവുകൾ ഇവിടെ കിട്ടിയിട്ടുണ്ട്. അവരിൽ ചുരുക്കം ചിലരാണ് കണ്ടോത്തക്കുനി പ്രദേശത്തെ ഇന്നുള്ള മുസ്ലീംകുടുംബങ്ങളുടെ പൂർവ്വികർ. നരിപ്പറ്റയിലെ ആദ്യത്തെ മുസ്ലീം ദേവാലയമായ ചീക്കോന്ന് പള്ളി ഈ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സ്ഥാപിക്കപ്പെട്ടത് ഇവിടെയാണ്. മുസ്ലീം കുടിയേറ്റം നടന്ന മറ്റൊരു പ്രദേശമാണ് നമ്പ്യത്താംകുണ്ട് പ്രദേശം. വാണിമേൽ ഭാഗത്തു നിന്നും നമ്മുടെ പഞ്ചായത്തിലേക്ക് കുടിയേറി പാർത്തവരാണ് ഇവിടെയുള്ള മുസ്ലീം കുടുംബങ്ങളിൽ മിക്കവരും. മതസൗഹാർദ്ദം ഇവിടെ പാരമ്പര്യമായി നിലനിന്നുപോന്നു. ആരാധനാലയങ്ങൾ പണിയുമ്പോൾ ഇരു മതങ്ങളും പരസ്പരം സഹകരിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പെരുവങ്കുനി ക്ഷേത്രത്തിൽ ചില വഴിപാടുകൾ മുസ്ലീം കുടുംബങ്ങളിൽ നിന്നും ലഭിച്ചതായി കണ്ടെത്തുവാൻ കഴിഞ്ഞത് ഇവിടെ എടുത്തു പറഞ്ഞുകൊള്ളട്ടെ.

പരമ്പരയായി ഇവിടുത്തെ സ്ഥലനിവാസികളായ കൊല്ലൻ, തട്ടാൻ, ആശാരി, മൂശാരി, പാണൻ, ഹരിജൻ,വണ്ണാൻ എന്നിവരുടെ കുടുംബങ്ങളും ഉണ്ടിവിടെ. തലമുറകളായി, ഈ ഒരോ വിഭാഗവും അവരുടെ കലാചാതുരിയും നിർമ്മാണ വൈദഗ്ദ്ധ്യവും പ്രദർശിപ്പിച്ചുപോന്നിട്ടുണ്ട്. ഇന്നിവരൊക്കെ അവശത അനുഭവിക്കുന്നു. മുൻതലമുറക്കാലത്ത് ജന്മികുടുംബങ്ങളായിരുന്ന കുറെയേറെ നായർകുടുംബങ്ങളിൽ ചിലതിന്റെ സ്ഥിതി ഇന്ന് പരിതാപകരമാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിർത്തുവാൻ സഹായിച്ച മന്ത്രങ്ങളും തന്ത്രങ്ങളും കൂടോത്രങ്ങളും നടത്തുകയും പ്രചരിപ്പിക്കുകയും ചെയ്യപ്പെട്ടു. സവർണ്ണ ഹിന്ദുക്കളുടെയും പ്രമാണിമാരായ തിയ്യതറവാട്ടുകാരുടെയും ചൊൽപ്പടിക്കു നിന്ന പാണന്മാർക്ക് ഇതിൽ വലിയ പങ്കുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ ക്രിസ്ത്യൻ കുടിയേറ്റം ആരംഭിച്ചത് 1940കളിലാണ്. മണ്ണിനെ കഠിനപ്രയത്തത്തിലൂടെ പൊന്നാക്കി മാറ്റുന്നതിൽ ഇവർ സ്തുത്യർഹ്യമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ പ്രദേശമായ വാളൂക്കിന് ചുറ്റുമാണ് ഇവർ കേന്ദ്രീകരിക്കുന്നത്. ഗതാഗതസൗകര്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയുടെ വികസനത്തിൽ അതീവ താല്പരർ ആണിവർ. ആദ്യത്തെ റബർ തോട്ടം നമ്മുടെ പ്രദേശത്ത് വളർത്തിയെടുത്തതും ഇവർ അത്രെ. 1977ലാണ് ആദ്യത്തെ ക്രിസ്ത്യൻ പള്ളി തലശ്ശേരി രൂപതയുടെ കീഴിൽ ഇവിടെ വെഞ്ചരിക്കപ്പെട്ടത്.

ഫ്യൂഡൽ സമൂഹത്തിന്റെ ജഡത്വം സംഭാവന ചെയ്ത ജീർണ്ണതക്കെതിരെ ഇവിടുത്ത ജനത ഉണർന്നുതുടങ്ങിയത് ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. ദീർഘകാല പാരമ്പര്യമുള്ള നിശ്ചലാവസ്ഥയിൽ നിന്ന് സമൂഹത്തെ ചലനാത്മകതയിലേക്ക് നയിക്കുന്നതിന്റെ ധീരമായ പങ്കു വഹിച്ചത് വാഗ്ഭടാനന്ദനായിരുന്നു. കാരക്കാട്ട് അദ്ദേഹം സ്ഥാപിച്ച ആത്മവിദ്യാസംഘത്തിന്റെ ശ്യംഖല അന്നത്തെ കുറുമ്പനാട് താലൂക്കിലുടനീളം പ്രതികരണങ്ങൾ സൃഷ്ടിച്ചു. നമ്മുടെ പഞ്ചായത്തിലേക്കും അദ്ദേഹം കടന്നുവന്നു. നമ്മുടെ പഞ്ചായത്തിൽ പല തവണകളായി വന്ന് പുത്തലത്ത് എന്ന തിയ്യ തറവാട്ടിൽ അദ്ദേഹം തന്റെ പ്രവർത്തന കേന്ദ്രം കണ്ടെത്തി. അവിടെ താമസിച്ചുകൊണ്ട് അക്കാലത്തെ പ്രശസ്ത നാട്ടുവൈദ്യനും സംസ്കൃത പണ്ഡിതനുമായിരുന്ന ഏനായികോരൻ ഗുരുക്കളുടെ സഹായത്തോടെ തന്റെ പ്രവർത്തനം അദ്ദേഹം വ്യാപിപ്പിച്ചു. അന്ധവിശ്വാസങ്ങൾക്കും ജാതീയമായ ഉച്ചനീചത്വങ്ങൾക്കുമെതിരെ നമ്മുടെ പഞ്ചായത്തിൽ അദ്യമായി ശബ്ദമുയർത്തിയത് അദ്ദേഹമായിരുന്നു. അക്കാലത്ത് പടർന്നുപിടിച്ച കോളറക്കെതിരെ സംഘടിതമായ സന്നദ്ധ പ്രവർത്തനം നടത്തിയത് വാഗ്ഭടാനന്ദന്റെ ശിഷ്യന്മാരായിരുന്നു. നമ്മുടെ താലൂക്ക് മുഴുക്കെ ഇത്തരം പ്രവർത്തനത്തിന് അദ്ദേഹം നേതൃത്വം നല്കി. ജനങ്ങളെ വളരെയധികം സ്വാധീനിച്ചിരുന്ന ഒരു നടപടിയായിരുന്നു ഇത്. ഈ നവോത്ഥാനപ്രസ്ഥാനം ക്രമേണ നമ്മുടെ പഞ്ചായത്തിലും പുതിയ ആശയപ്രചരണം നടത്തുന്നതിൽ പ്രയോജനപ്പെട്ടു. കാലാന്തരത്തിൽ ഇവിടെ രൂപം കൊണ്ടു വന്ന ദേശീയ പ്രസ്ഥാനത്തിനും ഇടതുപക്ഷ പ്രസ്ഥാനത്തിനും ആശയപരമായ പ്രചോദനം നല്കിയത് ഈ നവോത്ഥാമായിരുന്നു എന്ന് എടുത്തുപറയേണ്ടതില്ല. മലബാറിലെ മിക്കവാറും എല്ലാ സ്ഥലത്തും വാഗ്ഭടാനന്ദൻ തന്നെയാണ് പുതിയ ആശയങ്ങളുടെ ബീജാവാപം നടത്തിയതെന്ന് ഏവർക്കും അറിയാമല്ലോ. വടകരയിൽ സ്ഥാപിക്കപ്പെട്ട ഹോം റൂൾ പ്രസ്ഥാനവുമായും തിയോസഫിക്കൽ സൊസൈറ്റിയുമായും വാഗ്ഭടാനന്ദപ്രസ്ഥാനം തീവ്രബന്ധം സ്ഥാപിച്ചിരുന്നു. ഈ പഞ്ചായത്തിലെ സമ്പന്ന കുടുംബങ്ങൾക്ക് വടകരയുമായുള്ള കുടുംബ സമ്പർക്കത്തിനും മറ്റ് ബഹുമുഖബന്ധങ്ങൾക്കും ഇത് കാരണമായി ഭവിച്ചു.വടകരയിൽ സ്ഥാപിക്കപ്പെട്ട സിദ്ധാശ്രമവുമായി ബന്ധപ്പെട്ട് ശിവാനന്ദയോഗിയുടെ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. പലയിടത്തും സംഘമായി ഉച്ചനീചത്വത്തിനെതിരെ അവരും ആശയപ്രചരണം നടത്തി. വാഗ്ഭടാനന്ദപ്രസ്ഥാനവും ശിവനന്ദ പ്രസ്ഥാനവും ആത്മീയ വാദപരമായിരുന്നല്ലോ. എന്നാ ൽ എടുത്ത് പറയേണ്ട ഒരു വസ്തുത ഇവിടെ രേഖപ്പെടുത്തേണ്ടതുണ്ട്. നവോത്ഥാനത്തിന് തുടക്കിമിട്ട സമൂഹത്തിൽ ചലനാത്മകത സൃഷ്ടിക്കുവാൻ

പ്രാപ്തരായ കർമ്മയോദ്ധാക്കളെ (Activities)യാണ് വാഗ്ഭടാനന്ദപ്രസ്ഥാനം രംഗത്ത് കൊണ്ടു വന്നതെങ്കിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒളിച്ചോടുവാൻ പ്രേരിപ്പിക്കുന്ന അന്തർമുഖികളെ (introvert)യാണ് ശിവാനന്ദപ്രസ്ഥാനം വളർത്തിയത് എന്നതാണ്. എങ്കിലും ചിന്തിച്ചു ശീലിച്ച പാതയിൽ നിന്നും മാറി ചിന്തിക്കുവാൻ ഇരുപ്രസ്ഥാനങ്ങളും സഹായിച്ചിട്ടുണ്ട്. ഈ ചിന്തയാണ് നരിപ്പറ്റയിൽ പിന്നീടുണ്ടായ പുരോഗമനാശയങ്ങൾക്ക് ബീജാവാപം നടത്തിയത്.

ഇതിന്റെ പശ്ചാത്തലത്തിൽ നരിപ്പറ്റയിലും ദേശീയ പ്രസ്ഥാനം രൂപംകൊണ്ടു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ദേശീയ പ്രസ്ഥാനത്തെയും കർഷക പ്രസ്ഥാനത്തെയും വേർതിരിച്ചു കാണാൻ ആവില്ല. ദേശീയ പ്രസ്ഥാനം അയിത്താചരണത്തെയും ജാതിചിന്തയെയും എതിരിട്ടപ്പോൾ കർഷകപ്രസ്ഥാനം ജന്മിത്വത്തെയും റവന്യൂഅധികാരികളുടെ ധിക്കാരത്തെയും നേരിട്ടു. സവർണ്ണഹിന്ദുക്കളുടെയും ഭൂപ്രഭുക്കന്മാരുടെയും കഠിനമായ എതിർപ്പ് രണ്ടിന്നും തന്മൂലം ഒരുപോലെ നേരിടേണ്ടി വന്നു. സമീപപ്രദേശമായ കുന്നുമ്മലിന്നും നരിപ്പറ്റക്കും സംയുക്ത കമ്മറ്റികളാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്നും കിസ്സാൻ സംഘത്തിന്നും ഉണ്ടായിരുന്നത്. ഇവ രണ്ടും ഇവിടെ രൂപീകൃതമായത് 1920കളിലാണ്. അന്യായമായ പാട്ടം, വാരം, പുറപ്പാട് എന്നിവ പിരിക്കുന്നതിന്നെതിരെ ജന്മിമാരോടും തോന്നിയപോലെ മേനികണക്കാക്കി കൊയ്തെടുത്ത ധാന്യകൂമ്പാരത്തിന്റെ സിംഹഭാഗവും അളന്ന് എടുക്കുന്നതിനാൽ റവന്യൂ അധികാരികളോടും കലാപം ചെയ്യുവാൻ കിസ്സാൻ സംഘത്തിന്റെ നേതൃത്വത്തിൽ കർഷകർ തയ്യാറായി. ഫ്യൂഡൽ സമൂഹ വ്യവസ്ഥയുടെ സവർണ്ണ മേധാവിത്വത്തെ സംരക്ഷിക്കുവാൻ പോലീസിനെ വിട്ടുകൊടുക്കുന്ന ബ്രിട്ടീഷ് ഭരണത്തോടുള്ള വ്യാപകമായ അതൃപ്തിയാണ് സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത്. മേൽ ചാർത്തെടുത്തും ജന്മം വാങ്ങിയും കർഷകരെ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്ന നടപടി കർഷകരിൽ പലരെയും ഇവിടെ നിരാലംബരാക്കിയിട്ടുണ്ട്. മലയോരത്തെ പുനംകൃഷി വലിയ ത്യാഗം ആവശ്യമായിരുന്ന ഒരു രംഗമായിരുന്നു. കാട്ടുമൃഗങ്ങളോടും കാലാവസ്ഥയോടും മല്ലടിച്ചുവേണം ഇവിടെ കൃഷിയിറക്കാൻ. ദീർഘകാലത്തെ കഠിനപ്രയത്നത്തിന്നു ശേഷം കൊയ്തെടുത്ത നെല്ല് അളന്നെടുക്കാൻ റവന്യൂ അധികാരികളും ജന്മികളുടെ കാര്യസ്ഥരും എത്തും. അംശമേനോനും കാര്യസ്ഥന്മാരും ഒന്നിച്ചാണ് അവരുടെ വിഹിതം പിരിക്കുവാൻ എത്തുക. അത്തരം ഒരു സന്ദർഭത്തിൽ കാര്യസ്ഥനെ ചുമട്ടുകാവടികൊണ്ട് പ്രഹരിച്ച ഒരു സ്ത്രീയുടെ കഥയും ഇവിടെ പറഞ്ഞുകേൾക്കുന്നു. അംശമേനോന്റെ മേനിയളവിനെ അക്ഷേപിപ്പിക്കുന്ന ഒരു നാടകം അവതരിപ്പിക്കപ്പെട്ടത് പഴയ കാല കർഷകപ്രവർത്തകനായ കുഞ്ഞി പറമ്പത്ത് കണ്ണൻ ഓർക്കുന്നു. 'മേനോന്റെ മേനി' എന്നായിരുന്നു നാടകത്തിന്റെ പേര്.

1930ലെ മഹാത്മജിയുടെ വടകരസന്ദർശനത്തിന്റെ മുന്നോടിയായി കെ. കേളപ്പൻ ഈ പ്രദേശത്തും വന്നെത്തി. തക്ലി വിതരണം ചെയ്തുകൊണ്ട് ഗാന്ധിപ്രസ്ഥാനത്തിന് അദ്ദേഹം തുടക്കമിട്ടു. സ്വാശ്രയത്തെയും സ്വാഭിമാനത്തെയും അത് വളർത്തിയെടുത്തു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നവരെ നേരിടാൻ മാത്രമായി ബീറ്റ് പോലീസിനെ ഭരണകൂടം ഏർപ്പെടുത്തി. ബീറ്റ് പോലീസിന്റെ നിരന്തരഭീഷണി ഓരോ സ്വാതന്ത്ര്യസമര സേനാനിയും നേരിട്ടു. കഠിനമായ നടപടി ഏല്ക്കേണ്ടിവന്ന ഒരാളായിരുന്നു മേല്പറഞ്ഞ ശ്രീ.കണ്ണൻ. പല കേസുകളിലും പെടുത്തി കണ്ണനെ പ്രസ്ഥാനത്തിൽ നിന്നും പിൻതിരിപ്പിക്കാൻ പോലീസ് ശ്രമിച്ചു. തന്റെ മാതാവിന്റെ മൃതദേഹം പോലുംകാണാൻ കഴിയാതെ പോയത് ദുഃഖപൂർവ്വം കണ്ണൻ ഇന്നും ഓർക്കുന്നു. തല്ലിച്ചതയ്ക്കുമെന്ന ഭയത്താൽ ചിലർക്കെങ്കിലും പ്രസ്ഥാനത്തെ കയ്യൊഴിയേണ്ടതായി വന്നിട്ടുണ്ട്.

അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം എന്നീ ദൗത്യവുമായി മലബാറിൽ മുഴുക്കെ ഏ.കെ.ജി. നടത്തിയ കാൽനടജാഥ ഇവിടെ വന്നെത്തിയത് ഓർക്കുന്നവർ ഇന്നുമുണ്ട്. ഒരു ഹരിജനെ വിളിച്ചുവരുത്തി ഒരു സവർണ്ണ കുടുംബത്തിന്റെ കുളത്തിൽ മുങ്ങിക്കുളിച്ച ് , ഒന്നായി സദ്യയുണ്ടത് അന്നത്തെഒരു പ്രധാന സംഭവമായിരുന്നു. ഇതിൽ പങ്കെടുത്ത ചില കുടുംബങ്ങൾക്ക് അന്ന് സാമൂഹ്യ വിലക്ക് നേരിടേണ്ടി വന്നു. ജന്മിമാരുടെയോ പോലിസിന്റെയോ സാമൂഹ്യബഹിഷ്കരണത്തിന്റെയോ ഭീക്ഷണികൊണ്ട് പ്രസ്ഥാനം തളർന്നില്ല. എന്നുമാത്രമല്ല കൂടുതൽ ഊർജ്ജസ്വലത കൈവരിക്കുകയാണ് ചെയ്തത്. ഘോരവനങ്ങളാൽ ചുറ്റപ്പെട്ട, എത്തിപ്പെടാൻ അതിദുർഘടമായ വഴിതാണ്ടേണ്ടിയിരുന്ന ഒരു മലയുടെ ശിഖരത്തിൽ നമ്മുടെയും കുന്നുമ്മൽ പഞ്ചായത്തിന്റെയും സ്വാതന്ത്ര്യസമരഭടന്മാർ ചേർന്ന് ദിവസങ്ങളോളം കഷ്ടത സഹിച്ച് അന്ന് ദേശീയ പതാകയായി ആദരിച്ചിരുന്ന കോൺഗ്രസ്പതാക ഉയർത്തികെട്ടി. വളരെ അകലത്തിൽ നിന്ന് പോലും അതീവിസ്മൃതമായിരുന്ന ഈ പതാക ദൃഷ്ടിയിൽ പെടുമായിരുന്നത്രെ. പതാക കെട്ടുന്നതിന്ന് നേതൃത്വം കൊടുത്തിരുന്നത് ഒ.കെ. അനന്തൻ വൈദ്യരായിരുന്നു. ഈ കൊടി എടുത്തു മാറ്റാൻ സ്ഥലത്ത് എത്തിപെടാൻ കഴിയാതിരുന്നത് മൂലം പോലീസിന് 6 മാസത്തോളം പ്രയത്നിക്കേണ്ടി വന്നു.

1928ലാണ് പഞ്ചായത്തിന്റെ കിസ്സാൻ സംഘം രൂപീകരിക്കപ്പെട്ടത്. പോതിക്കണ്ടിചോയിവൈദ്യർ, നെല്ലിയുള്ളതിൽ കണ്ണൻ, വളപ്പിൽ അപ്പുട്ടി വൈദ്യർ, ചെറുവത്ത് ചോയി, വി.ടീ. പൊക്കൻ എന്നിവരായിരുന്നു കിസ്സാൻ സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ. കേളുവേട്ടന്റെ നേതൃത്വത്തിൽ സംഘടിച്ച കർഷകർ ജന്മികുടുംബങ്ങളിൽ നിന്ന് മലയോരമേഖലകളിൽ കൃഷിയിറക്കുവാൻ അനുവാദം വാങ്ങി. കൂട്ടായ്മ എന്നതായിരുന്നു അന്നത്തെ കർഷകന്റെ ഏറ്റവും വലിയ ശക്തിയും സമ്പത്തും. ഒറ്റയ്ക്കൊറ്റക്ക് മലയോരത്ത് കൃഷിയിറക്കുവാൻ അന്നാർക്കും കഴിയുമായിരുന്നില്ല. സംഘടിക്കുവാൻ അതുകൊണ്ട് തന്നെ കർഷകർ നിർബന്ധിതരായി. എല്ലാ ദുഃഖങ്ങളും

എല്ലാ സന്തോഷങ്ങളും അവർ തുല്യമായി പങ്കിട്ടു. ജന്മിത്വത്തിന്റെയും ഭരണകൂടത്തിന്റെയും കടന്നാക്രമണത്തെ നേരിടാൻ കർഷകരെ പ്രാപ്തരാക്കിയത് ഈ സംഘടനാ ബോധമായിരുന്നു. നാദാപുരത്ത് മാത്രമെ അന്ന് പോലീസ് സ്റ്റേഷൻ ഉണ്ടായിരുന്നുള്ളു. കർഷക പ്രസ്ഥാനത്തെയും സ്വാതന്ത്ര്യപ്രസ്ഥാനത്തെയും വേർതിരിക്കാനാവാത്ത അക്കാലത്ത് ഈ സ്റ്റേഷൻ നരിപ്പറ്റയിലെ പല പോരാളികളുടെയും രക്തക്കറ ഏറ്റുവാങ്ങി. ദേശീയ തലത്തിൽ കോൺഗ്രസ്സിന്നുള്ളിൽ സോഷ്യലിസ്റ്റ് ആശയത്തിൽ ആകൃഷ്ടരായിട്ടുള്ളവർ പ്രത്യേകം സംഘടിക്കുവാൻ തുടങ്ങിയപ്പോൾ ആ ശ്രമത്തിന് നമ്മുടെ പഞ്ചായത്തിലും വേരോട്ടമുണ്ടായി. തദാനുസാരം 1930കളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഇവിടെയും രൂപീകൃതമായി. പിന്നീട് കോൺഗ്രസിലേക്ക് തിരിച്ചുപോയ എം. കുഞ്ഞിരാമപാലകുറുപ്പായിരുന്നു അതിന് നേതൃത്വം നല്കിയത്. നമ്മുടെ പഞ്ചായത്തിൽ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പ്രമുഖരായിരുന്നു മൺമറഞ്ഞുപോയ ഒരപ്പിൽ പി.കെ. രാമക്കുറുപ്പും എം. കണ്ണൻ മാസ്റ്ററും. രാമക്കുറുപ്പ് അന്ത്യം വരെ കോൺഗ്രസ്സിൽ തുടർന്നു. കണ്ണൻമാസ്റ്ററാവട്ടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്ക് അതിന്റെ ആരംഭം മുതലേ എത്തിപ്പെടുകയും ചെയ്തു.

കോൺഗ്രസ് രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടവർ തന്നെയാണ് കാലാന്തരത്തിൽ ഇവിടെകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും തുടക്കമിട്ടത്. മറ്റെവിടെയും സംഭവിച്ചതും വ്യത്യസ്തമായ അനുഭവമായിരുന്നില്ലല്ലോ. ഇന്ന് ഈ പഞ്ചായത്തിൽ സുശക്തമായിത്തീർന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയത് കർഷക പ്രസ്ഥാനമാണെന്നതിൽ ആർക്കും ഭിന്നാഭിപ്രായമുണ്ടാവുകയില്ല. കർഷക പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, ഇടതുപക്ഷ പ്രസ്ഥാനം എന്നിവയെല്ലാം 1940കളിലാദ്യം വരെ ഒന്നായിത്തന്നെ മുന്നേറി. ഇവയോടൊപ്പം വളർന്നുവന്ന മറ്റൊന്നായിരുന്നു അദ്ധ്യാപക പ്രസ്ഥാനം. സ്വകാര്യ വിദ്യാലയങ്ങളിൽ മാത്രമല്ല ജില്ലാ ബോർഡിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലും (അവ നടത്തിക്കുവാൻ അക്കാലത്ത് മാനേജർമാരെ നിശ്ചയിച്ചിരുന്നു). മാനേജർമാരുടെ ധാർഷ്ട്യം സഹിക്കേണ്ടി വന്നവരായിരുന്നു അദ്ധ്യാപകർ. മാനേജർമാരുടെ അപ്രീതിക്ക് പാത്രമായാൽ അദ്ധ്യാപകരെ പിരിച്ചു വിടുമായിരുന്നു. അത്തരമൊരനുഭവം കുനിയപ്പൊയിലിനു സമീപമുള്ള ഒരദ്ധ്യാപകനായി കടുങ്ങോവാൻ മാസ്റ്റർക്ക് നേരിടേണ്ടി വന്നു. മലാറിലെ അദ്ധ്യാപക പ്രസ്ഥാനത്തിന് കരുത്തുറ്റ നേതൃത്വം കൊടുത്ത സി.സി. നായരും പി.ആർ. നമ്പ്യാരും സ്ഥലത്തെത്തി സമരം സംഘടിപ്പിച്ച് ഈ അദ്ധ്യാപകനെ തിരിച്ചെടുപ്പിച്ചു.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുണ്ട് അവയുടേതായ ചരിത്രം പറയുവാൻ. തിനൂരിലും കൈവേലിയിലുമാണ് 1920നോടടുത്ത്, പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. അതിനുമുമ്പ് സവർണ്ണകുടുംബങ്ങളിൽ ഗുരുകുല വിദ്യാഭ്യാസം നടത്തിപ്പോന്നിരുന്നു; പ്രത്യേകിച്ചും നമ്പൂതിരികുടുംബങ്ങളിൽ. വേദം, ഇതിഹാസം, പുരാണം, കാവ്യം, വ്യാകരണം മുതലായവ അവിടെ അഭ്യസിക്കപ്പെട്ടു. കുറേക്കൂടി താഴെ തട്ടിലേക്ക് അക്ഷരജ്ഞാനം എത്തിച്ചത് അക്കാലത്ത് ഇവിടങ്ങളിൽ സ്ഥാപിക്കപ്പെട്ട എഴുത്തു പള്ളികളായിരുന്നു. അത്തരം എഴുത്തു പള്ളികൾ ഹിന്ദു പ്രമാണിമാരുടെ വസതികളോട് അനുബന്ധമായിട്ടായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരം എഴുത്തുപള്ളികളിലനുഭവപ്പെട്ട ജാതിയടിസ്ഥാനത്തിലുള്ള വേർതിരിവ് തങ്ങളുടെ ആവശ്യാർത്ഥം പ്രത്യേകം പുതിയ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ തിയ്യപ്രമാണിമാരെ നിർബന്ധിതരാക്കി. ഈ എഴുത്തുപള്ളികളാണ് പിന്നീട് വിദ്യാലയങ്ങളായി മാറിയത്. പുതിയ വിദ്യാലയങ്ങൾ അനുവദിച്ചുകിട്ടുവാൻ പ്രയാസമായിക്കണ്ടതുകൊണ്ടാണ് ഇന്ന് അരയാക്കൂലിനു സമീപം നിലനിൽക്കുന്ന ജി.എൽ.പി. സ്ക്കൂൾ അതിന്റെ പൂർവ്വാവസ്ഥയിൽ ജില്ലാബോർഡിന്റെ കീഴിലുള്ള ഗേൾസ് സ്ക്കൂളായി സ്ഥാപിക്കപ്പെടാൻ കാരണം. സാക്ഷരത തദ്വാര കുറെക്കൂടി താഴ്ന്ന വിഭാഗങ്ങളിലേക്ക് ഇറങ്ങിവന്നു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു വന്ന ലഘുലേഖകളും മറ്റു പ്രസീദ്ധീകരണങ്ങളും വായിച്ചറിയുവാൻ ഇത് അവസരമൊരുക്കി. അപൂർവ്വമായി മാത്രം (അതും അന്നത്തെ അഞ്ചൽക്കാരൻ വഴി) ഇവിടെ എത്തിയ പത്രങ്ങൾ പൊതുവായി വായിക്കപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം ഈ പൊതുവായനക്ക് വലിയ പ്രേരണ ചെലുത്തി. യുദ്ധം വിതച്ച കൊടും ക്ഷാമത്തിന്റെ തീച്ചൂളയിൽ കഴിയുന്ന ജനങ്ങൾ അതിനൊരറുതി വരാനുള്ള സാദ്ധ്യത അന്വേഷിക്കുക സ്വാഭാവികമാണ്. അതുകൂടി ഈ താല്പര്യത്തിന് കാരണമായി. പൊതുവായനാശീലം പിന്നീട് വായനശാലകളുടെ രൂപീകരണത്തിന് ഉത്തേജനം നല്കി.

കർഷകപ്രസ്ഥാനം, സ്വാതന്ത്ര്യ സമരം, അദ്ധ്യാപക മുന്നേറ്റം, വായനാശാല പ്രവർത്തനം എന്നീ നാനാതുറകളിലുമുണ്ടായ പൊതു താല്പര്യം ഒരു പൊതു ഉണർവ്വ് സമൂഹത്തിൽ മുഴുക്കെ സൃഷ്ടിച്ചു. ഈ സംയുക്ത മുന്നേറ്റത്തിന്റെ ഭാഗമായി ജനങ്ങളിൽ അവകാശബോധം വളർന്നു വന്നു. കർഷക സമരം മറ്റെവിടെയും പോലെ നമ്മുടെ പഞ്ചായത്തിലും ശക്തിയാർജ്ജിച്ചു. പാട്ടബാക്കിക്കുവേണ്ടി ഭൂമി ഒഴിപ്പിക്കപ്പെട്ട പല അനുഭവങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. 1950കളിലെ രാജാജി മന്ത്രിസഭയുടെ തീരുമാനം ഇവിടുത്തെ പൊളിച്ചു ചാർത്തു സമ്പ്രദായം എടുത്തുമാറ്റുകയും പാട്ടബാക്കി എഴുതിതള്ളുകയും ചെയ്തതോടെ കർഷകൻ സാമ്പത്തികമായി മുന്നേറാൻ തുടങ്ങി. ഇതോടെ പഞ്ചായത്ത് വലിയൊരു കാർഷികാഭിവൃദ്ധിക്ക് പാത്രീഭൂതമായി. സ്വതന്ത്രവായു അന്നു തൊട്ട് കൃഷിക്കാർ ശ്വസിക്കുവാൻ തുടങ്ങി. അന്നോളം കർഷകനും കർഷകതൊഴിലാളിക്കും ഒരൊറ്റ താല്പര്യമേ ഉണ്ടായിരുന്നുള്ളു. അവകാശബോധം പിന്നീട് വളർന്നു വളരേണ്ടിയിരുന്നത് കാർഷിക തൊഴിലാളി മേഖലയിലായിരുന്നു. മൃതദേഹം മറവുചെയ്യാൻ പോലും സ്ഥലമുടമയുടെ അനുവാദം തേടേണ്ടിയിരുന്ന സ്വന്തം ഭൂമിയില്ലാത്ത കാർഷികതൊഴിലാളികൾക്ക് 1970 ഓടെ

കുടികിടപ്പവകാശം സിദ്ധിച്ചു. അതോടെ അവന്റെ സാമൂഹ്യമായ അടിമത്തത്തിന് ഒരറുതി വരാൻ അവസരം കിട്ടി. അവന്റെ അവകാശബോധവും തദാനുസാരം വളർന്നു വന്നു. കൂലികൂടുതലിനും ജോലിഭാരം കുറയ്ക്കുന്നതിനും വേണ്ടി അവൻ സംഘടിക്കുവാൻ തുടങ്ങുകയും ചെയ്തു. ഇന്ന് ഈ വിഭാഗത്തിനും വലിയ ഉയർച്ച ഈ പഞ്ചായത്തിൽ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് എല്ലാവർക്കുമറിയാം.

സാംസ്കാരികപ്രവർത്തനത്തിനും ഈ കാലത്ത് മുന്നേറ്റമുണ്ടായി. തോറ്റംപാട്ട്, വടക്കൻപാട്ട്, പൂരക്കളി, കോൽക്കളി എന്നിവ സാധാരണ ജനതയുടെ സാംസ്കാരിക പാരമ്പര്യമായിരുന്നു. കഥകളി, ചാക്യാർകൂത്ത്, ഓട്ടംതുള്ളൽ എന്നീ കുറെക്കൂടി ഉയർന്ന കലാപ്രവർത്തനങ്ങൾ അക്കാലത്ത് സവർണ്ണ കുടുംബങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. പുരാണകഥളുടെ നാടകരൂപങ്ങൾ സാധാരണക്കാർക്ക് എത്തിപ്പെടാൻ കഴിയുന്ന വിതാനത്തിലേക്കെത്തിക്കാൻ ജീവകാലം മുഴുവൻ പ്രവർത്തിച്ച ഒരാളായിരുന്നു അന്തരിച്ച രാമൻ നമ്പ്യാർ ആശാൻ. നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ അദ്ദേഹത്തിനുമുണ്ട് ഒരു സ്ഥാനം. ഉത്സവങ്ങൾക്കും മറ്റും വേഷം കെട്ടുകയും ഓണപ്പൊട്ടൻ, കാലൻ, വേടൻ എന്നീ വേഷങ്ങളിൽ വർഷം തോറും ഗൃഹസന്ദർശനം നടത്തുകയും ചെയ്യുന്ന പാണന്മാരുടെ സംഭാവനയും ഇവിടെ മറക്കുന്നില്ല. പക്ഷേ ഇവയൊക്കെ പാരമ്പര്യത്തിന്റെ മാത്രം സംഭാവനയാണ്. പഞ്ചായത്തിലെ ആദ്യകലാസമിതി നിലവിൽ വന്നത്. 1963ൽ കേരളത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് നടന്ന തെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഇവിടെ എ.പി. കുഞ്ഞിക്കണ്ണൻ തന്നെ പ്രസിഡണ്ടായിത്തീർന്നു. വമ്പിച്ച വികസന പ്രവർത്തനങ്ങൾ ഇക്കാലത്ത് നടന്നിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾ വൈദ്യുതീകൃതമാവുന്നതിന് മുമ്പ് 1958ൽ തന്നെ നമ്മുടെ പഞ്ചായത്ത് വൈദ്യുതീകരിക്കപ്പെട്ടു. ആദ്യത്തെ പൊതുജനാരോഗ്യ സ്ഥാപനമായ ഗവൺമെൻറ് ഡിസ്പെൻസറി സ്ഥാപിക്കപ്പെട്ടതും ഇക്കാലത്താണ്. കക്കട്ടം-കൈവേലി റോഡിലെ നിരവധി പാലങ്ങളും അക്കാലത്ത് പൂർത്തീകരിക്കപ്പെട്ടവയാണ്. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ അധികാരമേറ്റെടുത്തത് ശ്രീ. എ.കെ. കണ്ണന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയായിരുന്നു. 1988ലും ശ്രീ. കണ്ണൻ തന്നെയാണ് പ്രസിഡണ്ടായി വന്നത്. വലിയൊരു കുതിച്ചു ചാട്ടമാണ് അദ്ദേഹത്തിന്റെ കാലത്ത് വികസന രംഗത്ത് നരിപ്പറ്റ ആർജ്ജിച്ചത്. അതൊക്കെ ഇവിടെ എടുത്തു പറയുന്നില്ല. കുറെ പ്രധാന കാര്യങ്ങൾ മാത്രം പട്ടികപ്പെടുത്തുന്നു. പട്ടിക അടുത്ത പേജിൽ .

ജനകീയ സഹകരണത്തിലും പങ്കാളിത്തത്തിലും മറ്റൊരു പഞ്ചായത്തിനും എഴുത്തുകാണിക്കാൻ കഴിയാത്ത ഒരു റിക്കാർഡ് ഇക്കാലത്തെ പ്രവർത്തനത്തിൽ അഭിമാനപൂർവ്വം അവതരിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയും. ആയിരക്കണക്കിന് നാട്ടുകാരെ പങ്കെടുപ്പിച്ച നിരവധി വികസനാനുഭവങ്ങൾ ഞങ്ങളെ ഇന്നും ഉത്തേജിപ്പിക്കുന്നു. കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ ശ്രീ. വി.പി. ഗോപാലൻ പ്രസിഡൻറായും ശ്രീമതി. ഏലിയാമ്മ വർക്കി വൈസ് പ്രസിഡൻറായും ശ്രീ. കെ. സി. നാണു സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനുമായി ഒരു ഭരണസമിതി നിലവിൽ വന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി, ജാതിമത പരിഗണനയില്ലാത്ത ഒരു വലിയ ജനകീയ സഹകരണം നമ്മുടെ ജനകീയസൂത്രണ പ്രക്രിയയിൽ പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ എല്ലാ സ്ത്രീ പുരുഷന്മാരെയും കുട്ടികളെയും ഞങ്ങൾ വിനയപൂർവ്വം ഇതിനായി ആഹ്വാനം ചെയ്തുകൊള്ളട്ടെ.

നമ്മുടെ ഗ്രാമം പഞ്ചായത്തായി രൂപീകൃതമാകുന്നത് 1955ലാണ്. സമീപ പ്രദേശമൊന്നും അന്ന് പഞ്ചായത്തായി മാറിയിരുന്നില്ല. പഞ്ചായത്തിലേക്ക് ആദ്യതെരഞ്ഞെടുപ്പ് നടന്നത് കൈപൊക്കി വോട്ടുരേഖപ്പെടുത്തികൊണ്ടാണ്. പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരും നേരിട്ട് വോട്ടുരേഖപ്പെടുത്തിയാണ് പ്രസിഡൻറിനെ അന്ന് തെരെഞ്ഞെടുത്തിരുന്നത്. ശ്രീ. എ.പി. കുഞ്ഞിക്കണ്ണൻ ആണ് നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ പ്രസിഡൻറായി വന്നത്. 1963ൽ കേരളത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് നടന്ന തെരെഞ്ഞെടുപ്പിന്റെ ഭാഗമായി ഇവിടെ എ.പി. കുഞ്ഞിക്കണ്ണൻ തന്നെ പ്രസിഡണ്ടായിത്തീർന്നു. വമ്പിച്ച വികസന പ്രവർത്തനങ്ങൾ ഇക്കാലത്ത് നടന്നിട്ടുണ്ട്. സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകൾ വൈദ്യുതീകൃതമാവുന്നതിന് മുമ്പ് 1958ൽ തന്നെ നമ്മുടെ പഞ്ചായത്ത് വൈദ്യുതീകരിക്കപ്പെട്ടു. ആദ്യത്തെ പൊതുജനാരോഗ്യ സ്ഥാപനമായ ഗവൺമെൻറ് ഡിസ്പെൻസറി സ്ഥാപിക്കപ്പെട്ടതും ഇക്കാലത്താണ്. കക്കട്ടം-കൈവേലി റോഡിലെ നിരവധി പാലങ്ങളും അക്കാലത്ത് പൂർത്തീകരിക്കപ്പെട്ടവയാണ്. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ അധികാരമേറ്റെടുത്തത് ശ്രീ. എ.കെ. കണ്ണന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയായിരുന്നു. 1988ലും ശ്രീ. കണ്ണൻ തന്നെയാണ് പ്രസിഡണ്ടായി വന്നത്. വലിയൊരു കുതിച്ചു ചാട്ടമാണ് അദ്ദേഹത്തിന്റെ കാലത്ത് വികസന രംഗത്ത് നരിപ്പറ്റ ആർജ്ജിച്ചത്. അതൊക്കെ ഇവിടെ എടുത്തു പറയുന്നില്ല. കുറെ പ്രധാന കാര്യങ്ങൾ മാത്രം പട്ടികപ്പെടുത്തുന്നു. പട്ടിക അടുത്ത പേജിൽ .

ജനകീയ സഹകരണത്തിലും പങ്കാളിത്തത്തിലും മറ്റൊരു പഞ്ചായത്തിനും എഴുത്തുകാണിക്കാൻ കഴിയാത്ത ഒരു റിക്കാർഡ് ഇക്കാലത്തെ പ്രവർത്തനത്തിൽ അഭിമാനപൂർവ്വം അവതരിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയും. ആയിരക്കണക്കിന് നാട്ടുകാരെ പങ്കെടുപ്പിച്ച നിരവധി വികസനാനുഭവങ്ങൾ ഞങ്ങളെ ഇന്നും ഉത്തേജിപ്പിക്കുന്നു. കഴിഞ്ഞ തെരെഞ്ഞെടുപ്പിൽ ശ്രീ. വി.പി. ഗോപാലൻ പ്രസിഡൻറായും ശ്രീമതി. ഏലിയാമ്മ വർക്കി വൈസ് പ്രസിഡൻറായും ശ്രീ. കെ. സി. നാണു സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനുമായി ഒരു ഭരണസമിതി നിലവിൽ വന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി, ജാതിമത പരിഗണനയില്ലാത്ത ഒരു വലിയ ജനകീയ സഹകരണം നമ്മുടെ ജനകീയസൂത്രണ പ്രക്രിയയിൽ പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പഞ്ചായത്തിലെ എല്ലാ സ്ത്രീ പുരുഷന്മാരെയും കുട്ടികളെയും ഞങ്ങൾ വിനയപൂർവ്വം ഇതിനായി ആഹ്വാനം ചെയ്തുകൊള്ളട്ടെ.

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
നരിപ്പറ്റ കൊയ്യാൽ-നമ്പ്യത്താം കുണ്ട് റോഡ് ടാർ പ്രവൃത്തി 800 മീറ്റർ മെറ്റലിംഗ്		4 ലക്ഷം	–	1 ലക്ഷം	5 ലക്ഷം
കൈവേലി-ആനക്കുഴി റോഡ് (ടാറിംഗ്)		4 ലക്ഷം		150,000	4,50,000
ആനക്കുഴി-മുള്ളമ്പത്ത് റോഡ് (ടാറിംഗ്)	83,000	–	–	–	83,000
മുള്ളമ്പത്ത്-ചെറുവണ്ടി റോഡ് (ടാറിംഗ്)	45,000	–	–	–	45,000
മീത്തവയൽ-ചളിയിൽ റോഡ് (ടാറിംഗ്)	–	1,50,000	–	–	1,50,000
ട്രാൻസ്ഫോർമർ മുക്ക്-നമ്പ്യത്താം കുണ്ട് - മുള്ളമ്പത്ത് റോഡ് എളയടത്ത് കുനിപ്പീടിക വരെ (സോളിഗും മെറ്റലിംഗും പ്രവൃത്തി)	1,10,000	–	–	–	1,10,000
യോഗ്യാർകുണ്ട്-വണ്ണാത്തിപൊയിൽ റോഡ് വികസനം	83,000.	–	–	30,000	1,13,000
തായങ്കണ്ടി-കൈതപായിൽ റോഡ് വികസനം (സോളിംഗ്)	1,40,000	–	–	25,000	1,65,000
മുള്ളമ്പത്ത്-കുമ്പളച്ചോല റോഡ് (ടാറിംഗ്)	–	8 ലക്ഷം	–	–	8 ലക്ഷം
കൈവേലി അങ്ങാടിയുടെ സമഗ്ര വികസനം (പാലം പുനർനിർമ്മാണം, സൈഡ് ഡ്രെയിൻ നിർമ്മാണം)	–	2,30,000	–	–	2,30,000
വായാട് കുറുച്യക്കോളനി (22 വീട്ടുകാർക്ക് കക്കൂസ് നിർമ്മാണം)	26,400	–	–	10,000	36,400
വായാട് കുറിച്യക്കോളനിയിൽ കുടിവെള്ളത്തിന് കിണർനിർമ്മാണം	15,000	–	–	–	15,000
വായാട് കുറിച്യക്കോളനി റോഡ് വികസനം	12,00	–	–	–	12,000
വായാട് കുറിച്യക്കോളനിയിൽ വിലങ്ങാട് പുഴയ്ക്ക് പാലം നിർമ്മാണം	–	2 ലക്ഷം	–	20,000	2,20,000

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
വായാട് കുറിച്യക്കോളനിയിൽ ശുദ്ധ ജലവിതരണ പദ്ധതി, വൈദ്യുതികരണ പ്രവൃത്തി	-	18 ലക്ഷം	–	–	18 ലക്ഷം
വായാട് പശ്ചിമഘട്ടവികസന പദ്ധതിയിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കിയത്	-	35 ലക്ഷം	–	–	35 ലക്ഷം
വായാട് കുറിച്യക്കോളനിയിൽ റോഡിൽ പാലം നിർമ്മാണം, റോഡ് വികസനം	30,000	–	–	–	30,000
വായാട് ബാലവാടി മഹിളാസമാജത്തിന് ബ്ലോക്ക് മുഖേന കളിക്കോപ്പ് നല്കിയത്	–	12,000	–	–	12,000
വിലങ്ങാട് സെൻറ് ജോർജ്ജ് ഹൈസ്ക്കൂളിന് അടുത്ത് വിലങ്ങാട് പുഴയ്ക്ക് കമ്പിപ്പാലം നിർമ്മാണം	–	50,000	–	–	50,000
വിലങ്ങാട് - വില്ലേജ് ഓഫീസ് റോഡിൽ പുഴയ്ക്ക് പാലനിർമ്മാണം	–	75,000	1,50,000	25,000	2,50,000
കുമ്പളച്ചോല-ഉരുട്ടിറോഡ് വികസനം	–	1 ലക്ഷം	–	–	1 ലക്ഷം
പടിഞ്ഞാറെകുന്ന്, കൊയ്യാൽ കുന്ന്, കൈതക്കണ്ടി മീത്തൽ, കുയിതേരികുന്ന്,മിനിവാട്ടർ സപ്ലൈ സ്കീം നടപ്പാക്കൽ നല്കിയെങ്കിലും പദ്ധതി നടപ്പിലായില്ല)		സർക്കാർ അനുവദിച്ചത് 3ലക്ഷം പകുതി പൊതുജനങ്ങളുടെ സംഭാവന			പൊതു ജനങ്ങൾ സംഭാവന നല്കിയെങ്കിലും പദ്ധതി വിജയിച്ചില്ല
കക്കട്ടിൽ-കൈവേലി റോഡ് വികസനം(8 മീറ്റർ വീതിയാക്കി ഒരു ദിവസം കൊണ്ട് 2000 ആളുകളെ പങ്കെടുപ്പിച്ചു)	–	10 ലക്ഷം	–	2 ലക്ഷം	12 ലക്ഷം
മുള്ളമ്പത്ത്-ചെറുകണ്ടി- പള്ളിയറ റോഡ്	1,50,000	–	–	–	1,50,000
മാളൂക്ക് പള്ളി റോഡ്, കമ്മായിതരിപ്പറോഡ്	–	–	–	മടപ്പള്ളികോളേജ് N.S.S. വിദ്യാർത്ഥികൾ	
കുളങ്ങരത്ത്-നമ്പ്യത്താംകുണ്ട്-മുള്ളമ്പത്ത് റോഡ് ഒന്നാംഘട്ടം ടാറിംഗ് പ്രവർത്തി	–	45 ലക്ഷം	–	–	45 ലക്ഷം

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
കുഴൽക്കിണർ (കുമ്പളച്ചോല, പയ്യേക്കണ്ടി, കൈവേലി)	–	50,000	–	–	50,000
ചമ്പിലോറകുന്ന് മിനിവാട്ടർ സപ്ലൈ സ്കീം	–	1,75,000	–	–	1,75,000
കൈവേലി ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് സെൻറർ (സ്ഥലമടക്കം)	–	10,70,000	–	–	10,70,000
നെഴ്സറി സ്ക്കൂൾ സൈറ്റ്, താവുള്ള കൊല്ലി (29.25 സെൻറ് സ്ഥലം)	20,575	–	–	–	20,575
സാംസ്കാരിക നിലയം സൈറ്റ്, താവുള്ള കൊല്ലി (18.50 സെൻറ് സ്ഥലം)	18,500	–	–	–	18,500
മിനിസ്റ്റേഡിയം സൈറ്റ്, കൈവേലി (91 സെൻറ് സ്ഥലം) ഗ്രന്ഥശാല സാംസ്കാരിക നിലയം സൈറ്റ്, കൈവേലി (10സെൻറ്)	2,52,500	–	–	–	2,52,5000
കൈവേലി അങ്ങാടി ടാക്സി സ്റ്റാൻഡ് (7സെൻറ് സ്ഥലം)	40,000	–	–	–	40,000
കുമ്പളച്ചേ ാല കുടുംബക്ഷേമ കേന്ദ്രം(6 സെൻറ് സ്ഥലം)	–	–	6,000	–	6,000
താവുള്ളകൊല്ലിയിൽ പട്ടികജാതി വികസനവകുപ്പ് പത്ത് പേർക്ക് വീടുണ്ടാക്കിക്കൊടുക്കാൻ 50 സെൻറ് സ്ഥലം	–	45,000	–	–	45,000
വീടില്ലാത്തവർക്ക് വീടുവെയ്ക്കാൻ 4 സെൻറ് സ്ഥലം വീതം നല്കാൻ 9 ഏക്കർ 29 സെൻറ് സ്ഥലം	–	10,22,600	–	–	10,22,600
നരിപ്പറ്റ പ്രൈമറി ഹെൽത്ത് സെൻറർ (53.31 സെൻറ് സ്ഥലം)		നാളികേരം നാടകം ബാദ്ധ്യത	കളക്ഷൻ വക 20090.92	45,959.98 73,250.00	1,43,176.90
താവുള്ള കൊല്ലിയിൽ എൽ.പി. സ്ക്കൂൾ നിർമ്മിക്കാൻ 1 ഏക്കർ സ്ഥലം	–	–	50,000	–	50,000

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
കുഴൽക്കിണർ (കുമ്പളച്ചോല, പയ്യേക്കണ്ടി, കൈവേലി)	–	50,000	–	–	50,000
ചമ്പിലോറകുന്ന് മിനിവാട്ടർ സപ്ലൈ സ്കീം	–	1,75,000	–	–	1,75,000
കൈവേലി ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് സെൻറർ (സ്ഥലമടക്കം)	–	10,70,000	–	–	10,70,000
നെഴ്സറി സ്ക്കൂൾ സൈറ്റ്, താവുള്ള കൊല്ലി (29.25 സെൻറ് സ്ഥലം)	20,575	–	–	–	20,575
സാംസ്കാരിക നിലയം സൈറ്റ്, താവുള്ള കൊല്ലി (18.50 സെൻറ് സ്ഥലം)	18,500	–	–	–	18,500
മിനിസ്റ്റേഡിയം സൈറ്റ്, കൈവേലി(91സെൻറ് സ്ഥലം) ഗ്രന്ഥശാല സാംസ്കാരിക നിലയം സൈറ്റ്, കൈവേലി (10സെൻറ്)	2,52,500	–	–	–	2,52,5000
കൈവേലി അങ്ങാടി ടാക്സി സ്റ്റാൻഡ് (7സെൻറ് സ്ഥലം)	40,000	–	–	–	40,000
കുമ്പളച്ചോല കുടുംബക്ഷേമ കേന്ദ്രം (6 സെൻറ് സ്ഥലം)	–	–	6,000	–	6,000
താവുള്ളകൊല്ലിയിൽ പട്ടികജാതി വികസനവകുപ്പ് പത്ത് പേർക്ക് വീടുണ്ടാക്കിക്കൊടുക്കാൻ 50 സെൻറ് സ്ഥലം	–	45,000	–	–	45,000
വീടില്ലാത്തവർക്ക് വീടുവെയ്ക്കാൻ 4സെൻറ് സ്ഥലം വീതം നല്കാൻ 9 ഏക്കർ 29 സെൻറ് സ്ഥലം	–	10,22,600	–	–	10,22,600
നരിപ്പറ്റ പ്രൈമറി ഹെൽത്ത് സെൻറർ (53.31 സെൻറ് സ്ഥലം)		നാളികേരം നാടകം ബാദ്ധ്യത	കളക്ഷൻ വക 20090.92	45,959.98 73,250.00	1,43,176.90
താവുള്ള കൊല്ലിയിൽ എൽ.പി. സ്ക്കൂൾ നിർമ്മിക്കാൻ 1 ഏക്കർ സ്ഥലം	–	–	50,000	–	50,000

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
പൊയിൽ പീടിക കല്ല് പുനിര റോഡ് സോളിംഗ്	75,000	–	–	–	75,000
യോഗ്യാർകുന്ന്-താവുള്ളകൊല്ലി റോഡ് ടാറിംഗ്	–	3,75,000	–	–	3,75,000
യോഗ്യാർകുണ്ട് - വണ്ണാത്തി പ്പൊയിൽ റോഡ് ടാറിംഗ്	3 ലക്ഷം	–	–	–	3 ലക്ഷം
താവുള്ള കൊല്ലി റോഡ്	1 ലക്ഷം	–	–	–	1ലക്ഷം
ഒരപ്പിൽ മുക്ക് - ചീയ്യൂർ റോഡ് വികസനം	50,000	–	–	–	50,000
ഒരപ്പിൽ മുക്ക് - ചീയ്യൂർ റോഡ് പാലനിർമ്മാണം	–	1 ലക്ഷം	–	–	1ലക്ഷം
ട്രാൻസ്ഫോമർ മുക്ക് - തിനൂർ റോഡ് (ടാറിംഗ്)	–	3,50,000	–	–	3,50,000
കമ്മായി-വള്ളൂക്ക് റോഡ് വികസനം	45,000	–	–	–	45,000
കല്ലംകോട് - മാലിക്കണ്ടി റോഡ് വികസനം	35,000	–	–	–	35,000
വായാട് കുറിച്ചിക്കോളനി റോഡ് വികസനം	40,000	–	–	–	40,000
കൈവേലി മിനിസ്റ്റേഡിയം നിർമ്മാണ പ്രവർത്തി	1,72,000	–	–	–	1,72,000
ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് സെൻറർകോമ്പൗണ്ട് വാൾ നിർമ്മാണം	1 ലക്ഷം	–	–	–	1ലക്ഷം
കാട്ടാളിത്താഴവയലിൽ മൂന്ന് ഓവുപാലം നിർമ്മാണം	30,000	–	–	–	30,000
നരിപ്പറ്റ ആശുപത്രി വികസനം (കോമ്പൗണ്ടിൽ പമ്പ് ഹൗസ്, കിണർ നിർമ്മാണം)	–	25,000	–	–	25,000
നരിപ്പറ്റ കൃഷിഭവൻ മുഖേന 1987 മുതൽ 1991 വരെ 3575 പേർക്ക് ആനുകൂല്യം ലഭിച്ചത് (85 കിണറുകൾ നിർമ്മിച്ചു)	–	2,34,083	–	–	2,34,083

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗുവ:	പിരിവ്	കായികാദ്ധ്വാനം	
3 പേർക്ക് വീട് നിർമാണം കുടീർ ജ്യോതി പദ്ധതി പ്രകാരം 21 പേർ സൗജന്യമായി വൈദ്യുതി	21,600	–	–	–	21,600
കോമൺമൂല തോടിന്റെ പാലം നിർമാണം	47,000	–	–	–	47,000
യോഗ്യാർകുണ്ട് - വണ്ണാത്തിപ്പൊയിൽ റോഡ് സൈഡ് ഡ്രെയിൻ നിർമ്മാണം	40,000	–	–	–	40,000
യോഗ്യാർകുണ്ട് - വണ്ണാത്തിപ്പൊയിൽ റോഡ് പുനർനിർമ്മാണം	67,278	–	–	–	67,278
3 വീടുകൾ നിർമ്മാണം	21,600	–	–	–	21,600
താവുള്ള കൊല്ലി - എടോനിറോഡ് വികസനം	30,000	–	–	70,000	1 ലക്ഷം
വെറ്റിനറി സബ് സെൻറർ സ്ഥാപിച്ചു ഗവ: ആയൂർവ്വേദ ഡിസ് പെൻസറി സ്ഥാപിച്ചു					
പയ്യേക്കണ്ടി ലക്ഷം വീട് പുനർ നിർമ്മാണം	–	15,00	–	–	15,000
കോളിയാട്ട് പൊയിൽ ലക്ഷം വീട് കിണർ നിർമ്മാണം	–	13,000	–	–	13,000
കോളിയോട്ട് പോയിൽ പൊതു കിണർ നിർമാണം	–	5,800	–	–	5,800
ഇളം പറമ്പ് കിണർനിർമാണം	–	13,500	–	–	13,500
പൂതം പാതി കിണർ നിർമാണം	–	10,000	–	–	10,000
ഉള്ളിയുറ ലക്ഷം വീട് നിർമ്മാണം	–	15,000	–	–	15,000
കോറോത്ത് കുന്ന് കിണർ നിർമ്മാണം	–	12,000	–	–	12,000
കുമുള്ളിന്മേൽ 4 സെൻറ് കോളനി കിണർ നിർമാണം	–	13,000	–	–	13,000
അരീക്കര കിണർ നിർമാണം	–	5,000	–	–	5,000

പദ്ധതി	പഞ്ചായത്ത് /ഗവ: ചിലവാക്കിയത്		ജനപങ്കാളിത്തം		ആകെ
	പഞ്ചായത്ത്	ഗവ:	പിരിവ്	കായികാദ്ധ്വാനം	
താവുള്ള കൊല്ലി - എടോനി റോഡ് പാലം നിർമാണം	14,475	–	–	–	14,475
നരിപ്പ വെറ്റിനറി സെൻർ ഫർണ്ണിച്ച ർ വാങ്ങിയത്	1,000	–	–	–	1,000
കുളങ്ങരത്ത് - നമ്പ്യത്താം കുണ്ട് - കുമ്പളത്തോല - വാളൂക്ക് - വിലങ്ങാട് റോഡ്, മൂന്നാം കൈവേലി - കരിങ്ങാട് റോഡ്, പാതിപ്പറ്റ, വണ്ണാത്തിപ്പൊയിൽ റോഡ് എന്നിവ പി.ഡബ്ല്യൂ ഡി-യൊക്കെണ്ട് ഏറ്റെടുപ്പിക്കാൻ കഴിഞ്ഞു. നരിപ്പറ്റ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിന് സമഗ്രപദ്ധതി നടപ്പാക്കാനുള്ള പ്രാരംഭപ്രവർത്തനത്തിന് തുടക്കം കുറിച്ചു. തിനൂര് വില്ലേജ് - മടപ്പള്ളിത്താഴം ശുദ്ധജല വിതരണത്തിനുള്ള പ്രാരംഭ പ്രവർത്തനത്തിനുള്ള തുടക്കം കുറിച്ചു.					
കൈവേലിയിൽ പഞ്ചായത്ത് ഓഫീസ് നിർമ്മിച്ചു	5 ലക്ഷം	–	–	–	5 ലക്ഷം
മൂന്ന് സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക്, ടി.വി. സെറ്റ് വാങ്ങിക്കൊടുത്തു	60,000	–	–	–	60,000
പതിമൂന്ന് വായനശാലക്ക് പത്രവിതരണം പ്രതിമാസം	8,000	–	–	–	8,000 പ്രതിമാസം
വിവിധ റോഡുകളുടെ റിപ്പയർ പ്രവർത്തിയും സംരക്ഷണവും	60084	–	–	–	60084
കൈവേലി അങ്ങാടിയിൽ മത്സ്യ മാർക്കറ്റ്, പച്ചക്കറി മാർക്കറ്റ്, ഷോപ്പിംഗ് സെൻറർ, മൂത്രപ്പുര, കക്കൂസ്, ലോഡ്ജ്, കോൺഫറൻസ് ഹാൾ എന്നിവ നിർമ്മിക്കാൻ 50 സെൻറ് സ്ഥലം അകയർ ചെയ്യാൻ നടപടികളാരംഭിച്ചു.					

അദ്ധ്യായം ഒന്ന്

കൃഷിയും ജലസേചനവും

ഏതാണ്ട് ഏഴായിരത്തോളം കുടുംബങ്ങളുള്ള നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ വിരലിലെണ്ണാവുന്നവരൊഴിച്ച് ബാക്കിയെല്ലാം കാർഷികവൃത്തിയുമായി നേരിട്ട് ബന്ധപ്പെട്ടു കൊണ്ടാണ് ഉപജീവനം കണ്ടെത്തുന്നത്. വികസന റിപ്പോർട്ടിൽ അതു കൊണ്ടു തന്നെ ഏറ്റവും പ്രധാനപ്പെട്ടത് ഈ അധ്യായമാണ്. ഇവിടത്തെ ഭൂവുടമ സമ്പ്രദായം. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽ കാർഷിക കുടുംബങ്ങളിൽ ഉളവാക്കിയ പരിവർത്തനം കണക്കിലെടുത്ത് വേണം കാർഷിക വൃത്തിയെ വിലയിരുത്താൻ. കടത്തനാടു രാജാവിന്റെ ജന്മാവകാശത്തിൽപ്പെട്ടവയായിരുന്നു ഈ നൂറ്റാണ്ടിന്റെ ആദ്യദശകം വരെ ഇവിടുത്തെ മുഴുവൻ ഭൂവിഭാഗങ്ങളും. നികുതി ബാക്കിക്ക് റവന്യൂ അധികാരികൾ രാജവംശത്തിന്റെ ഭൂമി വില്ക്കുവാനൊരുമ്പെട്ടപ്പോൾ ഈ പഞ്ചായത്തിലെ മലവാരത്തിന്റെ സിംഹഭാഗവും കുറ്റ്യാടിയിലെ മുക്കത്തു കുടുംബം നികുതി ബാക്കിയടച്ച് കൈവശപ്പെടുത്തി. മലവാരത്തിന്റെ കുറെ ഭാഗം കുറ്റിപ്പുറം കോവിലകത്തു നിന്ന് പുറമേരി കുറുപ്പന്മാരും ജന്മം വാങ്ങി ഉടമസ്ഥാവകാശം ഉറപ്പിച്ചു. പക്ഷെ സമതലങ്ങൾ മുഴുക്കെ കുറ്റിപ്പുറം കോവിലകത്തിന്റെ ജന്മാവകാശത്തിൽ തന്നെ തുടർന്നും നിലനിന്നു. പരമ്പരയായി ഈ സമതലങ്ങളിൽ കൃഷി ചെയയ്തു പോന്ന സമ്പന്ന കുടുംബങ്ങൾ തന്നെ ജന്മിക്കു വർഷാന്തം ഒടുക്കേണ്ട പാട്ടം പുറപ്പാട് എന്നിവ പണമായും ചമയങ്ങളായും പുതുക്കിച്ച് കൃഷി നടത്തിപ്പോന്നു. ഇങ്ങനെ വർഷം തോറും അടക്കേണ്ടിയിരുന്ന പാട്ടം പുറപ്പാട് സമയാസമയങ്ങളിൽ എത്തിക്കാൻ കഴിയാത്ത ചില കുടുംബങ്ങളുടെ സ്വത്തുവഹകൾ അന്യാധീനപ്പെട്ടു പോയിട്ടുണ്ട്. മലയോരത്തെ കുന്നിൻ പ്രദേശങ്ങളോരോന്നും ചില കുടുംബങ്ങൾ അവരുടെ ബന്ധുക്കൾക്കും ആശ്രിതന്മാർക്കുമായി പങ്കിട്ടു കൃഷി ചെയ്തു പോന്നു. അതു കൊണ്ടു തന്നെ ഇന്നു പരിശോധിച്ചാലും ഓരോ കുന്നിൻ പ്രദേശ ഭൂമികളും തലമുറകളായി ഓരോ വിഭാഗം കുടുംബങ്ങളുടെ കൈവശത്തിൽ തന്നെ തുടരുന്നതായി കണ്ടെത്താൻ കഴിയും. ഈ അടുത്ത കാലത്ത് ഇതിനും ചില വ്യതിയാനങ്ങൾ സംഭവിച്ചു കാണുന്നുണ്ട്. ചാർത്തി വാങ്ങിയ ഭൂമികളിൽ ചിലവ തങ്ങളുടെ അധ്വാനഫലമായി നട്ടു വളർത്തി വിളവെടുപ്പിനു പാകമായി വരുമ്പോൾ കൃഷിക്കാർക്ക് നഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. ജന്മിമാർ അപ്രകാരം ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ കഥകൾ ഇവിടുത്തെ കൃഷിക്കാർക്ക് അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുവാനുണ്ട്. കൃഷി മുഖ്യമായും മലയോരങ്ങളിൽ വ്യാപകമായി ആരംഭിച്ചത് ഈ നൂറ്റാണ്ടിന്റെ മുന്നാം ദശകത്തിലാണ്. ഇതിന് ഒരു പ്രത്യേക സംഭവമാണ് പ്രേരകമായത്. ഇവിടുത്തെ കൃഷിക്കാർ കിസാൻ സംഘത്തിന്റെ നേതൃത്വത്തിൽ മുക്കത്ത് ചെന്ന് തങ്ങൾക്ക് കൃഷി ചെയ്യാനാവശ്യമായ ഭൂമി പാട്ടത്തിന് വിട്ടുതരണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മലവാരങ്ങൾ ഓരോ കർഷക കുടുംബത്തിനും അവരോരുത്തരുടെ ബന്ധുക്കൾക്കും ആശ്രിതന്മാർക്കുമായി കൃഷി നടത്തുന്നതിന് വിട്ടു കിട്ടിയത്.

അടുത്തതായി ഇവിടുത്തെ കൃഷി സമ്പ്രദായത്തെപ്പറ്റി പരിശോധിക്കാം. സമതല ഭൂമികളിൽ പാതിയിലേറെ ഈ നൂറ്റാണ്ടിന്റെ തുടക്കം വരെ നെൽ വയലുകളായിരുന്നു. ഇന്നിവിടെ നെൽവയലുകൾ പേരിന്ന് പോലും അവശേഷിക്കുന്നില്ല.

ജന്മിത്വത്തിന്റെ നാനാതരത്തിലുള്ള പീഡനങ്ങൾ ഏറ്റു വാങ്ങിക്കൊണ്ടാണ് അന്നത്തെ സാധാരണ ജനങ്ങൾ കഴിഞ്ഞു വന്നത്. ഇതിനൊരറുതിവന്നത് 1957 ൽ ഭൂപരിഷക്കരണത്തിനു തുടക്കം കുറിച്ചതോടെയാണ്.

പട്ടിക - 1

ഭൂപ്രകൃതി

നമ്പർ	ഭൂപ്രകൃതി	വിസ്തൃതി ഏക്കർ	ശതമാനം
1	വലിയ കുന്ന്	3656	29.1
2	കുത്തനെയുള്ള ചരിവ്	3850	30.8
3	മിതമായ ചരിവ്	870	7.7
4	സമതലം	3475	27.8
5	പുഴയും തോടുകളും	250	2.0
6	പാറ	400	3.2
	ആകെ	12501 ഏക്കർ	100%

മലയോരപ്രദേശങ്ങളിൽ കാട് വെട്ടിത്തെളിയിച്ച് കൂട്ടായ്മയിലൂടെ നെൽകൃഷി (പുനം കൃഷിയും അതോടൊപ്പം മുത്താറി, തിന, ചോളം എന്നീ ധാന്യങ്ങളും ഇതിന് ചുറ്റും തുവരയും കൃഷി ചെയ്തു വന്നു. അതുപോലെ പച്ചക്കറികളായ കുമ്പളം, വെള്ളരി, കക്കിരി എന്നിവയും കൃഷി ചെയ്തിരുന്നു. ഈ വിളവെടുപ്പിനു ശേഷം രണ്ടാമതായി കപ്പ, നേന്ത്രവാഴ വിവിധതരം പടുവാഴകൾ, ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, പയർവർഗ്ഗങ്ങൾ, വിവിധതരം കാച്ചിൽ എന്നിവയും കൃഷി ചെയ്തു വന്നിരുന്നു.

ഇതിനു ശേഷമാണ് ദീർഘകാല വിളകളായ തെങ്ങ്, കവുങ്ങ്, കുരുമുളക്വള്ളി ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ് എന്നിവയും ചില പ്രത്യേക സ്ഥലങ്ങളിൽ കശുമാവും

വെച്ചു പിടിപ്പിച്ചു തുടങ്ങിയത്.

മലയോരത്ത് കുടിയേറി താമസിച്ചവരാണ് 1950ന് ശേഷം റബർകൃഷിക്ക് തുടക്കമിട്ടതും മറ്റുള്ള കൃഷിക്കാർക്ക് റബർ കൃഷി ചെയ്യാൻ പ്രേരണ നൽകിയതും.

സമതല പ്രദേശങ്ങളായ വയലുകളിൽ വ്യാപകമായി നെൽകൃഷി ചെയ്തു വന്നു. 1951ൽ NESബ്ലോക്കിന്റെ ഉദ്ഭവത്തോടെ പുതിയ നെൽവിത്തുകൾ ഉപയോഗിച്ചു കൊണ്ട് ഒന്നിൽ കൂടുതൽവിളകൾ എടുക്കാൻ തുടങ്ങി. (ഇരിപ്പുകൃഷി)

നെൽകൃഷി വിളവെടുപ്പിനു ശേഷം പച്ചകറികൾ— എന്നീ രീതിയിലുള്ള വിളക്രമമായിരുന്നു നില നിന്നു പോന്നിരുന്നത്.

പട്ടിക - 2

ഓരോ തരം കൃഷിയും സ്ഥലവ്യാപ്തിയും

കൃഷിസ്ഥലം	വിസ്തീർണ്ണം. (ഹെക്ടറിൽ) *
തെങ്ങ്	3574.0
കവുങ്ങ്	221.0
കുരുമുളക്	400.0
റബർ	200.0
വാഴ	25.0
കശുമാവ്	34.0
നെല്ല്	1.7
കൃഷി ചെയ്യാൻ പറ്റുന്ന തരിശ്	400.0
കെട്ടിടങ്ങൾ	140.0

മലയോര പ്രദേശങ്ങളിൽ പുനം കൃഷി നടത്താൻ പറ്റുന്ന പുതിയ പുതിയ സ്ഥലങ്ങൾ ലഭ്യമല്ലാത്തതിനാലും നേരത്തെ പുനം കൃഷി നടത്തിയ സ്ഥളങ്ങളിൽ ദീർഘകാല വിളകൾ വെച്ചു പിടിപ്പിച്ചതിനാലും മലയോരത്ത് പുനം കൃഷി ക്രമേണ ഇല്ലാതായി.

നെൽ വയലുകളിൽ വ്യാപകമായി നടത്തി വന്ന നെൽകൃഷി കുറഞ്ഞുവന്നു. നാണ്യവിളകളാണ് കൂടുതൽ ലാഭകരമെന്നും നെൽകൃഷി പൊതുവെ ലാഭകരമല്ലാത്തതിനാലും പടിപടിയായി നെൽവയലുകൾ ഓരോന്നും നികത്തി തെങ്ങും കവുങ്ങും കുരുമുളക് വള്ളിയും വെച്ചു പിടിപ്പിക്കാൻ തുടങ്ങി. ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ തകർച്ചയും മുതലാളിത്തത്തിന്റെ ആവിർഭാവവും ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്വള്ളി,ഫലവൃക്ഷങ്ങൾ, വാഴ, കശുമാവ്, റബർ എന്നിവയാണ് മുഖ്യ കൃഷികൾ.

പട്ടിക - 3

ഭൂവിതകരണം

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം.	വിസ്തീർണ്ണം
1	1 സെന്റ് മുതൽ 10 സെന്റ് വരെ	500	46.54
2	10 " 25 "	875	205.2
3	25 " 50 "	950	923.0
4	50 " 1 ഏക്ര.	2000	1929.0
5	1 ഏക്ര മുതൽ 2.5 ഏക്ര.	1563	3896.0
6	2.5 " 5 "	388.	1903.0
7	5 ഏക്രക്കു മുകളിൽ	310	3597.0
			12499.74

ഉല്പാദന ക്ഷമത

തേങ്ങയുടെ ഉല്പാദന ക്ഷമത സംസ്ഥാന നിരക്കിനേക്കാൾ കുറവാണ് നമ്മുടെ പഞ്ചായത്തിൽ. അടക്കയുടെയും കുരുമുളകിന്റെയും സ്ഥിതി ഇതിൽ നിന്നും വ്യത്യസ്ഥമല്ല.

ഈ വിധത്തിൽ ഉല്പാദന ക്ഷമത കുറയാൻ കാരണങ്ങൾ പലതാണ്. വേണ്ട സമയത്ത് ആവശ്യത്തിനനുസരിച്ച് ജലസേചനം നടത്താൻ കഴിയായ്മ, ജൈവവളത്തിന്റെ ദൗർലഭ്യം, പലതരം രോഗങ്ങൾ, രോഗങ്ങൾക്ക് കൃത്യമായി പ്രതിവിധി ചെയ്യാൻകഴിയായ്മ, പ്രതികൂലമായ കാലാവസ്ഥാ മാറ്റങ്ങൾ, ഗുണനിലവാരമുള്ള നടിൽ വിത്തുകളുടെ അഭാവം, അശാസ്ത്രീയമായ കൃഷി സമ്പ്രദായം എന്നിവയൊക്കെ ഇതിന് കാരണമായി എടുത്തു പറയാവുന്നതാണ്. (പട്ടിക) 2

നമ്മുടെ പഞ്ചായത്തിൽ മലയോര പ്രദേശമായ കുളത്തിൽ മുതൽ മഞ്ചാങ്കണ്ടി വരെയുള്ള പ്രദേശങ്ങളിൽ 50 ൽ കൂടുതൽ കുളങ്ങളുണ്ടായിരുന്നു. അതെല്ലാം പല കാലങ്ങളിലായി നികത്തപ്പെടുകയോ ശ്രദ്ധിക്കാത്തതു കൊണ്ട് നികന്നു പോകുകയോ ചെയ്തവയാണ്. വിരലിലെണ്ണാവുന്നവ ബാക്കിയുണ്ടെങ്കിലും അതൊന്നും തന്നെ ജലസേചനത്തിനു് ഉപയോഗിക്കുന്നില്ല.

ഏറ്റവും കൂടുതൽ കുളങ്ങൾ ഉണ്ടായിരുന്നത് ഇന്നത്തെ 11 - ാം വാർഡിലായിരുന്നു. അവിടെ 19 കുളങ്ങളുണ്ടായിരുന്നു. പതിനൊന്നാം വാർഡിൽ മൂന്നും, പത്താം വാർഡിലും രണ്ടാം വാർഡിലും ആറാം വാർഡിലും ഒൻപതാം വാർഡിലും ഒന്നു വീതവും അഞ്ചാം വാർഡിലും ഏഴാം വാർഡിലും രണ്ട് വീതം കുളങ്ങൾ ഇന്നും വറ്റാതെയുണ്ട്.

ആണിക്കോട്ടുവയൽ, കൈവേലി, കുമ്പളച്ചോല എന്നീ സ്ഥലങ്ങളിൽ 3 കുഴൽകിണറുകൾ ഉണ്ട്. ഇതിൽ കൈവേലിയിലുള്ള കുഴൽ കിണറിൽ നിന്നു മാത്രമാണ് വെള്ളം എടുക്കുന്നത്. ഇത് കുടിവെള്ളത്തിനു വേണ്ടിയാണു പയോഗിക്കുന്നത്.

ആണിക്കോട്ടു വയൽ കുഴൽ കിണർ നന്നായി വെള്ളം കിട്ടുന്നതാണെങ്കിലും ചീത്തയായി കിടക്കുകയാണ്.

കുമ്പളച്ചോലയിലുള്ള കുഴൽ കിണറിൽ നിന്നും കുടുന്ന വെള്ളം ശുദ്ധമല്ലാത്തതുകൊണ്ട് ഒന്നിനും ഉപയോഗിക്കാൻകഴിയുന്നില്ല.

പൊതുവെ നിരുത്സാഹപ്പെടുത്തേണ്ട ഒരു പദ്ധതിയാണ് കുഴൽകിണർ നിർമ്മാണം. കുഴൽ കിണറിന്നടുത്തുള്ള സാധാരണ കിണറുകളിൽ മുമ്പില്ലാത്ത വിധം ജലനിരപ്പ് താണു കൊണ്ടിരിക്കുകയാണ് എന്നാണ് അനുഭവം .

നമ്മുടെ പഞ്ചായത്തിന്റെ വടക്കെ അതിരായി കിടക്കുന്ന വാണിമേൽ പുഴ , വായാട് ഉരുട്ടിതോട്, തരിപ്പ മുരിക്കിൻ തോട്, കമ്മായി - പള്ളിയറ തോട്, പാറോട്ടം-മുടിക്കൽ തോട്, ജാതിക്കുണ്ട്-ഇരുമ്പന്തടം തോട്, എടോനി - ഇരുമ്പതടം തോട്, ഉപ്പുമ്മൽ-മണ്ടോക്കണ്ടി തോട്, ഉപ്പുമ്മൽ- വാരിപൊയിൽ തോട്, ചളിയിൽ തോട്, കൈവേലി- സമ്പൃത്താം കുണ്ട് തോട്, പാതിരിപ്പറ്റ- നമ്പൃത്താം കുണ്ട് തോട്, ആണിക്കോട്ട് വയൽ- നമ്പൃത്താം കുണ്ട് തോട്, മണ്ണൂർ താഴ- ഒരപ്പിൽ മുക്ക്, വാണിമേൽ പാലം തോട്, എന്നിങ്ങനെയുള്ള 14 ചെറുതും വലുതുമായ തോടുകൾ നമ്മുടെ പഞ്ചായത്തിൽ കൂടി ഒഴുകി വാണിമേൽ പുഴയിൽ ചെന്നു ചേരുന്നു.

ഈ അടുത്ത കാലം വരെ വാണിമേൽ പുഴയിലും മറ്റു തോടുകളിലും കടുത്ത വേനൽ കാലമായ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പോലും വെള്ളമുണ്ടായിരുന്നു. എന്നാൽ ഇന്ന് പൊതുവെ മഴക്കാലത്ത് മാത്രമാണ് തോടുകളിൽ വെള്ളം ഒഴുകുന്നത്. ഏകദേശം ആറ് മാസക്കാലം മാത്രമാണ് തോടുകളിൽ വെള്ളം കിട്ടുന്നത്.

ചിളിയിൽ- കൈവേലി എന്ന തോടിൽ ചമ്പിലോറ കുനിഭാഗത്തും, താവുള്ള കൊല്ലി- കോമന്റെ മൂല തോടിൽ മരുതുള്ള പറമ്പത്ത് ഭാഗത്തും തടയണകൾ കെട്ടിയിട്ടുണ്ട്. ഈ തടയണകൾ നിർമ്മിച്ചതു കൊണ്ട് സമീപ പ്രദേശങ്ങളിൽ മണ്ണിൽ ഈർപ്പം നിലനിർത്താൻ കഴിയുന്നുണ്ട്. ഇത് അവിടങ്ങളിലെ കൃഷിയെ സംരക്ഷിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പറമ്പുകളിൽ ജലസേചനം നടത്തുന്ന സമ്പ്രദായം പൊതുവെ ഇല്ല എന്നു പറയാം. ഏകദേശം 150 പമ്പ് സെറ്റുകൾ പഞ്ചായത്ത് ഏര്യയിൽ ജലസേചനത്തിനു് ഉപയോഗിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നിന്നും ഉല്പാദപ്പിക്കുന്ന തേങ്ങയ്ക്ക് ഇന്ന് 4 ക 75 പൈസയാണ് വിലയായി കിട്ടുന്നത്. ഉല്പാദന ചെലവുമായി പൊരുത്തപ്പെടുന്ന തരത്തിൽ സ്ഥിരമായ വില ഒരിക്കലും കിട്ടാറില്ല.

അതു കൊണ്ട് തന്നെ നാളീകേര കൃഷിക്കാർ കടുത്ത പ്രയാസത്തിലുമാണ്. വടകരയും കോഴിക്കോടുമാണ് കൊപ്രയുടെയും ഉണ്ടയുടെയും വിപണന കേന്ദ്രം. അവിടെ പ്രസ്തുത ഉല്പന്നങ്ങൾ എത്തിക്കാനും വലിയ ചെലവു വരുന്നുണ്ട്. പഞ്ചായത്തിൽ തന്നെ സ്വകാര്യ മേഖലയിലാണ് വിപണന കേന്ദ്രങ്ങൾ. ഉവിടെ ഇടത്തട്ടുകാരുടെ ചൂഷണത്തിന് കൃഷിക്കാരൻ ഇരയാവുകയാണ്. നാളീകേരം സംസ്കരിച്ചെടുക്കാനുള്ള ഒരു സംവിധാനം പഞ്ചായത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

അടയ്ക്ക, കുരുമുളക് എന്നീ കാർഷികോല്പന്നങ്ങൾക്ക് കൃത്യമായ വില പൊതുവെ കിട്ടുന്നില്ല. മാറിക്കൊണ്ടിരിക്കുന്ന വിലയാണ് അനുഭവപ്പെടുന്നത്. ഇവയുടെ വിപണന കേന്ദ്രം കൈവേലിയും തൊട്ടടുത്തുള്ള അങ്ങാടികളുമാണ്. ഈ രംഗത്തും സ്വകാര്യ കച്ചവടക്കാരാണുള്ളത്. അതുകൊണ്ട് അതതു സമയത്ത് മാർക്കറ്റിലുള്ള വില കൃഷിക്കാരന് കിട്ടാറില്ല. ഈ രംഗത്തും കൃഷിക്കാരനെ സംരക്ഷിക്കാൻ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

റബർ കൃഷി നടത്തുന്ന കേന്ദ്രങ്ങളിൽ തന്നെ റബർ ബോർഡിന്റെ കീഴിലുള്ള സൊസൈറ്റികൾ നിലവിലുണ്ട്. അതുകൊണ്ടു തന്നെ അതതവസരത്തിൽ മാർക്കറ്റിലുള്ള വില കൃഷിക്കാരന് കിട്ടുന്നുണ്ട്.

പട്ടിക

കൂലി സേവന വ്യവസ്ഥകൾ

കൃഷിപണി	പുരുഷൻ	സ്ത്രീ	കൂലി (ഉറുപ്പിക)
ഉഴവ്	ഉണ്ട്	-	125
കിളക്കൽ	ഉണ്ട്	-	60
ഞാറുനടൽ		ഇല്ല	
കളപതിക്കൽ		ഇല്ല	
കൊയ്ത്ത്		ഇല്ല	
മെതി		ഇല്ല	
തേങ്ങ ഇടൽ	ഉണ്ട്		125
റബർവെട്ട്	ഉണ്ട്	ഉണ്ട്	66
കീടനാശിനിതളി	ഉണ്ട്		125
തേങ്ങ ഉരിക്കൽ	ഉണ്ട്		70(1000 ത്തിന്)
കൈയാലകെട്ട്	ഉണ്ട്		65
തേങ്ങതലച്ചുമട്		ഉണ്ട്	45

എല്ലാ കാർഷികോല്പന്നങ്ങൾക്കും ഇത്തരത്തിൽ അതത് വിഭാഗം കൃഷിക്കാരുടെ സൊസൈറ്റികൾ രൂപീകരിക്കുകയും അവിടെ സ്ഥിരമായി ഉല്പന്നങ്ങൾ എടുക്കുകയും ന്യായമായ വില ലഭ്യമാക്കുകയും ചെയ്യണം.

സ്വയം കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകാണ്. മുമ്പ് മുഴുവൻ കൃഷിക്കാരും സ്വന്തം നണ്ണിൽ പണിയെടുക്കുന്നവരായിരുന്നു. സമ്പന്നരായ കൃഷിക്കാർ പോലും കർഷക

തൊഴിലാളികളോടൊപ്പം കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന സ്ഥിതിയുണ്ടായിരുന്നു.എന്നാൽ ഇന്ന് നാമമാത്രമായ കൃഷിക്കാർ മാത്രമാണ് സ്വയം പണിയെടുക്കുന്നത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരിൽ 50% കർഷക തൊഴിലാളികളാണ്.

വള ഉപഭോഗം

നെൽകൃഷി പൂർണ്ണമായും ഇല്ലാതായതിനാൽരാസ വളത്തിന്റെ ഉപയോഗവും പഞ്ചായത്തിൽ വളരെ കുറവാണ്. നേന്ത്രവാഴയ്ക്കാണ് പൊതുവെ കൃഷിക്കാർ രാസവളം ഉപയോഗിക്കുന്നത്. ഏതാനും കൃഷിക്കാർമാത്രമാണ് തെങ്ങിന് രാസവളം ഉപയോഗിക്കുന്നത്. അധിക കൃഷിക്കാരും ജൈവ വളങ്ങൾ തന്നെയാണ് ഉപയോഗിച്ചു വരുന്നത്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. പഞ്ചായത്തിലെ മലയോര പ്രദേശങ്ങളായ കുവക്കൊല്ലി, വലിയകുന്ന്, ഉറിതൂക്കി, എടോനി, കാപ്പിമല,മാവുള്ളചോല, പുല്ലംപാറ, തരിപ്പ എന്നീ പ്രദേശങ്ങൾ വ്യാപകവും വ്യക്തവുമായ രൂപത്തിൽ മണ്ണൊലിപ്പിനെ നേരിടുകയാണ്.

2. നെൽ വയലുകൾ പൂർണ്ണമായി ഇല്ലാതായിരിക്കുന്നു.

3. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിയ്ക്കാകയും വിപണന സൗകര്യം ഇല്ലായ്മയും.

4. മൊത്തം കൃഷിയുടെ 80% ശരിയായ രീതിയിൽ ജലസേചനം നടത്താൻ കഴിയുന്നില്ല.

5. മലയോര പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം കൂടി വരികയാണ്.

6. കാർഷിക വിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ

തെങ്ങ് - കൂമ്പ് ചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലി.
കവുങ്ങ് - മഹാളി
കുരുമുളക് വള്ളി - ദ്രുതവാട്ടം
വാഴ - തിരുളടപ്പ്

7. എലിശല്യം

8. പഞ്ചായത്തിലെ തോടുകളും, കുളങ്ങളും ശരിയായ രീതിയിൽസംരക്ഷിക്കപ്പെടുന്നില്ല.

9. പുതിയ തലമുറക്ക് കാർഷിക മേഖലയോടുള്ള വിമുഖത.

10. മലയോര പ്രദേശങ്ങളിൽ നിന്നും കാർഷികോല്പന്നങ്ങൾ എളുപ്പത്തിൽ വിപണന കേന്ദ്രത്തിൽ എത്തിക്കുവാൻ വേണ്ടത്ര ഗതാഗത സൗകര്യങ്ങളില്ല.

11. ആവശ്യത്തിനനുസരിച്ച് ജൈവവളം കൂട്ടുന്നില്ല.

12. പുതീയ കൃഷിരീതിയെ സംബന്ധിച്ചും വളപ്രയോഗത്തെ സംബന്ധിച്ചും കൃഷിക്കാർക്കുള്ള അറിവില്ലായ്മ.

13. മണ്ണ് പരിശോധന നടത്തി അതിന്റെ അതിന്റെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്താൻ കഴിയുന്നില്ല.

14. തൊഴിലവസരം കുറഞ്ഞതിനാലും കാർഷികരംഗത്ത് താരതമ്യേന കൂലി കുറവായതിനാലും കർഷക തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ചേക്കേറുന്നതിനാൽ ആവശ്യത്തിന്നുസരിച്ച് കർഷക തൊഴിലാളികളെ കിട്ടായ്മ.

15. കൃഷിക്കാർ പൊതുവെ സാമ്പത്തിക പരാധീനത അനുഭവിക്കുന്നു.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. മലയോര പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ ലോണും സബ്സിഡിയും അനുവദിക്കുക.

2. നമ്മുടെ പഞ്ചായത്തിൽ കൂടി ഒഴുകുന്ന പുഴയും തോടുകളും ചെറു നീർചാലുകളും തടയണകൾ തെട്ടി വെള്ളം തടഞ്ഞു നിർത്തുക.80 എണ്ണം വേണം.

3. മൊത്തം കാർഷിക ഭൂമി പ്ലോട്ടുകളായി തിരിച്ച് പ്രയോജനകരമായ സ്ഥലത്ത് പൊതു കിണറുകൾ കുഴിക്കുക. മൊത്തം 100 കിണറുകൾ വേണം

4. പറമ്പുകളിൽ അവിടവിടെയായി ഒരു മീറ്റർ നീളത്തിലും ആഴത്തിലും കുഴികളെടുത്ത് മണ്ണിൽ ഈർപ്പം നിലനിത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

5. മുഴുവൻ വീട്ടുവളപ്പുകളിലും ജൈവ കീടനാശിനിയായ വേപ്പ്, മുഞ്ഞ മുതലായവയും തുളസി തുടങ്ങിയ ഔഷധ ചെടികളും നട്ടു വളർത്തുക. നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക. (അത് വേണ്ട വിധത്തിൽ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കണം)

6. തെങ്ങിൻ തോപ്പുകളിൽ വ്യാപകമായി ഇടവിളകൾ വാഴ, ഇഞ്ചി, ചേന, ചേമ്പ്. മഞ്ഞൾ, മരച്ചീനി എന്നീ നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം ചെയ്യുക.

7. കൃഷിക്കാരന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും മുഴുവൻ കൃഷിക്കാർക്കും പ്രയാജനപ്പെടുന്ന വിധത്തിൽ മാറ്റം വരുത്തുകയും ചെയ്യുക.

8. എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക. വിത്തും വളവും ലഭ്യമാക്കുക.

9. നല്ല ഇനം നടീൽ വസ്തുക്കൾ ഉണ്ടാക്കിയെടുക്കുന്ന നഴ്സറികൾ കൃഷിഭവന്റെ നേതൃത്വത്തിൽ സ്ഥാപിക്കുക.

10. കാർഷികോല്പാദന വിപണനത്തിനായി ആഴ്ച ചന്തകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കുക.

11.മലയോരത്ത് അനുഭവപ്പെടുന്ന വന്യമൃഗങ്ങളുടെ ശല്യം തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

12. എലിശല്യം പൂർണ്ണമായി തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

13.കൃഷിക്കാരന്റേതല്ലാത്ത കാരണങ്ങളാൽ സംഭവി

ക്കുന്ന കൃഷി നാശത്തിൽ നിന്നും കൃഷിക്കാരനെ സംരക്ഷിക്കാൻദുരിതാശ്വാസ നടപടികൾ സ്വീകരിക്കിക.

14.മലയോര പ്രദേശങ്ങളിൽ വ്യാപകമായി ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുക.

15. കല്ലിന്റെ മതിലുകൾ കെട്ടി പൊക്കുന്നതിനു പകരം ജൈവ വേലികൾ കെട്ടിയുണ്ടാക്കുക .

16. നമ്മുടെ പഞ്ചായത്തിൽ കൂടി ഒഴുകുന്ന ചെറു തോടുകൾ ആഴം കൂട്ടി സംരക്ഷിക്കുക.

17. ചകിരിചോറ് ജൈവസാങ്കേതിക വിദ്യ ഉപയോഗിച്ച് ജൈവ വളമായി മാറ്റുക.

18.നാളീകേരത്തിന്റെ മേനി സംസ്ഥാന മേനിയേക്കാൾ താഴെയാണ്. ശരാശരി 30 മാത്രമാണ്. ഇത് 75 ആക്കി വർദ്ധിപ്പിച്ചു കൊണ്ട് മൊത്തം നാളീകേരത്തിന്റെ ഉല്പാദനം 1 കോടിയിൽ നിന്നും 2.5 കോടിയാക്കിമാറ്റുക. ഇന്ന് ഉല്പാദിപ്പിക്കുന്ന 50000 ടൺ ജൈവവളം 4 ലക്ഷം ടണ്ണായി ഉയർത്തുക. ജൈവവളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുക.

19. ഒരു വർഷത്തിൽ 3650 ടൺ മരച്ചീനിയാണ് നമ്മുടെ പഞ്ചായത്തിൽ ആവശ്യമായി വരുന്നത്. ഇത് മുഴുവൻ പുറത്തുനിന്നും വരുന്നതാണ്. മുമ്പ് നമ്മുടെ പഞ്ചായത്തിൽ നിന്നും മരച്ചീനി നമ്മുടെ ആവശ്യം കഴിഞ്ഞ് മറ്റുള്ള സ്ഥലങ്ങളിലേക്ക് വിപണനം നടത്തിയിരുന്നു. 400 ഏക്ര സ്ഥലത്ത് മരച്ചീനി കൃഷി ചെയ്താൽ നമുക്കാവശ്യമായ മുഴുവൻ മരച്ചീനിയും ഉല്പാദിപ്പിക്കാൻ കഴിയും.

20. ദ്രുതവാട്ടത്തിനെതിരായി കൃഷിഭവൻ മുഖേന തുരിശും, ചുണ്ണാമ്പും കോപ്പർഓക്സിക്ക് ക്ലോറൈഡ് എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഇവ കൃഷിക്കാർഫലപ്രദമായി ഉപയോഗിക്കണം.

21. പൂർണ്ണമായി നശിച്ചു കഴിഞ്ഞ കുരുമുളക് കൃഷി വീണ്ടെടുക്കുവാൻ 4 ലക്ഷം കുരുമുളക് തൈ സൗജന്യമായി വിതരണം ചെയ്യുക. കുരുമുളകിന്റെ ദ്രുതവാട്ടരോഗങ്ങൾ തടയാൻ ഗവേഷണ പരീക്ഷണങ്ങൾ നടത്തുക . ആവശ്യമായ പ്രതിരോധനടപടികൾ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സ്വീകരിക്കുക.

22. നശിച്ചു കൊണ്ടിരിക്കുന്ന ഔഷധചെടികളെ സംരക്ഷിക്കുവാൻ വേണ്ടി അത്തരം ചെടികളെ കണ്ടത്തുകയും അവ നട്ടുവളർത്താൻ താത്പര്യമുള്ളവരെ കണ്ടെത്തുകയും അവർക്കാവശ്യമായ പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.

പഞ്ചായത്തിലെ തോടുകൾ

നമ്പർ	തോടുകൾ	കിലോ മീറ്റർ
1	മുരിക്കിൻ തോട്	4
2	കുന്നത്തുണ്ട - കമ്മായി തോട്	5
3	പാറവടം - കുമ്പളച്ചോല	5
4	കമ്മായി പള്ളിയറ തോട്	15
5	മേക്കോട്ട - പള്ളിയറ	1
6	കൊഞ്ചൻ തോട്	6
7	പാനോം- മൊട്ടക്കുന്ന് തോട്	1
8	പാറോട്ടം- എരട്ടേഞ്ചാലിൽ	13
9	ഇരുമ്പത്തടം പള്ളിയറ	8
10	അറക്കലപൊയ്യിൽ-താവുള്ളകൊല്ലി കോമന്റെമൂല തോട്	14
11	ചളിയിൽ - ചമ്പിലോറ - നമ്പ്യത്താംകുണ്ട്	9.500
12.	പാതിരിപ്പറ്റ - നമ്പ്യത്താം കുണ്ട്	6
13	മണ്ണൂര് താഴ - ഒരപ്പിൽമുക്ക് - കുറുവയിൽ	13.850

ഗ്രാമപഞ്ചായത്ത്

4.1. വളർത്തു മൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ് ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	-	8	3	3	105	150	61	73	2	-	-	368	365	-
2	4	3	2	5	14	40	18	22	-	-	-	70	28	-
3	-	20	-	-	62	56	3	5	-	-	-	77	2	-
4	-	-	-	-	8	9 1	-	-	-	-	20	-	-	-
5	-	2	-	-	18	30	2	-	-	-	-	66	2	-
6	-	4	-	-	19	23	17	10	-	-	-	86	7	-
7	-	-	-	-	30	21	6	9	-	-	-	41	6	-
8	-	-	-	-	50	12	9	3	-	-	-	39	5	-
9	-	-	-	-	38	49	-	-	-	-	-	-	-	-
10	5	2	-	-	48	13	12	6	-	-	-	18	2	-
11	-	-	-	-	31	33	12	6	-	-	-	25	13	-
ആകെ 9	39	5	8	423	436	141	134	2	-	-	812	430	-	-

ഗ്രാമ പഞ്ചായത്ത്

4.2 വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1.	450	892	1121	4	2	4
2.	80	120	90	-	-	-
3.	172	156	73	-	11	-
4.	17	14	20	1	1	-
5.	43	54	101	4	2	-
6.	175	179	60	6	4	-
7.	113	133	214	-	-	-
8.	276	290	55	-	-	-
9.	58	42	29	-	-	-
10.	28	93	40	-	-	5
11.	178	442	50	6	15	-
ആകെ	1590	2415	1853	21	35	9

അദ്ധ്യായം രണ്ട്

മൃഗ മരക്ഷണവും മത്സ്യ ബന്ധനവും

സാമൂഹ്യ. ജീവീതം ആരംഭിച്ച മുതൽ തന്നെ മനുഷ്യൻ തന്റെറ ഉപജീവനത്തിനായി വളർത്തു മൃഗങ്ങളെ ആശ്രയിച്ചിരുന്നു. അവന്റെറ വളർച്ചയിലും വികാസത്തിലും ഏറ്റവും അധികം സഹായം ലഭിച്ചത് വളർത്തു മൃഗങ്ങളിൽ നിന്നാണ്. കാർഷിക വൃത്തിയുമായി മനുഷ്യൻ ബന്ധപ്പെട്ടു തുടങ്ങിയ ഘട്ടം മുതൽ കൃഷി ഭൂമി പാകപ്പെടുത്തൽ തുടങ്ങി എല്ലാ ജോലികളിലും വളർത്തു മൃഗങ്ങളുടെ സഹായം അവൻ തേടിയിരുന്നു. ഇതിന്റെറ തുടർച്ചയെന്നോണം പിൽക്കാലത്ത് വളർത്തു മൃഗങ്ങളുടെ സംരക്ഷമവും പരിപാലനവും ഒരു ഉപജീവന മാർഗ്ഗമായി തന്നെ രൂപപ്പെട്ടു വന്നു.

മനുഷ്യന് പ്ല രീതിയിലും സഹായം ലഭിച്ചു വരുന്ന ഒരു ജീവി എന്നുള്ള നിലയ്ക്ക് മൃഗങ്ങളും അവന്റെറ ആരാധനയ്ക്ക് വിഷയമായി തീർന്നു. പുതിയ കാർഷിക മേഖലകൾ അന്വേഷിച്ച് മനുഷ്യൻ യാത്ര തുടരുമ്പോഴും അവന്റെറ വളർത്തു മൃഗങ്ങൾ അവനോടൊപ്പം ഉണ്ടായിരുന്നു. കന്നുകാലികൾ വെറും വളർത്തു മൃഗം മാത്രമല്ല സ്വയമേവ ഒരു വരുമാനമാർഗ്ഗവുമായിരുന്നു. ഉത്തരേന്ത്യൻ മേഖലകളിൽ ഇന്നും വളർത്തു മൃഗങ്ങളെ ദൈവ തുല്യമായി കരുതി ആരാധിച്ചു വരുന്നുണ്ട്.

മനുഷ്യൻ കാർഷിക വൃത്തിയിൽ നിന്ന് മാറി, മറ്റു തൊഴിൽ മേഖലകളിലേക്ക് വന്നപ്പോൾ വളർത്തു മൃഗങ്ങൾ അവനു് ഒരു ഭാരമായി മാറി; കാല ക്രമത്തിൽ വളർത്തു വൃഗങ്ങളെ പോറ്റുന്ന രീതി സമൂഹത്തിൽ നിന്നും അപ്രത്യക്ഷമായി. നിലവിലുള്ള കൃഷി ഭൂമികൾ തുണ്ടം തുണ്ടമായി വിഭജതിക്കപ്പെട്ടപ്പോൾ പഴയ പോലെ വിശാലമായ മേച്ചിൽ സ്ഥലങ്ങൾ നമുക്ക് നഷ്ടപ്പെട്ടു. ഉപജീവന മാർഗ്ഗമെന്ന നിലയിൽ പശു വളർത്തുന്ന രീതിക്ക് ഇക്കാരണത്താൽ തന്നെ മാറ്റം വന്നു.

കേരളത്തിന്റെറ സമ്പദ്ഘടനയിൽ മൃഗ സംരക്ഷണ മേഖല വലിയൊരു പങ്കാണ് വഹിക്കുന്നത്. പത്ത് മുപ്പത് വർഷം മുമ്പ് വരെ നമ്മുടെ പ്രദേശത്തെ കൃഷിക്കാർ, ഉപ ജീവന മാർഗ്ഗം എന്ന നിലയിലും, കാർഷിക വൃത്തിക്ക് - സഹായി എന്ന നിലയിലും വ്യാപകമായി തന്നെ കന്നു കാലികളെ വളർത്തിയിരുന്നു. വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കാൻ വഴിയില്ലാതിരുന്നതും, പശു വളർത്തലിൽ നിന്നുള്ള വരുമാനക്കുറവും കർഷകരെ ഈ രംഗത്തത് നിന്നു പിൻമാറാൻ പ്രേരിപ്പിച്ചു. സങ്കര ഇനം പശുക്കളുടെ ആവിർഭാവം രോഗ ചികിത്സയ്ക്ക് ആധുനിക സൗകര്യങ്ങൾ, തുടങ്ങിയ സൗകര്യങ്ങളൊക്കെ നിലവിൽ വന്നു കഴിഞ്ഞിട്ടും ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയാത്തതെന്തു കൊണ്ട് എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ മൃഗ സംരക്ഷണ രംഗം വളരെ പിറകിലാണെന്ന് സ്ഥിതി വിവരകണക്കുകൾ പരിശോധിച്ചാൽ വ്യക്തമാവും. നിലവിലുള്ള വളർത്തു മൃഗങ്ങളിൽ എണ്ണത്തിന്റെറ കാര്യത്തിൽ കറവ പശുക്കൾ തന്നെയാണു് മുൻപന്തിയിൽ നില്ക്കുന്നത്. പഞ്ചായത്തിൽ ഇന്നുള്ള വളർത്തു പശുക്കളുടെ ആകെ എണ്ണം 1134 ആണു്. ഇതിൽ സങ്കര വർഗ്ഗത്തിൽ പെട്ടവ കേവലം 24% മാത്രമാണു്.

പഞ്ചായത്തിൽ ഒന്നാം വാർഡിൽ മാത്രമാണ് പാൽ വിതരണ സൊസൈറ്റി നിലവിലിള്ളത് . ഇത് നല്ല രീതിയിൽ ഇപ്പോഴും പ്രവൃത്തിക്കുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് 4 - ാം വാർഡിൽ കായക്കൂൽ പ്രദേശത്ത് ഒരു പാൽ സൊസൈറ്റി രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും അത് പ്രവർത്തിക്കുന്നില്ല.

വിശാലമായ മേച്ചിൽ പുറങ്ങളുടെ അഭാവം കാരണം പഴയതു പോലെ കന്നു കാലികളെ കയറൂരിവിട്ട് വളർത്താൻ ഇന്നു് കഴിയുന്നില്ല. അധികം പേരും സ്വന്തം പറമ്പുകളിലോ വിടുകളിൽ തന്നെയോ കെട്ടിയിട്ടു വളർത്തുന്ന രീതിയാണു് ഇന്ന് നില നില്ക്കുന്നത്. വയലുകൾ നികത്തി മറ്റു കൃഷികൾ നടത്താൻ തുടങ്ങയതോടെ വൈക്കോൽ പ്രാദേശികമായി തീരെ ലഭ്യമല്ലാതായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ പ്രദേശത്ത് മുഖ്യമായും വൈക്കോൽ എത്തുന്നത്, വയനാട്, മൈസ്സൂർ, പാലക്കാട്, തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ നിന്നുമാണു്. അതു കൊണ്ടു തന്നെ ഈ ഇനത്തിൽ കൃഷിക്കാർക്ക് ഭീമമായ സംഖ്യ ചിലവ് വരുന്നു. കാലി തീറ്റയ്ക്കു വേണ്ടിയും നാട്ടിൻ പുറത്തെ കച്ചവടക്കാരനെ മാത്രമെ അവർക്ക ആശ്രയിക്കാൻ കഴിയുന്നുള്ളൂ. ഈ സ്ഥിതിക്ക് കാര്യമായ മാറ്റം വരാതെ നാം പ്രതീക്ഷിക്കുന്ന രീതിയിൽ കന്നുകാലി വളർത്തൽ ആദായകരമാക്കാൻ കഴിയില്ല.

നമ്മുടെ പ്രദേശത്ത് വളർത്തു മൃഗങ്ങളിൽ രണ്ടാം സ്ഥാനത്താണ് ആട്. പഞ്ചായത്തിൽ നിലവിലുള്ള വളർത്താടുകളുടെ എണ്ണം 812 മാത്രമാണ്. ഈ രംഗത്ത് കൂടിതൽ പുരോഗതി കൈവരിക്കാനാവശ്യമായ നടപടികളെ കുറിച്ച് നാം ആലോചിക്കണം. ആട് വളർത്തൽ വളരെ ആദായകരമായ തൊഴിലാണ്. സ്ത്രീകൾക്ക് ഇതൊരു തൊഴിൽമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ്. ആട്ടിറച്ചിക്ക് ഏറ്റവും ഉയർന്ന വില ഇന്ന് ലഭ്യമാണ്. ആവശ്യ

ത്തിന് സാധനം ലഭ്യമല്ലാത്ത അവസ്ഥ മാത്രമെ ഉള്ളൂ. കാര്യമായ രോഗങ്ങൾ ഒന്നും തന്നെ ആടുകൾക്ക് പിടിപ്പെടുന്നതായി കാണുന്നില്ല. അതു കൊണ്ടു തന്നെ ആദായകരമായ ഒരു വരുമാന മാർഗ്ഗമായി ആടുവളർത്തലിനെ പ്രോത്സാഹിപ്പിക്കാൻ കഴിയണം.

പഞ്ചായത്തിലെ വളർത്തു പക്ഷികളിൽ ഏറ്റവും കൂടുതൽ കോഴികളാണുള്ളത്. ഇതിൽ 90% വും നാടൻ ഇനങ്ങളാണ്. ശരിയായി പരിപാലനം ലഭിക്കാത്തതു മൂലം ഇവയുടെ മുട്ട ഉത്പാദന ശേഷി വളരെ മോശമാണ്. സങ്കരയിനം മുട്ട കോഴികളെ വൻ തോതിൽ പഞ്ചായത്തിൽ ഒരിടത്തും വളർത്തുന്നില്ല. ഓരോ വീട്ടിലും നാലോ അഞ്ചോ കോഴികളെ വളർത്തുന്ന രീതിയാണ് ഇന്ന് നിലനിൽക്കുന്നത്. പഞ്ചായത്തിൽ ഇപ്പോൾ ആവശ്യമായ മുട്ടയും, ഇറച്ചിക്കോഴിയും പുറമെ നിന്ന് എത്തിക്കുകയാണ് ചെയ്യുന്നത്. കൈവേലിയിൽ മാത്രമാണ് ഇപ്പോൾ ഒരു മുട്ട മൊത്ത വ്യാപാര കേന്ദ്രം ഉള്ളത്. ഈ ഒരു കേന്ദ്രത്തിൽ മാത്രം ഓഫ് സീസണിൽ ആഴ്ചയിൽ 4000 വും, സീസൺ സമയത്ത് ആഴ്ചയിൽ 8000 വും മുട്ടകൾ വിറ്റഴിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിൽ ദൈനം ദിനം വിറ്റഴിക്കുന്ന മുട്ടയുടെ കണക്കു കൂടി ചേരുമ്പോൾ, കോഴി വളർത്തൽ രംഗത്ത് നമുക്കുള്ള സാദ്ധ്യത ഊഹിക്കാവുന്നതേ ഉള്ളൂ. പഞ്ചായത്തിൽ രണ്ട് കേന്ദ്രങ്ങളിൽ മാത്രമാണ് ചെറിയ തോതിലെങ്കിലും ഇറച്ചിക്കോളികളെ വളർത്തുന്ന യൂനിറ്റുകൾ നിലവിലുള്ളത്. ഇവ രണ്ടും സ്വകാര്യമേഖലയിൽ ആണ്. കൈവേലി, കണ്ടോത്ത് കുനി എന്നീ പ്രദേശങ്ങളിൽ സ്വകാര്യ മേഖലയിൽ തന്നെ രണ്ട് ഇറച്ചി കോഴി വില്പന കേന്ദ്രങ്ങളും പ്രവൃത്തിക്കുന്നു.

മത്സ്യ ബന്ധന മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ തീരെ സാദ്ധ്യത ഇല്ല. എന്നാൽ മത്സ്യ വിതരണവുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലാളികൾ ഇന്ന് ജോലി ചെയ്യുന്നുണ്ട്. കൂടുതൽ പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിയുന്ന ഒരു മേഖല കൂടിയാണിത്. മത്സ്യ കൃഷിക്ക് നമ്മുടെ പ്രദേശത്ത് സാദ്ധ്യതയുണ്ട്. മൂന്നോ നാലോ വിടുകളിൽ ഇപ്പോൾ തന്നെ ഇത് നിലവിലുണ്ട്.

വിടുകളിൽ കുളങ്ങൾ നിർമ്മിച്ചും, ടാങ്കുകൾ നിർമ്മിച്ചും മത്സ്യം വളർത്താവുന്നതാണ്. കൂടുതൽ പേർ ഇതൊരു തൊഴിലായി സ്വീകരിക്കാൻ ഗ്രാമസഭാ ചർച്ചകളിൽ താത്പര്യം കാണിച്ചിട്ടുണ്ട്. ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി നല്ലൊരു തൊഴിൽ മേഖലയായി ഇതിനെ വളർത്തിയെടുക്കാൻ നമുക്ക് കഴിയണം.

പഞ്ചായത്തിൽ നിലവിലുള്ള വളർത്ത് മൃഗങ്ങളുടേയും പക്ഷികളുടേയും വിശദമായ പട്ടിക താഴെ ചേർക്കുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. സങ്കരയിനം പശുക്കളെ ലഭ്യമാക്കുക
2. രോഗ പ്രതിരോധ നടപടികൾ കാര്യക്ഷമമാക്കുക.
3. കാലി തീറ്റ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക.
4. തീറ്റ പുൽ കൃഷി വ്യാപകമാക്കുക
5. കന്നു കാലികളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.
6. പാൽ വിപണന കേന്ദ്രം സ്ഥാപിക്കുക.
7. പാലിന്റെ വിലക്കുറവ് പരിഹരിക്കൽ.
8. കൃത്യമ ബീജോല്പാദന കേന്ദ്രത്തിന്റെ കുറവ്.
9. നല്ലയിനം കോഴി കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
10. കോഴിതീറ്റ ലഭ്യമല്ല.
11. കോഴിവളർത്തലിൽ ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.
12. രോഗ പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കുക .
13. D W C R A വഴി കോഴി വളർത്തു കേന്ദ്രങ്ങൾ സ്ഥാപിക്കുക.
14. നല്ലയിനം ആടിൻ കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
15. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.
16. മൃഗാശുപത്രി സൗകര്യങ്ങൾ വിപുലപ്പെടുത്തുക.
17. പാൽ വിതരണത്തിന് സൊസൈറ്റി രൂപീകരിക്കുക.
18. മൃഗഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക.
19. മുട്ടയും ഇറച്ചിയും വിപണനം ചെയ്യുന്നതിന് കേന്ദ്രം സ്ഥാപിക്കുക.
20. കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കുക.
21. കോഴിവളർത്തലിന് ചെറുകിട യൂനിറ്റുകൾ ആരംഭിക്കുക.
22. ആടുവളർത്തൽ, പന്നിവളർത്തൽ, മുയൽ വളർത്തൽ, തേനീച്ച വളർത്തൽ തുടങ്ങിയ യൂനിറ്റുകൾ ആരംഭിക്കുക.
23. വളർത്തുന്ന പട്ടികൾക്ക് ലൈസൻസ് സമ്പ്രദായം നടപ്പിൽ വരുത്തുക.
24. പേപ്പട്ടി ശല്യം ഇല്ലാതാക്കുക.
25. പട്ടിപിടുത്തത്തിന് ആളുകളെ ലഭിക്കാത്തതിനാൽ ; ആവശ്യമായ പരിശീലനം നൽകി താത്പര്യം ഉള്ളവരെ ഈ രംഗത്ത് കൊണ്ടു വരിക.

അദ്ധ്യായം മൂന്ന്

വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെ സാംസ്കാരികപരമായ ഉയർച്ച ആ പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് വിദ്യാഭ്യാസത്തിന് നമ്മുടെ പ്രദേശത്തിന്റെ കലാസാംസ്കാരിക മണ്ഡലത്തിൽ വളരെയധികം പ്രാധാന്യമുണ്ട്.

മറ്റു സ്ഥലങ്ങളിലെല്ലാം നിലനിന്നിരുന്നതുപോലെ ഗുരുകുലവിദ്യാഭ്യാസരീതി തന്നെയായിരുന്നു കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെയും നമ്മുടെ പഞ്ചായത്തിലും നിലനിന്നിരുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ പല സ്ഥലങ്ങളിലും കുടിപള്ളിക്കൂടങ്ങൾ സ്ഥാപിച്ച് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചു. തിനൂരിലെ കൊയിത്തറ കേശവൻ നമ്പീശൻ അദ്ദേഹത്തിന്റെ വീട്ടിൽ വെച്ച് ഇത്തരത്തിലുള്ള പള്ളിക്കൂടം നടത്തിയിട്ടുണ്ട്. പിന്നീട് ഈ പള്ളിക്കൂടം തന്നെ വേങ്ങേരി ഇല്ലത്തേയ്ക്ക് മാറുകയും അത് കുറച്ചുകാലം നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. 1917 ന് തൊട്ട് മുമ്പ് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി തിനൂര് എൽ.പി.സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഇതേ കാലഘട്ടത്തിൽ തന്നെ തീക്കോന്നുമൽ ഏനായികോരൻ ഗുരുക്കളും അദ്ദേഹത്തിന്റെ വീട്ടിനടുത്ത് ഒരു പള്ളിക്കൂടം സ്ഥാപിക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്തുവന്നു. ഇദ്ദേഹം തന്നെയാണ് വേങ്ങോളി ഇല്ലത്തും കുട്ടികളെ പഠിപ്പിച്ചിരുന്നത്. ഇദ്ദേഹം നേതൃത്വം കൊടുത്തുകൊണ്ടാണ് കൈവേലിയിലെ സ്കൂൾ സ്ഥാപിച്ചത്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും രണ്ട് യു.പി. സ്കൂളുകളും ഒൻപത് എൽ.പി. സ്കൂളുകളും പ്രവർത്തിക്കുന്നു. നാല് ബാലവാടികളും 4 പാരലൽകോളേജുകളും 2 നേഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നു. ഇതിനുപുറമെ ഒരു അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു.

സ്കൂളുകളുടെ മൊത്തത്തിലുള്ള വിവരം പട്ടിക Iൽ കൊടുക്കുന്നു.

പട്ടിക I

പഞ്ചായത്തിലെ പഞ്ചായത്തിലെ 12 വിദ്യാലയങ്ങളിലായി മൊത്തം 4,285 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 2,185 ആൺകുട്ടികളും 2,200 പെൺകുട്ടികളുമാണ്. മുഴുവൻ സ്കൂളികളിലുമായി 162 അദ്ധ്യാപകർ പഠിപ്പിക്കുന്നു. ഇവരിൽ 108 പുരുഷൻമാരും 54 സ്ത്രീകളുമാണ്.

കഴിഞ്ഞ കുറേവർഷങ്ങളിലായി എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. പുതിയ വിദ്യാലയങ്ങൾ വന്നതുകൊണ്ടല്ല മറിച്ച് ജനനനിരക്കിലുള്ള കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് കുട്ടികളെ അയയ്ക്കുന്ന പ്രവണത വർദ്ധിച്ചതുമാണ് ഇങ്ങനെ സംഭവിക്കാൻ കാരണം.

സ്കൂളുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് അതിന്റെ ഭൗതികസാഹചര്യങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. എന്നാൽ മിക്ക സ്കൂളുകളിലും പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ ഭൗതികസാഹചര്യം ഇല്ല എന്നു തന്നെ പറയാം. സ്കൂളുകളിലെ ഭൗതികസൗകര്യങ്ങളുടെ വിവരം കാണിക്കുന്ന പട്ടിക കൊടുക്കുന്നു.

പട്ടിക II

പഞ്ചായത്തിലെ ഗവൺമെൻറ് സ്കൂകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ വളരെ കാലമായി നിലനിൽക്കുന്നു. പ്രത്യേകിച്ച് എൽ.പി. വിഭാഗത്തിലാകുമ്പോൾ അത് എത്രമാത്രം വിദ്യാഭ്യാസത്തെ ബാധിക്കുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. ജി.എസ്.ടി.എസ്. തിനൂരിൽ മൂന്നും ജി.എൽ.പി.എസ്. ചിക്കോനിൽ രണ്ടും അദ്ധ്യാപകരുടെ ഒഴിവ് ഇപ്പോൾ ഉണ്ട് ഒഴിവുകൾ കൃത്യസമയത്ത് നികത്താത്തത് വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു.

അക്കാദമിക് നിലവാരം

മൂന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസുവരെയുള്ള വിദ്യാർത്ഥികളിൽ ഏതാണ്ട് 40 ശതമാനത്തോളം വിദ്യാർത്ഥികൾ 30 ശതമാനത്തിൽ താഴെ നിലവാരമുള്ളവരാണ്. ഈ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റം വരുത്തേണ്ടതാണ്. വിവിധ ക്ലാസ്സുകളിലെ അക്കാദമിക്ക് നിലവാരത്തെ സൂചിപ്പിക്കുന്ന പട്ടികയും അക്കാദമിക് സൗകര്യങ്ങളും കൊടുക്കുന്നു.

പട്ടിക III

പട്ടിക IV

എസ്.എസ്.എൽ.സി. വിജിയ ശതമാനം

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ആർ.എൻ.എം. ഹൈസ്കൂളിലെ എസ്.എസ്.എൽ.സി. വിജയം വിദ്യാഭ്യാസജില്ലയിലെ മറ്റ് സ്കൂളുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ മെച്ചപ്പെട്ടതാണ് എന്നാൽ സംസ്ഥാന ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ ചില വർഷങ്ങളിൽ എസ്.എസ്.എൽ.സി. വിജയശതമാനം പട്ടിക IVൽ താഴെ കൊടുക്കുന്നു.

പട്ടിക V

വർഷം	ശതമാനം
1992	53
1993	51
1994	57
1995	44
1996	52

സബ്ജില്ല-ജില്ലാതല കലാ-കായിക മത്സരങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ ചില സ്കൂളുകൾ മെച്ചപ്പെട്ട

പ്രകടനം കാഴ്ച വെച്ചിട്ടുണ്ട്. നരിപ്പറ്റ യു.പി. സ്ക്കൂൾ, ആർ.എൻ.എം. ഹൈസ്ക്കൂൾ എന്നീ സ്ക്കൂളുകൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. മുഴുവൻ സ്ക്കൂളുകളിലും പാഠ്യപദ്ധതിയുടെ ഭാഗമായികണ്ട് ഈ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

പി.ടി.എ.

മുഴുവൻ സ്ക്കൂളുകളിലും പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം ഇനിയും വിപുലീകരിക്കേണ്ടതാണ്. സ്വകാര്യമേഖലയിലേയും സർക്കാർ മേഖലയിലേയും പി.ടി.എ.യുടെ പ്രവർത്തനം പ്രത്യേകം പ്രത്യേകം വിശകലനം ചെയ്യുമ്പോൾ ഗവൺമെൻറ് സ്ക്കൂളുകളിൽ, ജി.എൽ.പി. കുമ്പളച്ചോല, ജി.എസ്.പി.എ സ്.തിനൂർ, ജി.എൽ.പി. ചീക്കോന്ന് എന്നിവയുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ഈ സ്ക്കൂളുകളിൽ പി.ടി.എ.യുടെ നേതൃത്വത്തിലാണ്. കെട്ടിടം ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കിയത്. സ്വകാര്യമേഖലയിൽ ആർ.എൻ.എം. ഹൈസ്ക്കൂൾ, ചീക്കോന്ന് യു.പി., നരിപ്പറ്റ യു.പി., നരിപ്പറ്റ സൗത്ത് എൽ.പി. എന്നീ സ്ക്കൂളുകളിലെ പ്രവർത്തനം കാര്യക്ഷമമാണ്. മറ്റുള്ള സ്ക്കൂളുകളിൽ പി.ടി.എ.യുടെ പ്രവർത്തനം ഇനിയും ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. സ്ക്കൂളുകളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പി.ടി.എ. കൂടുതൽ ശ്രദ്ധിക്കുകയാണെങ്കിൽ വമ്പിച്ച മാറ്റം ഈ മേഖലയിൽ ഉണ്ടാക്കാൻ കഴിയും. മാതൃസംഗമങ്ങൾ എല്ലാ സ്ക്കൂളുകളിലും വിളിച്ച് ചേർത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം പ്രഥമയോഗത്തിനുശേഷം തുടർന്ന് നടത്താത്തതുകൊണ്ട് കാര്യക്ഷമമല്ല. ക്ലാസ്സ് റൂം പി.ടി.എ. ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ സമാന്തരവിദ്യാലയങ്ങൾ പാഠ്യപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരവസ്ഥയാണ് ഇന്ന് പൊതുവെ കാണുന്നത്. കാലസാംസ്കാരിക സാഹിത്യപ്രവർത്തനങ്ങളിൽ കൂടി ശ്രദ്ധപതിപ്പിക്കാൻ കഴിയുന്ന രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

നേഴ്സറി വിദ്യാലയങ്ങളുടെയും ശിശുബാലവാടികളുടെയും അവസ്ഥ വളരെ ശോചനീയമാണ്. ആവശ്യത്തിന് പഠനോപകരണങ്ങളും കളിക്കോപ്പുകളും ഇല്ലാത്ത ഒരവസ്ഥയാണ് ഇന്നുള്ളത്. സൗകര്യ പ്രദമായ കെട്ടിടം പോലും ഇല്ലാത്തതാണ് മിക്ക ശിശുവിദ്യാലയങ്ങളും.

ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസസമിതിയുടെ കീഴിൽ പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സമിതിയും അക്കാദമിക്ക് സമിതിയും രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. ഇവയുടെ പ്രവർത്തനം ഇനിയും കുറച്ച് കൂടി വിപുലീകരിച്ച് നടത്തുകയാണെങ്കിൽ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം വളരെയധികം മെച്ചപ്പെടുത്താൻ കഴിയും.

പ്രശ്നങ്ങൾ

1. പല സ്ക്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറഞ്ഞുകൊണ്ടിരിക്കുന്ന അവസ്ഥ പൊതുവെ കാണാൻ കഴിയുന്നു.

3. അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.

4. ഹൈസ്ക്കൂളിലെ വിജയശതമാനം സമീപപ്രദേശങ്ങളിലെ സ്ക്കൂളുകളെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ടതാണെങ്കിലും സംസ്ഥാന ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്.

5. സ്ക്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരത കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഗണ്യമായ അളവിൽ ഇപ്പോഴും നിലനിൽക്കുന്നു.

6. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. നിലവിലുള്ള ബാലവാടികളിൽ കെട്ടിടങ്ങൾ അപര്യാപ്തമാണ്. ഇവിടെ ആവശ്യത്തിന് പഠനോപകരണങ്ങളോ കളിക്കോപ്പുകളോ ഇല്ല.

7. അനൗപചാരിക വിദ്യാഭ്യാസത്തിന് വേണ്ടി ഇപ്പോൾ യാതൊരു പരിപാടികളുമില്ല.

8. കലാകായിക നിലവാരം മെച്ചപ്പെടുത്തുന്നതിന്നുവേണ്ട സൗകര്യങ്ങൾ ഇന്ന് പഞ്ചായത്തിൽ ഇല്ല.

9. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം ഉണ്ട്.

10. പ്രൈമറി സ്ക്കൂളുകളിലെ പഠന നിലവാരം തൃപ്തികരമല്ല.

11. വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി സമ്പ്രദായം കാര്യക്ഷമമല്ല.

12. രക്ഷിതാക്കളുടെ സാമ്പത്തിക പരാധീനത വിദ്യാർത്ഥികളുടെ ഉപരിപഠനത്തെ ബാധിക്കുന്നു.

13. സ്ക്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കാതെ കിടക്കുന്നു.

14. ഗവൺമെൻറ് സ്ക്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരില്ലാത്തത് അവിടുത്തെ പഠനനിലവാരത്തെ ബാധിക്കുന്നു.

15. യാത്രാപ്രശ്നം വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. മലയോരപ്രദേശങ്ങളിലെ പിഞ്ചുകുട്ടികൾക്ക് കിലോമാറ്ററുകൾ താണ്ടി വിദ്യാലയത്തിലേയ്ക്ക് പോകേണ്ടി വരുന്നു.

16. പി.ടി.എ. ചില വിദ്യാലയങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

സാധ്യതകൾ

1. എൽ.പി., യു.പി. സ്ക്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി സ്ക്കൂളുകൾ ആരംഭിക്കേണ്ടതാണ്.

2. ഭൗതികസാഹചര്യങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ അത് ചെയ്യിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

3.താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിനൂർ

ഗവൺമെൻറ് എൽ.പി., ജി.എസ്.ടി.എസ്. തിനൂരിൻെറ ഒരു കെട്ടിടം എന്നിവയ്ക്ക് സൗകര്യപ്രദമായ സ്ഥിരം കെട്ടിടം നിർമ്മിക്കേണ്ടതാണ്.

4. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം.

5. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് വർക്ഷോപ്പുകൾ നടത്തി പഠനോപകരണങ്ങൾ നിർമ്മിച്ചു നൽകൽ, റിപ്രഷർ കോഴ്സ് എന്നിവ സംഘടിപ്പിക്കണം.

6. രക്ഷിതാക്കളെ സ്ക്കൂൾതലത്തിൽ വിളിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകേണ്ടതാണ്. മാതൃസംഗമവും ഇതിൻെറ ഭാഗമായി മുഴുവൻ സ്ക്കൂളുകളിലും വിളിച്ചു ചേർക്കണം.

7. നിർദ്ധന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

8. അറക്കലപൊയിൽ.- താവുള്ളക്കൊല്ലി ഭാഗത്ത് ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്.

9. ഗവൺമെൻറ് എൽ.പി. കുമ്പളച്ചോല, ജി.എസ്.ടി.എസ്. തിനൂർ എന്നീ വിദ്യാലയങ്ങൾ നിർബന്ധമായും യു.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

10. പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളുകൂടി സ്ഥാപിക്കേണ്ടതാണ്.

11. മരിയഗിരി, ഇന്ദിരാനഗർ, താനിയുള്ള പൊയിൽ, കുമ്പളച്ചോല, ഇരുമ്പൻ തടം, ഇരട്ടേൻ ചാൽ, കോറോത്തുപാലം, താവുള്ളക്കൊല്ലി, കണ്ടോത്ത് കുനി, കോയ്യോൽ ഭാഗം, മൊയിലോൻ കുന്ന്, വയലിൻ പീടിക, ചെവിട്ടുപാറ എന്നിവിടങ്ങളിൽ ബാലവാടി സ്ഥാപിക്കേണ്ടതാണ്.

12. പി.ടി.എ. കമ്മറ്റികളുടെ പ്രവർത്തനത്തെ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി വിലയിരുത്തി വേണ്ട രീതിയിൽ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്.

13. പഞ്ചായത്തിൽ രജിസ്ട്രർ ചെയ്ത ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാഭ്യാസസമിതിയുടെ നിർദ്ദേശത്തിനനുസരിച്ച് സൗജന്യ ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള പ്രവർത്തനം നടത്തേണ്ടതാണ്.

14. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

15. മലയോരപ്രദേശങ്ങളിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ ഉണ്ടാകണം.

16. കലാ - കായിക വിദ്യാഭ്യാസത്തിനുവേണ്ടി പഞ്ചായത്ത് തലത്തിൽ സ്ഥാപനം ആരംഭിക്കേണ്ടതാണ്.

പട്ടിക I

സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര്	പൊസ്കൂൾ യു.പി/എൽ.പി. പ്രീ പ്രൈമറി	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം				സ്കൂൾ കുറ്റമ്പ സിന്റെ മൊത്തം വിസ്തീർണം	കളിസ്ഥല ത്തിന്റെ വിസ്തീർണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം
		സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	താൽക്കാലികമായി വിലുള്ളവർ			
1	2	3	4	5	6	7	8	9	10	11	12	13	14	15	16
GLPS തിനൂർ	എൽ.പി	✔				33	27	60	4	2	2		11 സെന്റ്	3 സെന്റ്	-
GLPS ചീക്കോന്ന്	എൽ.പി	✔				18	30	48	4	4	-	-	15 സെന്റ്	-	-
GSTS തിനൂർ	എൽ.പി	✔				111	107	218	9	6	3	-	32 സെന്റ്	15 സെന്റ്	-
GLPS കുമ്പളച്ചോല	എൽ.പി	✔				47	58	105	4	4	-	-	1 ഏക്ര	96 സെന്റ്	-
MLPS നരിപ്പറ്റ	എൽ.പി		✔			45	55	100	5	5	-	-	16 സെന്റ്	-	-
MLPS ചീക്കോന്ന്	എൽ.പി		✔			134	106	240	10	10	-	-	1.25 ഏക്ര	-	-
NLPS നരിപ്പറ്റ	എൽ.പി		✔			93	77	170	6	6	-	-	25 സെന്റ്	-	-
CWLPS ചീക്കോന്ന്	എൽ.പി		✔			26	28	54	4	4	-	-	25 സെന്റ്	-	-
SLPS നരിപ്പറ്റ	എൽ.പി		✔			68	57	125	5	5	-	-	29 സെന്റ്	8 സെന്റ്	-
CUPS ചീക്കോന്ന്	യു.പി		✔			445	439	884	29	29	-	-	1.5 ഏക്ര	5 സെന്റ്	-
NUPS നരിപ്പറ്റ	യു.പി		✔			309	299	608	26	26	-	-	2 ഏക്ര	20 സെന്റ്	-
RNMHS നരിപ്പറ്റ			✔			787	831	1618	61	61	-	2	3.5 ഏക്ര	1.3 ഏക്ര	

പട്ടിക II
സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാം സ്ഥല ലഭ്യത ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരേസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം	ഇനി ആവശ്യമുള്ള യിന്റെ എണ്ണം	നിലവിലുള്ള കക്കൂസ് സീറ്റിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല - കിണർ/കുഴൽ കിണർ/മറ്റ്	ഓവുചാൽ സൗകര്യം ഉണ്ട്/ഇല്ല	പാഠശാലമുറ്റം	സ്റ്റാഫ് റൂം	നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം												ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
NLPS നരിപ്പറ്റ	5	2	-	1	2	-	-	-	✔	1	10	2	x	-	x	x	✔	✔	x	10	15	3	4	5
MLPS ചീക്കോന്ന്	8	1	2	x	-	4	4	-	-	1	2	3	x	-	x	x	x	x	x	10	18	4	10	2
GLPS തിനൂർ	4	-	1	-	-	2	-	3	✔	x	-	2	x	-	✔	x	x	x	x	6	6	2	4	1
MLPS നരിപ്പറ്റ	4	1	-	-	5	-	-	-	1	1	10	-	-	-	x	x	-	✔	x	8	8	1	2	1
GLPS ചീക്കോന്ന്	4	-	1	-	-				1	2	5	-	1	1	x	x	x	x	x	x	✔	✔	✔	-
GLPS കുമ്പളച്ചോല	4	1	-	-	4	-	-	-	✔	x	-	10	x	-	x	x	-	-	-	16	-	-	4	-
SLPS നരിപ്പറ്റ	4	1	3	x	1	x	x	-	✔	1	10	1	x	x	✔	x	✔	x	x	10	10	2	5	2
NLPS ചീക്കോന്ന്	4	-	1	1	1	1	1	x	x	1	4		x	x	x	x	✔	x	x	4	4	1	4	1
GSTS തിനൂർ	8	1	1	-	5	3	-	-	x	2	6	-	1	-	✔	✔	✔	✔	x	42	-	-	-	-
CUPS ചീക്കോന്ന്	24	6	x	x	x	x	x	x	x	2	10	x	1		✔	✔	x	✔	x	40	40	10	10	-
NUPS നരിപ്പറ്റ	18	3	8	-	5	15	-	-	✔	2	25	1	1	-	✔	✔	✔	✔	x	20	20	3	-	9
RNMHS നരിപ്പറ്റ	38	2	4	-	8	37	-	x	x	5	16	2	2-		✔	✔	-	✔	-	-	-	-	-	

പട്ടിക IV

അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്	ഭൂപടശേഖരത്തോടുകൂടിയ ഭൂഗോളം ഉണ്ട്/ഇല്ല	പാഠഭാഗങ്ങളോടനുബന്ധിച്ചുള്ള സംഭാഷണ/ചർച്ചാ കോർണർ ഉണ്ട്/ഇല്ല	പാഠഭാഗങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്	
				ടെലിയോ	ടേപ്പ്റെക്കോർഡർ	ടി.വി. സെറ്റ്	വി.സി.ആർ/വി.സി.പി.	സ്റ്റിൽ പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	ഓവർ ഹെഡ്പ്രോജക്ടർ	കമ്പ്യൂട്ടർ	ആവശ്യത്തുള്ളത്	നിലവിലുള്ളത്
1	2	3	4	5	6	7	8	9	10	11	12	13	14
GLPS തിനൂര്	✔	x	x	✔	✔	x	x	x	x	x	x	5	5
NLPS നരിപ്പറ്റ	✔	✔	x	✔	✔	x	x	x	x	x	x	5	5
MLPS നരിപ്പറ്റ	✔	✔	✔	✔	✔	x	x	x	x	x	x	4	4
GLPS ചീക്കോന്ന്	✔	x	x	✔	✔	x	x	x	x	x	x	4	4
GLPS കുമ്പളച്ചോല	✔	✔	✔	✔	✔	x	x	x	x	x	x	5	5
SLPS നരിപ്പറ്റ	✔	x	x	✔	✔	x	x	x	x	x	x	5	5
CWLPS ചീക്കോന്ന്	✔	✔	✔	✔	✔	x	x	x	x	x	x	4	4
GSTS തിനൂര്	✔	x	x	✔	✔	x	x	x	x	x	x	8	8
CUPS ചീക്കോന്ന്	✔	x	x	x	x	x	x	x	x	x	x	24	24
NUPS നരിപ്പറ്റ	✔	✔	✔	✔	✔	x	x	x	x	x	x	21	19
MLPS ചീക്കോന്ന്	x	x	✔	✔	✔	x	x	x	x	x	x	8	8
RNMHS നരിപ്പറ്റ	✔	✔	✔	✔	✔		x	x	x	x	x	40	42

അനുബന്ധം - 9

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് :

	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ						
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
സ്റ്റാൻഡേർഡ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	230	203	433	8	8	16	-	-	-	-	-	-	-	-	-	11	5	16	16
II	212	204	416	12	14	26	1		1	32	31	63	-	-	-	1	3	4	4
III	217	229	446	12	15	27		1	1	28	29	57	-	-	-	6	1	7	7
IV	239	196	435	15	13	28	1		1	30	21	51				2		2	2
V	188	184	372	16	21	37	-	-	-	15	16	31	-	-	-	2	3	5	5
VI	200	205	405	13	20	33	2		2	19	13	32							
VII	198	235	433	11	21	32				49	28	77							
VIII	322	310	632	11	15	26	1	1	2	31	28	59				4	3	7	
IX	281	306	587	9	20	29				22	26	48				9	7	16	
X	230	273	503	2	10	12										4	8	12	
ആകെ	2317	2345	4662	109	157	266	5	2	7	226	192	418				39	30	69	34

പഠനം നിർത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ വിവരം ശേഖരിക്കുന്നത് നല്ലതാണ്.

ഓരോ സ്ക്കൂളിനും ഇത്തരത്തിലുള്ള ഒരു ഫോറം ഉപയോഗിക്കണം. പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ഇതേഫോറം തന്നെ ഉപയോഗിക്കാം.

അദ്ധ്യായം നാല്

ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം

ആരോഗ്യത്തിന് രോഗമില്ലാത്ത അവസ്ഥ എന്നാണർത്ഥം. വന്നുപെടുന്ന രോഗങ്ങളെ ചികിത്സിച്ചു മാറ്റുക എന്നത് മാത്രമാണ് ആരോഗ്യപ്രശ്നമെന്ന് സാധാരണയായി പറഞ്ഞു വരുന്നു. സത്യത്തിൽ പ്രശ്നത്തിന്റെ മൂന്നാമത്തെ പടിയാണ് ചികിത്സ എന്നത്. മൊത്തത്തിൽ ഈ പ്രശ്നത്തെ മൂന്നായി വിഭജിക്കാം. ഒന്ന് രോഗമില്ലായ്മ. രണ്ട്, രോഗപ്രതിരോധം. മൂന്ന്, രോഗചികിത്സ എന്നിവയാണവ.

നമ്മുടെ ഗ്രാമപഞ്ചായത്ത് ശുദ്ധവായു, ശുദ്ധജലം, ശുചിയായ പരിസരം എന്നീ കാര്യങ്ങളിൽ ഒട്ടും പിറകിലല്ല. ശാന്തമായ മനസ്സ്, പോഷകാഹാര ലഭ്യത, ആവശ്യത്തിന് കായികമായ വ്യായാമമോ അദ്ധ്വാനമോ ചെയ്യുക എന്നിവ കൂടി ആയാൽ ആരോഗ്യ സംരക്ഷണത്തിന്റെ മുന്നോടി പൂർത്തിയായി.

ആരോഗ്യപ്രശ്നത്തിന്റെ ആദ്യപടി ആയുർദൈർഘ്യമാണല്ലോ. പഞ്ചായത്തിലെ പൊതു ആരോഗ്യസ്ഥാപനങ്ങളിലെ സ്ഥിതി വിവരകണക്ക് വെച്ചുകൊണ്ട് ഇവിടുത്തെ മരണനിരക്കോ ആയുർദൈർഘ്യസ്ഥിതിയോ കൃത്യമായി തിട്ടപ്പെടുത്താനാവില്ല. പഞ്ചായത്തിലെ ജനനമരണ രജിസ്ട്രറും ഇക്കാര്യത്തിൽ പൂർണ്ണമല്ല. ജനങ്ങളിൽ വലിയൊരു ഭാഗം ചികിത്സതേടുന്നത് പഞ്ചായത്തിന് പുറത്തുള്ള കേന്ദ്രങ്ങളിൽ വെച്ചാണ്. പുറത്ത് വെച്ച് മരണമടയുന്നവരുടെ പട്ടിക പലപ്പോഴും പഞ്ചായത്തിൽ ലഭിക്കാറില്ല. പുറത്തുള്ളവരാരും ചികിത്സതേടി ഈ പഞ്ചായത്തിൽ എത്താറുമില്ല. അപ്പോൾ ഒരു ശരാശരിക്കു പോലും ഇവിടെ യഥാർത്ഥപ്രസക്തി ഇല്ലാതായി തീരുന്നു. പഞ്ചായത്ത് മുഴുക്കെയുള്ള മരണങ്ങളുടെ സ്ഥിതി അന്വേഷിച്ചറിഞ്ഞതിന്റെ വിവരം ശേഖരിച്ചുകൊണ്ട് പഞ്ചായത്തിലെ മരണനിരക്ക് 1000ന് 3നും 4നും ഇടയിലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അതുപോലെ ബാലമരണനിരക്ക് ഇവിടെ 1000ന് രണ്ടിൽ കുറവാണ്. പഞ്ചായത്ത് രേഖകളിൽ നിന്ന് ജനനനിരക്ക് കണ്ടെത്താൻ കഴിയില്ല. ഇന്ന് എല്ലാ പ്രസവങ്ങളും ആശുപത്രിയിൽ വെച്ച് നടക്കുന്നു. പഞ്ചായത്തിൽ അതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പ്രസവങ്ങൾ പഞ്ചായത്തിന് പുറത്ത് വെച്ച് നടക്കുകയാണ് ചെയ്യുന്നത്. അതുവേണ്ടവിധത്തിൽ പഞ്ചായത്തിൽ അറിയിക്കുന്നില്ല. തെറ്റായ സഥിതി വിവര കണക്ക് രേഖപ്പെടുത്താതിരിക്കുകയാണുത്തമം.

അമ്മമാരും അവരുടെ കുട്ടികളും എത്രയെന്നാണ് ഇനി പരിശോധിക്കേണ്ടത് . വാർഡടിസ് ഥാനത്തിൽ അവ രേഖപ്പെടുത്തുന്നു.പട്ടിക.1 നോക്കുക.

പട്ടികയിൽ വിവരിച്ച സ്ഥിതി വിവരണ കണക്കുകൾ മുഴുക്കെ നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്. സത്യത്തിൽ രോഗതുരത ഈ കണക്കുകളിൽ ഉള്ളതിനേക്കാൾ ഏറിയ തോതിൽ ഇവിടെ കണ്ടെത്താൻ കഴിയും. കൂടുതൽ രോഗികൾ പുറത്ത് വെച്ച് ചികിത്സ തേടുന്നു എന്ന അവസ്ഥ വിസ്മരിക്കപ്പെട്ടുകൂടാ. ഗർഭിണികൾ, കുട്ടികൾ എന്നിവരെ പ്രായം തിരിച്ച് പട്ടികപ്പെടുത്തിയത് ശിയായ സ്ഥിതിതന്നെ കാണിക്കുന്നു. പൊതുആരോഗ്യ സ്ഥിതിയെ സംബന്ധിച്ച ഒരേകദേശരൂപം ഇവയിൽ നിന്ന് ലഭിക്കുന്നു. രോഗപ്രതിരോധ നടപടികളിൽ ജനങ്ങൾ പൂർണ്ണസഹകരണവും പങ്കും വഹിക്കുന്നു. വിദ്യാലയങ്ങളിൽ രോഗനിർണ്ണയക്കേമ്പുകൾ നടത്തിയത് അങ്ങേയറ്റം ഫലപ്രദമാണെന്ന് കണ്ടെത്താൻ കഴിഞ്ഞു. കുട്ടികളിൽ ശ്രദ്ധിക്കപ്പെടാതിരുന്ന പല രോഗങ്ങളും ഇങ്ങനെ ശ്രദ്ധയിൽ പെട്ടു. മാതൃസംഗമവേളയിൽ അദ്ധ്യാപകർ ഇക്കാര്യം ശ്രദ്ധയിൽ പെടുത്തി എന്നത് അങ്ങേയറ്റം ശ്ലാഘനീയമാണ്. കണ്ണ്, പല്ല്, നഖം എന്നിവയുടെ ചില ദൗർബല്യങ്ങൾ പല വിദ്യാലയങ്ങളിലേയും കുട്ടികൾക്കുള്ളത് ശ്രദ്ധയിൽ പെട്ടത് വളരെ പ്രയോജനപ്പെട്ടു.

ഏതാണ്ട് 30000ത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരൊറ്റ സർക്കാർ ആശുപത്രിയേ അലോപതിയുടേതായുള്ളു. സ്വകാര്യമേഖലയിലും മറ്റൊന്നില്ല. 1963ൽ ഇവിടെ സ്ഥാപിച്ച അന്നത്തെDispensery വളരെ സൗകര്യമുള്ള ഒന്നായിരുന്നു. അന്നു രോഗികളെ ഇവിടെ കിടത്തി ചികിത്സിപ്പിച്ചിരുന്നു. ഇവിടെ പ്രസവങ്ങൾ നടക്കുകയുണ്ടായി. എന്നാലിന്ന് ഈ സ്ഥാപനം PHCയായി ഉയർന്നു. ഇന്നത്തെ നിലയിൽ വളരെ പരിതാപകരമായി തുടരുന്നു. ഇത് ഏതു നിമിഷവും പൊളിഞ്ഞു വീഴാവുന്ന സ്ഥിതിയിലാണ് ഇന്ന്. ഇക്കാര്യം കഴിഞ്ഞു 15 വർഷമായി നിരന്തരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പതിപ്പിച്ചിട്ടും ഫലമൊന്നുമുണ്ടായിട്ടില്ല. ഒറ്റ ദിവസം കൊണ്ട് തേങ്ങാപിരിവ് നടത്തി വലിയ ജനകീയ പങ്കാളിത്തത്തോടെ ആവശ്യമായ സ്ഥലം ആശുപത്രിക്ക് സമീപം പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇവിടുത്തെ ജനത വിലയ്ക്ക് വാങ്ങി ഗവൺമെൻറിൽ ഏൽപിച്ചിട്ടും കാര്യങ്ങളൊന്നും നടന്നു കാണുന്നില്ല. പാർലമെൻറ് അംഗമായ ശ്രീ. ഒ. ഭരതന്റെ ഫണ്ടിൽ നിന്നും ഇന്നു 4 ലക്ഷം രൂപ ഈ ആവശ്യാർത്ഥം അനുവദിക്കപ്പെട്ട കാര്യം നന്ദിപൂർവ്വം ഇവിടെ രേഖപ്പെടുത്തട്ടെ. ഉടനെ അത് ഉപയോഗിപ്പെടുത്തി ഇന്നത്തെ ആശുപത്രി കെട്ടിടത്തിന് തൊട്ട് ഒരു ഹാൾ കെട്ടിടമുണ്ടാക്കാൻ പഞ്ചായത്ത് ശ്രമം തുടങ്ങിക്കഴിഞ്ഞു. എല്ലാ ഗ്രാമസഭകളിലും ജനങ്ങൾ രോഷാകുലരായി ഇക്കാര്യം എടുത്തുകാട്ടിയിട്ടുണ്ട് എന്നുകൂടി ഇവിടെ പ്രസ്താവിക്കട്ടെ. താൽക്കാലികമായി, ആശുപത്രി ജീവനക്കാർക്ക് കെട്ടിടം വീണു ക്ഷതമമേൽക്കാതിരിക്കാൻ വേണ്ടി ആശുപത്രി പ്രവർത്തനം തൊട്ടടുത്തുള്ള

മൃഗാശുപത്രിയിലേക്ക് മാറ്റണമെന്ന് പഞ്ചായത്ത് ആലോചിച്ചു വരുന്നു.

ഇവിടെ പ്രവർത്തിക്കുന്ന മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളാകട്ടെ ആശുപത്രിയുടെ സബ്സെൻറുകളാവട്ടെ ഒട്ടും ഫലപ്രദമല്ല. സ്റ്റാഫിൻെറ അപര്യാപ്തത എക്കാലത്തെയും ഇവിടുത്തെ സ്ഥാപനങ്ങളുടെ തീരാശാപമാണ്.

ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ ഒരു പൊതുവായ കാര്യം ശ്രദ്ധയിൽ പെടുത്തി intentചെയ്യാത്ത മരുന്നുകളും ഇവ രണ്ടിലും കെട്ടിയേൽപ്പിക്കപ്പെടുന്നു. അവ കൈപ്പറ്റി ആവശ്യമില്ലെങ്കിലും വിതരണം ചെയ്യേണ്ടുന്ന ഗതികേടിലാണ് രണ്ടു സ്ഥാപനങ്ങളും. ഗവൺമെൻറിൻെറ ഭാഗത്ത് നിന്നുള്ള ഉത്തരവാദിത്തരാഹിത്യത്തിൻെറ ഉത്തമോദാഹരണങ്ങളാണിവ.

ആയൂർവേദ ഡിസ്പൻസറി 10 കൊല്ലം മുമ്പ് ഇവിടെ സ്ഥാപിക്കപ്പെടുമ്പോൾ അനുവദിച്ചത് 12000 ക.യുടെ മരുന്ന്. അത്രമാത്രമായി വിലകുടിയ ഇക്കാലത്തും അനുവദിക്കപ്പെടുന്നു. പേരിന് ഇങ്ങനെയൊരു സ്ഥാപനമുണ്ടായത് കൊണ്ട് മാത്രം ജനങ്ങൾക്ക് ഒരു പ്രയോജനവുമില്ല. ഇവിടുത്തെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കക്കൂസുകളോ ആവശ്യമായ ഉപകരണങ്ങളോ ഫർണിച്ചറുകളോ ഇല്ല.

അടിയന്തിര പരിഗണനയ്ക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്കീമുകളായി മാറ്റാൻ വേണ്ടി താഴെ കൊടുക്കുന്നു.

1. അലോപ്പതി

PHC കെട്ടിടം സ്ഥാപിക്കുന്നതിന് 25 ലക്ഷം കൂടിവകയിരുത്തുക.

a കെട്ടിടത്തിൽ സ്ത്രീകളെയും പുരുഷന്മാരെയും കിടത്തി ചികിത്സിക്കാനാവശ്യമായ പ്രത്യേകം വാർഡുകളുണ്ടായിരിക്കണം.

b Drip കൊടുക്കാനും അടിയന്തിര ഘട്ടത്തിൽ ഓക്സിജൻ നല്കാനും ഒടിവ് ചതവ് എന്നിവ തുന്നിക്കെട്ടാനും ആവശ്യമായ സൗകര്യങ്ങൾ ചെയ്യുക.

c സ്വാഭാവിക പ്രസവങ്ങൾ നടക്കുന്നതിന് ഗർഭിണികളെ പ്രവേശിപ്പിക്കാനുള്ള സൗകര്യവും സ്ത്രീരോഗികളെ പരിശോധിക്കാൻ ഒരു ലേഡീ ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും ചെയ്യുക.

d താവുള്ളകൊല്ലി, കുമ്പളച്ചോല, വാളൂക്ക് എന്നീ ദൂരപ്രദേശങ്ങളിൽ സബ്സെൻറുകൾ സ്ഥാപിക്കുക.

e പഞ്ചായത്തിൽ ആവർത്തിക്കപ്പെടുന്ന രോഗങ്ങൾ കണ്ടെത്തി മുൻകൂട്ടി അവയ്ക്കുള്ള മരുന്നുകൾ സംഭരിച്ച് വെയ്ക്കുക.

f സ്റ്റാഫിൻെറ അഭാവം പരിഹരിക്കുക.

2. ആയൂർവേദം

a അനാവശ്യമായ മരുന്നുകൾ അടിച്ചേൽപ്പികാതിരിക്കുക. കക്കൂസ്, മരുന്നുസൂക്ഷിക്കുവാനുള്ള അലമാര,അത്യാവശ്യമായ ഫർണിച്ചർ എന്നിവ വാങ്ങിക്കുക.

b ഇന്ന് അനുവദിക്കപ്പെടുന്ന മരുന്നു വാങ്ങാനുള്ളവാർഷികസംഖ്യ 12000കയിൽ നിന്ന് 50000 ക.യാക്കി ഉയർത്തുക.

3.ഹോമിയോ

a ഹോമിയോ ഡിസ്പെൻസറി എവിടെ എന്ന് കാണിക്കുന്ന Sign board സ്ഥാപിക്കുക. Dispensary യിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുക.

c ചില രോഗങ്ങൾക്കുള്ളപ്രതിരോധ മരുന്ന് അവ ലഭ്യമാണെങ്കിലും ജനങ്ങൾ അതറിയാതെ പോകുന്നത് ബോധമില്ലാത്തതിനാലാണ്. ആവശ്യമായ ബോധവൽക്കരണം നടത്തുക.

d നശിച്ചു പോകുന്ന മരുന്നുകൾ സൂക്ഷിക്കുന്നതിനാവശ്യമായ storage shelf, മറ്റു ഫർണ്ണിച്ചറുകൾ എന്നിവ എത്തിക്കുക.

IV എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ ക്യാമ്പുകൾ നടത്താനുള്ള ഏർപ്പാടുകൾ ചെയ്യുക. ഉപകരണ ലഭ്യതയും ഉറപ്പു വരുത്തുക.

കുടിവെള്ളം

ഒരു കാൽനൂറ്റാണ്ട് മുമ്പ് നമ്മുടെ പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നില്ല. നമ്മുടെ നീരുറവകൾ വറ്റുകയും കുളങ്ങൾ നികത്തപ്പെടുകയും വനനാശം പൂർണ്ണമാവുകയും ചെയ്തതോടെ നമ്മുടെ പഞ്ചായത്തും രൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. മൊത്തം 5000ത്തോളം വീടുകളുള്ള നമ്മുടെ പഞ്ചായത്തിൽ 3000 കുടുംബങ്ങളെങ്കിലും മാർച്ച്, ഏപ്രിൽ മാസം തൊട്ട് ലോറിവഴി പഞ്ചായത്ത് വിതരണം ചെയ്യുന്ന അല്പമാത്രമായ ജലത്തെ ആശ്രയിക്കേണ്ടി വരുന്നു. ഇവയിൽ 1000 കുടുംബങ്ങൾ സ്ഥിരമായ ജലദൗർല്ലഭ്യം അനുഭവിക്കുന്നവരാണ്. എല്ലാ ഗ്രാമസഭകളിലും സ്ത്രീകൾ മുഖ്യമായും ഉന്നയിച്ച ആവശ്യവും ഇതത്രെ. 200 മീറ്ററിൽ ഏറെ നടക്കാതെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം. എന്നാൽ കിണർ കുഴിച്ചു മാത്രം ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനാവില്ല. വർഷങ്ങൾക്കു മുമ്പ് പഞ്ചായത്ത് ആവിഷ്കരിച്ച കുറെ പദ്ധതികൾ സർക്കാരിൻെറ മുന്നിൽ കിടക്കുന്നു. നടപടിക്ൾ ഉടനുണ്ടാവുകയാണാവശ്യം.

ഈ പദ്ധതികളെ നിർദ്ദേശ രൂപത്തിൽ താഴെ അവതരിപ്പിച്ചിട്ടുണ്ട്. അവ സ്കീമുകളായി നടപടികളിലേക്ക് നീക്കാനാണ് ഇനി ശ്രമം നടക്കേണ്ടത്. കാര്യമായ ജലക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് I

വാളൂക്ക്.

വാർഡ് II

പൂതംപാനി
അറക്കലപൊയിൽ
ഈന്തുങ്കാട്
ഏറങ്കോട്
പയ്യാക്കണ്ടി
ഉപ്പമ്മൽ
നടുത്തറ

വാർഡ് III

തിനൂര്
നെല്ലിക്കുന്ന്
മാക്കാവ് 4 cent കോളനി
പൊടിക്കുളം 4 cent കോളനി

വാർഡ് IV

കോളിയാട്ടപൊയിൽ ലക്ഷം വീട് കോളനി
മുണ്ടയോട്
കല്ലിക്കാർ പറമ്പ്

വാർഡ് V

പടിഞ്ഞാറകുന്ന്
അരീക്കരക്കുന്ന്
വേങ്ങോറകുന്ന്
ജാതിയോറകുന്ന്
ചമ്പിലോറകുന്ന്

വാർഡ് VI

തൈക്കണ്ടികുന്ന്

വാർഡ് VII

കുയിതേരികുന്ന്
കോയ്യാൽ കുന്ന്
ഇത്തപടിക്കുന്ന്

വാർഡ് VIII

മരോടി പ്രദേശം
പെരേല കണ്ടി പ്രദേശം

വാർഡ് IX

ഉള്ളിയോറ കുന്നു ലക്ഷം വീട് കോളനി
ചെവിട്ടുപാറ പ്രദേശം

വാർഡ് X

ചുണ്ടകുന്ന്
കണിയാങ്കണ്ടി
വയലാറി
കരിങ്കുറ്റി

വാർഡ് XI

ആയിനികുന്ന്
മൊയിലോം കുന്ന്
പതിയാരം
പാണ്ട്യാമ്പുറം
നീറുമ്പാറ

മേൽപറഞ്ഞ പ്രദേശത്ത് എല്ലാ വേനൽകാലത്തും വലിയ തുക മുടക്കി പഞ്ചായത്ത് ലോറി വഴി ജലവിതരണം നടത്തുകയാണ് പതിവ്. പഞ്ചായത്തിനു പുറത്തുള്ള പ്രദേശങ്ങളിൽ നിന്നു വേണം ഇതിനുവേണ്ടി ജലം സംഭരിക്കുവാൻ. ഇതുകൊണ്ടു വളരെ പരിമിതമായ ആവശ്യമെ നിർവ്വഹിക്കപ്പെടുന്നുള്ളു. പൂർത്തിയായതും പൂർത്തിയാകാത്തതുമായ പൊതുജലവിതരണകേന്ദ്രങ്ങൾ താഴെ പട്ടിക പെടുത്തുന്നു.

	ജലസേചന സൗകര്യം	വാർഡ്	റിമാർക്സ്
1.	കുഴൽ കിണർ	5 (കൈവേലി)	പ്രയോഗയുക്തം
2.	കുഴൽ കിണർ	5 (കായക്കൂലിന് സമീപം)	പ്രയോജന രഹിതം
3.	കുഴൽകിണർ	2 (പയ്യാങ്കണ്ടി)	പ്രയോജനരഹിതം
4.	മിനിവാട്ടർ സപ്ലൈസ് സ്കീം	7 (പടിഞ്ഞാറകുന്ന്)	പൂർത്തീകരിച്ചിട്ടില്ല.
5.	,,	7 (കോയ്യാൽ ഭാഗം)	,,
6.	,,	7 (കുയ് തേരിഭാഗം)	,,

കോളനികളിലെ പൊതുകിണറുകൾ

	ജലസേചന സൗകര്യം	വാർഡ്	റിമാർക്സ്
1.	വായാട്ട് കുറിച്യ കോളനി	1	പ്രയോഗയുക്തം
2.	പയ്യാക്കണ്ടി ലക്ഷം വീട്	2	,,
3.	പൊടിക്കളം 4 cent കോളനി	3	,,
4.	നമ്പാപൊയിൽ ലക്ഷം വീട്	3	,,
5.	പൊന്നം പറമ്പ് ലക്ഷം വീട്	2	,,

മറ്റു 20 കിണറുകൾ കൂടി പഞ്ചായത്തുവക വ്യത്യസ്ത വാർഡുകളിൽ നിർമ്മിച്ചിട്ടുണ്ട്. അവയൊക്കെ പ്രയോഗയുക്തവുമാണ്. സ്വകാര്യവസതികളോട് അനുബന്ധമായി 3928 വേറെയുണ്ട്. അവയെ പമ്പ് സെറ്റുകളുള്ളതും ഇല്ലാത്തതുമായി താഴെ പട്ടികപ്പെടുത്തുന്നു.

ഇനം	പമ്പുസെറ്റു ഘടിപ്പിച്ച കിണർ	പമ്പ് സെറ്റ് ഇല്ലാത്തകിണർ	കിണറില്ലാത്തവ
സ്വകാര്യ വസതി	1232	2696	766
വിദ്യാലയങ്ങൾ	1	6	4
മറ്റു സ്ഥാപനങ്ങൾ	3	5	2

പഞ്ചായത്തിൽ ക്ഷേത്രങ്ങളോടും പള്ളികളോടും അനുബന്ധിച്ചു നിർമ്മിക്കപ്പെട്ട കുളങ്ങളും കിണറുകളും വേറെയുണ്ട്. മുമ്പുണ്ടായിരുന്ന കുളങ്ങൾ മിക്കതും തൂർക്കപ്പെട്ടിരിക്കുകയാണ്. ജലസംശുദ്ധി സംരക്ഷിക്കപ്പെടാതിടത്ത് അതിനുള്ള സൗകര്യം ഏർപ്പെടുത്തുകകൂടി വേണം.

നമ്മുടെ ആരോഗ്യ പ്രശ്നത്തെ ബാധിക്കുന്ന വലിയൊരു പ്രശ്നമാണിത്. പഞ്ചായത്ത് മുഴുക്കെ ജനങ്ങളുടെ പ്രതിക്ഷേധം ശക്തിയായി ഉയരുന്ന ഒരു മേഖലയുമാണിത്. സ്ത്രീകളുടെ സമയത്തിൽ സിംഹഭാഗവും വേനൽകാലത്ത് നഷ്ടമാവുന്നത് ജലശേഖരണത്തിനു വേണ്ടിയാണ്. ഗ്രാമസഭകളിൽ സ്ത്രീകളുടെ രോഷം എല്ലായിടത്തും പ്രകടമായി കണ്ട ഒരു വിഷയമാണിത്. അടിയന്തിര പരിഹാരത്തിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ സ്കീമുകളാക്കുവാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. പഞ്ചായത്തിന് സമഗ്രജലവിതരണ പദ്ധതി (സ്രോതസ് ഗുളികപ്പുഴ)
2. തിനൂർ ജലവിതരണ പദ്ധതി
(സ്രോതസ്സ് വാണിമേൽ പുഴ, ഇരുട്ടിപ്പുഴ)
3. താഴെ നരിപ്പറ്റ പദ്ധതി (സ്രോതസ് - വാണിമേൽ പുഴ, തണ്ണോത്ത് താഴെ)
4. ഉള്ളിയോറ ലക്ഷം വീട്ടിലേക്ക് പ്രത്യേക പദ്ധതി.
5. ഇന്നത്തെ കുയ്തേരി, കൊയ്യാൽ, പടിഞ്ഞാറകുന്ന് ഭാഗങ്ങളിലെ മിനിവാട്ടർ സപ്ലൈ സ്കീം പൂർത്തീകരിക്കുക.
6. എല്ലാ കിണറുകൾക്കു സമീപവും ജലശുചീകരണാർത്ഥം നെല്ലിമരം വെച്ച് പിടിപ്പിക്കുക.
7. കൃഷി ജലസേചനം എന്ന അദ്ധ്യായത്തിൽ പ്രസ്താവിച്ച മുഴുവൻ ജലസ്രോതസ്സുകളും വീണ്ടെടുക്കുക.
8. എല്ലാ വാർഡുകളിലും കൂടി, വാർഡുകളിലെ ആവശ്യത്തിനനുസൃതമായി പുതിയ കിണറുകൾ (27 എണ്ണം) നിർമ്മിക്കുക.

പരിസരശുചിത്വം

അങ്ങാടികളും പൊതുസ്ഥാപനങ്ങളും മാത്രമല്ല നമ്മുടെ വസതികൾ പോലും ശുചിത്വം പാലിക്കുന്നതിൽ പിന്നോക്കം നില്ക്കുന്നതായി അനുഭവപ്പെടുന്നു. കക്കൂസ്, കുളിമുറി എന്നീ പ്രാഥമിക ആവശ്യങ്ങളെ കുറിച്ച് സാമൂഹ്യക്ഷേമം എന്ന അദ്ധ്യായത്തിൽ പ്രസ്ഥാവിക്കുന്നുണ്ട്. അക്കാര്യം ഇവിടെ ആവർത്തിക്കുന്നില്ല. വീട് ശുചിത്വത്തോടെ സൂക്ഷിക്കാൻ സ്ത്രീകളെ പ്രത്യേകം ബോധവൽക്കരിക്കേണ്ടത് ആരോഗ്യപരിപാലത്തിന്റെ ഒരു പ്രധാന ഘടകമാണ്. ജലജന്യരോഗങ്ങളിൽ മിക്കതും ഇല്ലായ്മ ചെയ്യാൻ ഇതുവഴി കഴിയും. വസതികളിലെ പാഴ് വസ്തുക്കളും പാഴ് ജലവും ഒഴിവാക്കാൻ ഓരോ വസതിയിലും ചിലവുകുറഞ്ഞ കുഴികൾ നിർമ്മിക്കുവാൻ അവയിൽ കുമ്മായം മുതലായവ ചേർത്ത് ആഴ്ചയിലൊരിക്കലെങ്കിലും മണ്ണിട്ടുമൂടുവാനും പരിശീലിപ്പിക്കണം.

പഞ്ചായത്തിൽ വലിയ അങ്ങാടികളൊന്നുമില്ല. കൈവേലി അങ്ങാടിയാണ് ഏറ്റവും വലുത്. ഏറ്റവും മാലിന്യങ്ങൾ നിറഞ്ഞ് കിടക്കുന്നതും ഇവിടെ തന്നെ. ടാക്സി സ്റ്റാൻഡ്, ബസ്സ്റ്റാൻഡ്, മത്സ്യമാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് എന്നീ പൂർണ്ണമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മുള്ളമ്പത്ത്, ട്രാൻസ്ഫോർമർ മുക്ക്, കളോത്ത് കണ്ടോ, പൊയിൽ പീടിക, കക്കുഴി പീടിക, നമ്പ്യത്താംകുണ്ട്, തിനൂർ സ്ക്കൂളിന് സമീപം എന്നിവിടങ്ങളിലുമുണ്ട് മാലിന്യ പ്രശ്നങ്ങൾ. അവശിഷ്ടവസ്തുക്കൾ അടുത്തുള്ള തോടുകളിലും റോഡുവക്കിലെ ഡ്രെയിനേജുകളിലും നിക്ഷേപിക്കപ്പെടുകയാണ് പതിവ്. ഇത് പരിഹരിച്ചേ ഒക്കൂ.

വാഹനങ്ങൾ പൊതുവഴിയിൽ വെച്ചു കഴുകി കൊണ്ടിരിക്കുന്നതും പ്രശ്നമായി തീരുന്നു. റോഡിൽ ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ട് നിർമ്മാണ വസ്തുക്കളും കാർഷിക വിഭവങ്ങളും ഇറക്കിവെക്കുന്നത് ഗതാഗത പ്രശ്നം മാത്രമല്ല മാലിന്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു. താഴെ പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

കൈവേലി, മുള്ളമ്പത്ത്, ട്രാൻസ്ഫോർമർമുക്ക്, കണ്ടോത്തുകുനി, പൊയിൽ പീടിക,നമ്പ്യത്താംകുണ്ട്, കക്കുഴിപ്പീടിക, തിന്നൂർ സ്ക്കൂളിന് സമീപം എന്നിവിടങ്ങളിൽ മാലിന്യങ്ങൾ കളയുവാൻ വീപ്പകൾ വെക്കുക.

2. കൈവേലിയിൽ ബസ്സ്റ്റാൻഡിനു സമീപം പൊതുകക്കൂസും കുളിമുറിയും സ്ഥാപിക്കുക.
3. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ ട്രൻച്ചിങ്ങ് സംവിധാനം ഏർപ്പെടുത്തുക.
4. ചായപ്പീടിക, ഹോട്ടൽ, മറ്റു ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്നിടം എന്നിവ ശുചിത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ പ്രാദേശികാടിസ്ഥാനത്തിൽ കച്ചവടക്കാരെ കൂടി ഉൾപെടുത്തി സാനിറ്റേഷൻ സമിതികൾ സംഘടിപ്പിക്കുക. ഈ സമിതികളുടെ പ്രവർത്തനം ആഴ്ചതോറും വിലയിരുത്തുക.
5. സ്വകാര്യ പൊതു കിണറുകളിലെ ജലം ശുദ്ധിയായി നിലനിർത്താനാവശ്യമായ ലായനികളൊ മറ്റു വസ്തുക്കളൊ സൗജന്യമായി വിതരണം ചെയ്യുക.
6. ഓരോ വാർഡിലും അയൽകൂട്ടങ്ങൾ സംഘടിപ്പിച്ച് അവയിൽ നിന്ന് സ്ത്രീകൾക്ക് പങ്കാളിത്തം നൽകികൊണ്ട് sanitation committeeകൾ സംഘടിപ്പിക്കുക. ഇവക്ക് Health InspectorsമാരുടെയുംHealth Visitorsമാരുടെയും സഹകരണം ഉറപ്പുവരുത്തുക.

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
ഒരു കുട്ടിയുള്ള അമ്മ	64	151	95	65	78	43	44	50	25	28	29	582
2 കുട്ടികളുള്ള അമ്മ	85	444	141	212	140	195	120	118	128	77	130	1790
2ൽ കൂടുതൽ കുട്ടികളുള്ള അമ്മ	105	287	179	186	62	358	132	304	187	110	223	2031

വൈകല്യ നിരക്ക് വാർഡ് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു.

	1	2	3	4	5	6	7	8	9	10	11	ആകെ
ബധിരർ	1	2	5	2	4	-	1	4	-	1	1	21
ബധിര മൂകർ	3	3	-	2	2	7	2	3	-	-	2	23
മൂകർ	1	-	6	-	1	1	2	4	-	-	1	16
അന്ധർ	1	1	2	1	-	3	3	5	2	-	2	20
ചലന വൈകല്യം ഉള്ളവർ	8	14	4	4	9	5	4	3	-	3	5	59

സ്ഥായിയായ രോഗ ബാധിതരുടെ പട്ടിക

വാർഡ്	1	2	3	4	5	6	7	8	9	10	11
രക്ത സമ്മർദ്ദം	37	26	16	31	9	33	9	36	-	-	58
പ്രമേഹം	28	18	18	36	4	36	10	103	3	8	18
കാൻസർ	4	4	2	-	-	5	1	2	1	-	2
കുഷ്ഠം	-	1	-	-	-	-	-	-	1	-	-
ക്ഷയം	1	6	-	-	1	-	2	-	1	2	11
ഹൃദ്രോഗം	4	12	11	6	11	7	9	43	-	-	3

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ പട്ടിക

വാർഡ്	1	2	3	4	5	6	7	8	9	10	11
1 കുട്ടി	5	5	20	1	36	11	9	37	-	4	9
2 കുട്ടികൾ	69	270	113	193	62	61	88	77	39	47	93
2ൽ കൂടുതൽ കുട്ടികൾ	92	153	120	166	77	82	109	83	46	73	116

1 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ

വാർഡ്	1	2	3	4	5	6	7	8	9	10	11
	26	72	34	25	15	67	21	84	18	12	21

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ് (PHC) കണക്ക്

		സി.പി.സി.				പോളിയോ				സി.ടി.				
കുട്ടികൾ	BCG	1D	2D	3D	BD	1D	S2D	3D	BD	4.50-5 വയസ്സ്		മീഡിൽസ്		
1 വയസ്സിൽ താഴെ	447	447	447	447	447	447	447	447	447	1D	2D	3D	BD	447
1-3 വയസ്സ്	1359	1359	1359	1359	1359	1359	1359	1359	1359	78	78	78	78	74
3-6 വയസ്സ്	6	-	-	-	-	2251	2251	2251	2251	2251	2251	2251	2251	7

ഗർഭിണികൾക്ക് കൊടുത്ത TT

	1D	2D	3D
ഗർഭിണികൾ	214	242	89

ഇരുമ്പ്/ഫോമിക് ആസിഡ് ലഭിച്ചവരുടെ എണ്ണം - 570
ഇരുമ്പ്/ഫോമിക് ആസിഡ് ലഭിച്ച കുട്ടികളുടെ എണ്ണം - 2251
VITAMIN A drops ലഭിച്ച കുട്ടികളുടെ എണ്ണം - 1359
Hospital Delivery - 496
House Delivery - NIL

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാരുടെ എണ്ണം

സ്ത്രീകളുടെ പ്രായക്രമത്തിൽ രേഖപ്പെടുത്തുന്നു (വാർഡ് അടിസ്ഥാനത്തിൽ)

പ്രായം	1	2	3	4	5	6	7	8	9	10	11
15-19	8	32	35	33	34	9	6	8	7	1	-
20-24	43	149	57	77	37	37	43	59	12	9	47
25-29	82	184	71	86	37	81	72	75	33	15	73
30-34	75	175	86	90	60	108	42	78	64	25	71
35-39	43	129	61	110	55	117	37	40	51	61	49
40-44	33	159	103	94	62	211	43	96	79	85	173

രോഗവിവരങ്ങൾ (PHC)

രോഗവിവരം പ്രതിവർഷം (എണ്ണം)

വർഷം	In patient	Out Patient	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധി	വിഷ ചികിത് സ	മറ്റുള്ളവ	ആകെ
92-93	-	15441	4121	2408	5887	-	3525	15441
93-94	-	16258	4918	3411	6048	-	1881	16258
94-95	-	19724	5116	3896	6365	-	4347	19724
95-96	-	21144	5491	4200	8724	-	2729	21114

ആയൂർവ്വേദം

രോഗവിവരം പ്രതിവർഷം (എണ്ണം)

വർഷം	In patient	Out Patient	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധി	വിഷ ചികിത് സ	മറ്റുള്ളവ	ആകെ
92-93	-	12762	8639	4123	-	-	-	
93-94	-	1133	700	361	10	40	22	
94-95	-	1226	296	900	10	20	12	
95-96	-	1306	100	260	10	38	16	

പകർച്ചവ്യാധി വിവരങ്ങൾ (P H C)

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
93-94	രേഖയില്ല	രേഖയില്ല	രേഖയില്ല	രേഖയില്ല
94-95	192	4301	454	7132
95-96	106	3467	648	3658

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരം

വിഭാഗം	ആശുപത്രി		ഡിസ്പെൻസറി		മാതൃശിശു സംരക്ഷണ കേന്ദ്രം		ജീവനക്കാരുടെ എണ്ണം
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	
അലോപതി	1	-	-	-	2	-	21
ഹോമിയോ	-	-	1	1	-	-	3+1
ആയൂർവ്വേദം	-	-	1	6	-	-	3+6

P H Cയിൽ ഉള്ള ഒഴിവ് അടിയന്തിരമായി നികത്തേണ്ടതാണ്.

അദ്ധ്യായം അഞ്ച്

വ്യവസായം

ലഭ്യമായ അസംസ്കൃതവിഭവങ്ങളെ യന്ത്രസംവിധാനങ്ങളും അനുയോജ്യമായ സങ്കേതിക വിദ്യയും തൊഴിൽ വൈദഗ്ധ്യവും പ്രയോജനപ്പെടുത്തി സംസ്കരിച്ച് ഉല്പന്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയെ വ്യവസായമായി വിവക്ഷിക്കപ്പെടുന്നു. അസംസ്കൃത വസതുക്കളുടെ ലഭ്യതയും സമൂഹത്തിന്റെ ആവശ്യകതയ്ക്കനുസൃതമായ വിപണന സൗകര്യമാണ് വ്യവസായ നിലനില്പിന്റെ സുപ്രധാനമായ രണ്ടു ഘടകങ്ങൾ. ഇവ രണ്ടും ഒത്തു വന്നാൽ സാങ്കേതികവിദ്യയും വൈദഗ്ധ്യവും ഉണ്ടാക്കിയെടുക്കാവുന്നതേയുള്ളൂ. ജനകീയാസൂത്രണത്തിന് വിശാലമായ സാമൂഹ്യ ലക്ഷ്യങ്ങളുണ്ട് എന്നതിനാൽ വ്യവസായത്തെപ്പറ്റി പരിചിന്തിക്കുമ്പോൾ അതീവശ്രദ്ധയോടെ ചില ഘടകങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കേണ്ടതുണ്ട്. അതിൽ മുഖ്യമായത് സംരഭങ്ങളൊന്നും തന്നെ ഗ്രാമീണ സമ്പദ്ഘടനയെ തകർക്കരുത് എന്നതത്രെ. കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കൊണ്ടു മാത്രമേ ഗ്രാമീണ സമ്പദ്ഘടനയെ നോക്കിക്കാണാനാവൂ. വ്യവസായ മേഖല കാർഷിക മേഖലയെ കീഴ്പ്പെടുത്തിഅടക്കി വാഴുന്ന അവസ്ഥയാണ് എവിടെയും ഇന്നുള്ളത്. കാർഷിക വിഭവങ്ങളുടെ വിലനിലവാരം വ്യവസായസ്ഥാപനങ്ങളുടെ ദയാദാക്ഷിണ്യത്തിന് വിധേയമാക്കുന്ന ഇന്നത്തെ അവസ്ഥ ഗ്രാമീണ സമ്പദ്ഘടനയെ അലങ്കോലപ്പെടുത്തുന്നു. ഇരു മേഖലകളും സഹകരിച്ച് പരസ്പരം പരിരക്ഷ നൽകുന്ന ഒരു പുതിയ സമീപനം ഈരംഗത്ത് ആവശ്യമാണ്. അത്തരമൊരു ശ്രമമാണ് ഇവിടെ നടത്തുവാനുദ്ദേശിക്കുന്നത്.

നരിപ്പറ്റയിൽ നിലനിൽക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളൊന്നും തന്നെ വ്യവസായ യൂനിറ്റ് എന്ന നിലയിൽ അതിന്റെ പൂർണ്ണ സ്വഭാവം നിലനിർത്തുന്നില്ല. സമൂഹത്തിന്റെ ഏതെങ്കിലുമൊരു ഭൗതികാവശ്യം നിർവ്വഹിക്കുന്ന ഉല്പന്നം നിർമ്മിക്കുന്ന സ്ഥാപനമാണ് യഥാർത്ഥത്തിൽ വ്യവസായ യൂണിറ്റായി നിർവ്വചിക്കപ്പെടേണ്ടത്. സാധാരണ നിലയിൽ വ്യവസായ യൂണിറ്റുകളെ മൂന്നു തരത്തിലാണ് വിഭജിക്കപ്പെട്ടിട്ടുള്ളത്. ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ, മറ്റൊരു വ്യവസായത്തിന്റെ അസംസ്കൃതവസ്തുക്കളായി മാറുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ, അസംസ്കൃതവസ്തുക്കൾ സ്വയം ശേഖരിക്കാതെ ഉപഭോക്താക്കളിൽ നിന്നേറ്റുവാങ്ങി നിർമ്മിത വസ്തുവാക്കി തിരിച്ച് അവരെത്തന്നെ ഏല്പിക്കുന്ന സ്ഥാപനങ്ങൾ എന്നിവയാണ് ഈ മൂന്നു വിഭാഗങ്ങൾ.

ആദ്യത്തെ വിഭാഗത്തിൽപ്പെട്ട യാതൊരു സ്ഥാപനവും ഇന്നു നരിപ്പറ്റയിൽ ഇല്ല; മുമ്പ് ഉണ്ടായിട്ടുമില്ല. ഇന്നിവിടെയുള്ള ഏറ്റവും വലിയ തൊഴിൽശാല എന്ന നിലയിൽ പ്രവർത്തിക്കുന്നത് R. N. M.ഹൈസ് ക്കൂളിന് സമീപമുള്ള ശക്തി ഫൈബേർസ് മാത്രമാണ്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ചകിരി മറ്റു സ്ഥാപനങ്ങളുടെ അസംസ്കൃത വസ്തു മാത്രമേ ആകുന്നുള്ളൂ. ഇത്തരത്തിൽപ്പെട്ട രണ്ടു സ്ഥാപനങ്ങൾ കണ്ടോത്ത് കുനിക്ക് സമീപം മുമ്പിവിടെ ഉണ്ടായിരുന്നു. ഏതാണ്ട് 10 വർഷങ്ങൾക്ക്. മുമ്പ് അവ രണ്ടും അടച്ചു പൂട്ടി. കെട്ടിടങ്ങൾ പൊളിച്ചുമാറ്റിക്കഴിഞ്ഞു. ഇവിടെയുള്ള ഓയിൽമിൽ, ഫ്ലോർമിൽ, ഈർച്ചമിൽ എന്നിവയൊന്നും അസംസ്കൃത വസ്തുക്കൾ സ്വന്തമായി ശേഖരിക്കുകയോ ഉല്പന്നങ്ങൾ സ്വന്തമായി വിറ്റഴിക്കുകയോ ചെയ്യുന്നില്ല. കൈവേലിയിലെ Printing Press സ്വന്തമായി പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നുമില്ല. കായ വറുക്കുന്ന കൊച്ചു യൂനിറ്റുകൾ, റെഡീമെയ്ഡ് വസ്ത്രനിർമ്മാണശാല മുതലായവ സ്വയം തൊഴിൽ കണ്ടെത്തുന്നവയെന്ന നിലയിലേക്ക് ചുരുങ്ങുന്നു.

നരിപ്പറ്റയിലെ ഇപ്പോഴത്തെ തൊഴിൽ സ്ഥാപനങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

പേരു്	സ്ഥിതി ചെയ്യുന്ന സ്ഥലം	നിർമ്മിക്കുന്ന വസ്തു
ഫ്ലോർ മിൽ	മുള്ളമ്പത്ത്	സർവ്വീസിങ്ങ്
ഫ്ലോർ മിൽ	കൈവേലി	,,
ഓയിൽ മിൽ	കായക്കൂൽ	,,
വുഡ് വർക്ക്	അരയാക്കൂൽ	മരം കടയൽ
വുഡ് വർക്ക്	അരയാക്കൂൽ	,,
ഫൈബർ കമ്പനി	ഹൈസ്കൂളിന് സമീപം	ചകിരിനിർമ്മാണം
ഫ്ലോർ മിൽ	ഗ്രാമീണ ബാങ്കിന് സമീപം	സർവ്വീസിങ്ങ്
ഫ്ലോർ മിൽ	നസ്യത്താങ്കുണ്ട്	,,
ഫ്ലോർ മിൽ	മണിയൂർ താഴം	,,
ഈർച്ച മിൽ	കൈവേലി	പൂർത്തികരിച്ചിട്ടില്ല
ബെയ്ക്കറി	മുള്ളമ്പത്ത്	ഭക്ഷ്യ വസ്തുക്കൾ

സ്വയം തൊഴിൽ കണ്ടെത്തുന്ന സ്ഥാപനങ്ങൾ

ബെയ്ക്കറി	കൈവേലി	ഭക്ഷ്യ വസ്തുക്കൾ
കായ വറുക്കൽ	കായക്കൂൽ	,,
കായ വറുക്കൽ	കായക്കൂൽ	,,
കായവറുക്കൽ	കായക്കൂൽ	,,
കായവറുക്കൽ	ആയനിക്കോട്ട് വയൽ	,,
റെഡീമെയ്ഡ്	കൈവേലി	വസ്ത്ര നിർമ്മാണം

ഇനി നമുക്ക് അവലോകനം ചെയ്യാനുള്ളത് നമ്മുടെ പഞ്ചായത്തിന്റെ വിഭവശേഷിയെയാണ്. തികഞ്ഞ ഒരു കാർഷിക മേഖലയാണല്ലോ നമ്മുടെ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിൽ മൊത്തം ഉല്പാദിപ്പിക്കപ്പെടുന്ന കാർഷി കോൽപന്നങ്ങളെപ്പറ്റി ഈ റിപ്പോർട്ടിലെ കൃഷിയെക്കു റിച്ച് പരാമർശിക്കുന്ന അദ്ധ്യായത്തിൽ വിശദമായി പ്ര തിപാദിക്കുന്നുണ്ടല്ലോ. നമ്മുടെ പ്രധാന കാർഷികോൽ പന്നം നാളീകേരം തന്നയെന്നു നമുക്കറിയാം. ഏതാണ്ട് ഒരു കോടിയോളം നാളികേരം വർഷാന്തം ഇവിടെ ഉല്പാ ദിപ്പിക്കപ്പെടുന്നു. ഇവ കൊപ്രയോ ഉണ്ടയോ ആക്കി കർഷകർ നേരിട്ട് കമ്പോളകത്തിൽ വിപണനം ചെയ്യുക എന്നതിൽക്കവിഞ്ഞ് മറ്റൊന്നും ചെയ്യുന്നില്ല. ഇത്രയേറെ വ്യവസായ സാദ്ധ്യതയുള്ള ഈ ഉല്പന്നത്തെ നാം പുറം സംസ്ഥാനങ്ങളിലെ വ്യവസായികൾക്ക് പൂർണ്ണമായി വി ട്ടു കൊടുക്കുകയാണ് നാളിതുവരെയായി ചെയ്തു പോരു ന്നത്. ഉല്പന്നങ്ങളും ഉപോല്പന്നങ്ങളുമായി നിരവധി വ്യാ വസായിക യൂനിറ്റുകൾക്ക് സാദ്ധ്യത ഈ മേഖല നമ്മുടെ മുന്നിൽ തുറന്നു തരുന്നുണ്ട്. അതൊന്നു പ്രയോജനപ്പെടു ത്തുക എന്ന സന്നദ്ധതയാണ് ഇന്നത്തെ അടിയന്തരാവ ശ്യം.

കമ്പോളത്തിലെ വിപണന സാദ്ധ്യതയ്ക്ക് എഴ്ഴിട സം ശയതം ജനിപ്പിക്കാത്ത ഉല്പന്നങ്ങളാണല്ലോ വെളിച്ചെ ണ്ണയും പിണ്ണാക്കും. ഒട്ടും കുറവല്ല ചിരട്ടയെണ്ണയുടെയും ചിരട്ടക്കരിയുടെയും മാർക്കറ്റ് . നാളികേരം കൊപ്രയാക്കി മാറ്റുമ്പോൾ അതിന്റെ ഗുണനിലവാരം പൂർണ്ണമാക്കു വാനും നമുക്കു കഴിയാറില്ല. അതുകൊണ്ട് ആദ്യമായി നാം ചെയ്യേണ്ടത് കൊപ്രയുടെ ഗുണനിലവാരം ഇയർ ത്തുന്ന ഒരു 'കൊപ്ര ഡ്രയർ യൂനിറ്റ് ' സ്ഥാപിക്കുകയാണ്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന മൊത്തം നാളീകേര ത്തിന്റെ പകുതിയെങ്കിലും Drir Unit - ലൂടെ പാകപ്പെടു ത്താൻ കഴിയണം. ഉയർന്ന ഗുണനിലവാരമുള്ള കൊ പ്രക്ക് കൂടുതൽ തൂക്കവും കൂടുതൽ വിലയും ലഭിക്കും. ഈ കൊപ്രയാവണംവെളിച്ചെണ്ണയും പിണ്ണാക്കുമാക്കി മാറ്റുന്ന മറ്റൊരു വ്യവസായ സ്ഥാപനത്തിന്റെ അസം സ്കൃതവസ്തുവായി മാറുവാൻ. ഹൈടെക് സംവിധാനമു പയോഗിച്ച് ശുദ്ധീകരിക്കുന്ന വെളിച്ചെണ്ണയ്ക്ക് ഇരട്ടിവില യോളം മാർക്കറ്റിൽ ഇന്നുലഭിക്കുന്നുണ്ട്. ശുദ്ധിയും ഗു ണവും (Purity and Quality) നശിക്കാതെ എണ്ണ ബോട്ടിൽ ചെയ്യാൻ കഴിഞ്ഞാൽ വില പിന്നെയും കൂടും. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഗ്രാമസഭകളിലും നാളീകേര ത്തിന്റെ വ്യവസായ സാദ്ധ്യതകളെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടന്നിട്ടുണ്ട്. വളരെ പ്രോത്സാഹജനകമായ ഒന്നായി അതിനെ പരിഗണിക്കണം. അനുബന്ധമായി പി ണ്ണാക്ക് ഉപയോഗിച്ച് നിർമ്മിക്കാവുന്ന Toilet soap, കാലി ത്തീറ്റ എന്നിവകൂടി ഇവിടെ പഠനവിഷയമാക്കിയിട്ടുണ്ട്. അതുപോലെ ചകിരിനിർമ്മാണവും കയറുപിരിയും ഗ്രാ മസഭകളിലെ ചർച്ചാ വിഷയങ്ങളായിരുന്നു. ഇത് കുടിൽ വ്യവസായമായി വേണം പരിഗണിക്കുവാൻ. നാം നാളീ കേരത്തിന്റെ കാര്യത്തിൽ തയ്യാറാക്കിയിരിക്കേണ്ട സ്കീ മുകൾ ഈ പറയുന്നവയാണ്.

നിത്യവും 25000 നാളീകേരമെങ്കിലും Drir - ലൂടെ കൊപ്രയാക്കുന്ന ഒരു യൂനിറ്റ്, അത്രയും കൊപ്ര വെളി ച്ചെണ്ണയും പിണ്ണാക്കുമാക്കുന്ന മറ്റൊരു യൂനിറ്റ്, വെളി ച്ചെണ്ണ ,ശുദ്ധീകരിക്കുകയും Bottleചെയ്യുകയും ചെയ്യുന്ന മൂന്നാമതൊരു യൂനിറ്റ്, ചിരട്ടയെ ചിരട്ടയെണ്ണയും Activated Carbon - ഉം ആക്കി മാറ്റുന്ന വേറൊരു യൂനിറ്റ്. ഈ യൂനിറ്റുകളൊക്കെ S.S.I യൂനിറ്റുകളായിരിക്കും. Toilet Soap, ചകിരി, ചൂടി, കയർ എന്നിവ cottage industry - യിൽപ്പെടു ത്തിവേണം സ്കീമുകളാക്കി മാറ്റുവാൻ. കൂടാതെ ചകിരി പിരിയുടെ ആവശ്യാർത്ഥം വലിയൊരു പദ്ധതി ആവി ഷ്കരിക്കേണ്ടതുണ്ട്. അവസാന ഭാഗത്ത് നിർദ്ദേശ രൂപ ത്തിൽ അത് പരാമർശിച്ചിട്ടുണ്ട്. ഇവയുടെ ആവശ്യാ ർത്ഥം വരുന്ന മൂലധനത്തെയും പ്രവർത്തന ചെലവി നെയും സംബന്ധിച്ച് വിഭവ സമാഹരണം എന്ന അദ്ധ്യാ യത്തിൽ പ്രത്യേകം പരാമർശിക്കുന്നുണ്ട്. അതിനാൽ ഇ വിടെ അത് ആവർത്തിക്കുന്നില്ല.

അടുത്ത സാദ്ധ്യത റബ്ബർ യൂണിറ്റുകൾക്കാണ്. പഞ്ചാ യത്തിൽ മൊത്തം റബ്ബർ ഉല്പാദനം ഏതാണ്ട് 500 ടൺ ആണ്. ഇവ മിക്കവാറും ഷീറ്റുകളാക്കിത്തന്നെ കർഷകർ മാർക്കറ്റിലെത്തിക്കുകയാണ് പതിവ്. അല്പം ഭാഗം Latex ആയും മാർക്കറ്റിലെത്തുന്നുണ്ട് .Tread Rubber, Rubber Moulded Items, Micro cellular Sheets, Latex Products എന്നിങ്ങനെ ഈ മേഖലയിൽ വമ്പിച്ച സാദ്ധ്യത തുറന്നു കിടക്കുന്നു. മാത്രമല്ല നമ്മുടെ പ്രദേശത്ത് നല്ല ഗുണനി ലവാരമുള്ള റബ്ബർ മറ്റു സ്ഥലത്തേക്കാൾ ആദായകര മായി ലഭിക്കുകയും ചെയ്യുന്നു. ഈ വസാദ്ധ്യതയെ നാം പ്രയോജനപ്പെടുത്തിയേ തീരൂ. മാർക്കറ്റിന്റെ കാര്യത്തിൽ റബ്ബർ ഉല്പന്നങ്ങൾക്ക് യാതൊരു തടസ്സവും ഇന്നില്ല. പ ക്ഷെ ഗുണനിലവാരം നിലനിർത്തണമെന്നു മാത്രം. മേൽ പറഞ്ഞ ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം സ്കീ മുകൾ തയ്യാറാക്കണം. വിഭവസമാഹരണമെന്ന അദ്ധ്യായ ത്തിൽ മുതൽ മുടക്കിനെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്.

കൃത്യമായല്ലെങ്കിലും ഏതാണ്ട് 50 ടണ്ണോളം അട ക്കയും ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. സു ഗന്ധദ്രവ്യഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് സാദ്ധ്യത യുള്ള വ്യവസായ യൂനിറ്റുകളെക്കുറിച്ച് പഠനം നടത്തി വേണം ഇക്കാര്യത്തിൽ സ്കീം തയ്യാറാക്കുവാൻ. ഇതി ന്റെ മാർക്കറ്റിംഗ് സാദ്ധ്യതയും വിലയിരുത്തപ്പെടണം.

ഇത്രതന്നെ വരും ഈ പഞ്ചായത്തിലെ കുരുമുള കിന്റെയും ഉല്പാദനം. നമ്മുടെ പ്രദേശത്തോ ഈ ജില്ല യിൽ തന്നെയോ കുരുമുളകു സംബന്ധമായ വ്യവസായ യൂനിറ്റുകൾ ഒന്നു പോലുമില്ല. Green Peper, Oleoresin മുതലായ യൂനിറ്റുകൾക്ക് ധാരാളം സാദ്ധ്യതയുണ്ട്. ഇതി നാവശ്യമായ സാങ്കേതിക വിദ്യയും വൈദഗ്ധ്യവും ഈ പഞ്ചായത്തിലില്ല. ഇതൊരു ഹൈടെക് മേഖലയാണെ ന്നേ അറിയാവൂ . വൻ ലാഭം കൊയ്യാവുന്ന ഒരു മേഖല യാണിത്. കമ്പോളത്തിലെ വിലനിലവാരത്തിന്റെ ഉയ ർച്ച - താഴ്ചകൾ പ്രസക്തമായ ചോദ്യമുയർത്തുന്ന ഒരു രംഗമാണിത്. എന്നാൽ ഇത്തരം യൂനിറ്റുകൾക്ക് മറ്റൊരു പ്രത്യേകതയുണ്ട്. ഇഞ്ചി, ഗ്രാമ്പൂ എന്നിവയ്ക്കു കൂടി ഇത്തരം യൂണിറ്റുകളെ പ്രയോജനപ്പെടുത്താം. സുഗന്ധദ്ര

വ്യങ്ങൾ Extract ചെയ്യാവുന്ന രണ്ടോ മൂന്നോ യൂനിറ്റുക ളുടെ സ്കീം തയ്യാറാക്കേണ്ടതുണ്ട്.

തികഞ്ഞ കാർഷിക മേഖയായ നമ്മുടെ പഞ്ചായ ത്തിൽ ജൈവവളത്തിന്റെ വലിയ അഭാവമുണ്ടെന്നു് എല്ലാവർക്കും ബോദ്ധ്യമുണ്ട്. ഇവിടെ ലഭ്യമായ ചകിരി ച്ചോറ് അനുയോജ്യമായ ഒരു പ്രത്യേകതരം ബാക്ടീരിയ പ്രവർത്തിപ്പിച്ച് മണ്ണിന്റെ ജൈവഘടനയെ പരിപോഷി പ്പിക്കുന്ന ഒരു ജൈവ വളത്തെക്കുറിച്ച് പുതിയ ഒരറിവ് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. വലിയ മുതൽമുടക്ക് ഇതിനാവശ്യ മില്ല. ഇത്തരത്തിലുള്ള ഒരു യൂനിറ്റ് ഇവിടെ വലിയ സാദ്ധ്യതയുള്ള ഒന്നാണെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. ഇതേ പോലെ കാർഷികാവശ്യത്തിനു് അത്യാവശ്യമായ ഒന്നാണ് കുമ്മായം. മുതൽ മുടക്ക് കാര്യമായൊന്നുമി ല്ലാതെ ഇത്തരം 3 യൂനിറ്റുകൾക്കെങ്കിലും ഇവിടെ സാദ്ധ്യ തയുണ്ട്. കാർഷികാവശ്യാർത്ഥം പ്രയോഗത്തിലിരിക്കുന്ന പഴ്നിയായുധങ്ങളുടെ ദൗർലഭ്യവും ഇവിടെ അനുഭവപ്പെ ടുന്നുണ്ട്. നാടൻ കൊല്ലന്മാരുടെ വളരെ ചെറിയ ചില യൂനിറ്റുകൾ പേരിനു് മാത്രം ഇവിടെയുണ്ട്. വൈദഗ്ധ്യ ത്തിന്റെ അഭാവം അതുമൂലം പരിഹരിക്കപ്പെടുന്നു. കാർ ഷികോപകരണങ്ങൾ നിർമ്മിക്കാനാവശ്യമായ 2 യൂനിറ്റു കൾക്കെങ്കിലും ഇവിടെ സാദ്ധ്യതയുണ്ട്. കൈക്കോട്ട് , പടന്ന, പിക്കാസ്, കമ്പിപ്പാര, ചുറ്റിക, വിവിധതരം കത്തി കൾ, മഴു, കോടാലി, കൂലപ്പ മൂതലായവ നിർമ്മിക്കുന്ന വയാകണം അവ. മാർക്കറ്റിംഗ് ഇതിനും പ്രശ്നമല്ല. പ്രാകൃ തരീതി പരിഷ്കരിക്കുക എന്നതാണ് ഇവിടെ മുഖ്യ പ്രശ്നം. മനുഷ്യന്റെ കായികാദ്ധ്വാനം ലഘൂകരിക്കുന്ന തരത്തിൽ ഇന്നിവിടെ നിലവിലുള്ള ഇത്തരം യൂനിറ്റുകൾ പുനഃസം വിധാനം ചെയ്യുകയാണ് മറ്റൊരാവശ്യം.

കെട്ടിട നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും ഇവിടെ അനുഭവപ്പെടുന്നു. മിക്ക ഗ്രാമസഭകളിൽ നിന്നുംഉയർന്നു വന്ന ഒരാവശ്യമാണ് ' ഹോളോ ബ്രിക്സ് ' നിർമ്മാണം എന്ന ആവശ്യം. ഇതിന്റെ സാദ്ധ്യതയെ കുറേക്കൂടി ഗൗ രവത്തിൽ പരിഗണിച്ചു മാത്രമേ സ്കീമുകളെക്കുറിച്ചു ചിന്തിക്കാവൂ. ഹോളോ ബ്രിക്സ് കെട്ടിങ്ങളുടെ സുരക്ഷി തത്വം ഇന്നു ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യ ത്തിന്റെ പ്രശ്നവും ഇതിലുണ്ട്. അതിനാൽ നിർദ്ദേശിക്ക പ്പെട്ടു എന്നതു കൊണ്ടു മാത്രം അതു സൂചിപ്പിക്കുന്നു എന്നേയുള്ളൂ. ഒരു യൂനിറ്റ നടത്താനാവശ്യമായ പാറ പ്പൊടി ഇവിടെ ലഭ്യമാണ് എന്നു മാത്രം എടുത്തു കാട്ടു ന്നു.

ഗ്രാമസഭകളിലെ വ്യവസായ ഗ്രൂപ്പ് ചർച്ചകളിൽ ഈ വിഷയത്തിന്റെ പരിധിയിൽ പെടാത്ത വളരെ നല്ല നിർ ദ്ദേശങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇതിനുദാഹരണങ്ങ ളാണ് കോഴി വളർത്തൽ കേന്ദ്രത്തേയും ക്ഷീര വികസന ത്തേയും പറ്റിയുള്ള നിർദ്ദേശങ്ങൾ. എന്നാൽ ഇവ രണ്ടും മൃഗസംരക്ഷണം എന്ന അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നു എന്നതു കൊണ്ട് ഇവിടെ അവയെപ്പറ്റി പരാമർശം നടത്തു ന്നില്ല. വനിതാ സംരഭങ്ങൾ എന്ന പേരിലും വന്നിട്ടുണ്ട്. ചില നിർദ്ദേശങ്ങൾ. അവ ' വനിത ' പ്രത്യേകമായെടുത്തു കൊണ്ടുള്ള അദ്ധ്യായത്തിലേക്കും മാറ്റിവെക്കുന്നു. അപ്രാ യോഗികവും വ്യക്തികളുടെ താല്ക്കാലിക ധാരണയുടെ അടിസ്ഥാനത്തിൽ മാത്രം ഉരുത്തിരിയുകയും ചെയ്ത ചില നിർദ്ദേശങ്ങൾ തുടർന്നു നടന്ന ചർച്ചകളുടെ ഫല മായി ഉപേക്ഷിച്ചിട്ടുണ്ട്. ഏതെങ്കിലും സംരഭങ്ങൾ വ്യക്തി കളെന്ന നിലയിൽ ആർക്കു വേണമെങ്കിലും ആരംഭിക്കാ വുന്നതേയുള്ളൂ. ആവശ്യമായ എല്ലാ വിധ സഹകരമവും പഞ്ചായത്തിന്റെ ഭാഗത്തുനിന്നു് സംരംഭകന് നിർലോഭം ലഭിക്കുമെന്ന് ഉറപ്പുതരികയും ചെയ്യുന്നു.

ഈ റിപ്പോർട്ടിന്റെ മുഖ്യ ലക്ഷ്യം കാർഷികവും വ്യാവസായികവുമായ എല്ലാ സംരഭങ്ങളെയും പരസ്പരം ബന്ധപ്പെടുത്തുക എന്നുള്ളതാണ്. ഗ്രാമീണ സമ്പദ്വ്യവ സ്ഥയെ പരിപോഷിപ്പിക്കുന്ന വിധത്തിൽ ഇരു മേഖ ലയും പരസ്പരം ശക്തി പകർന്ന് നമ്മുടെ സമ്പത്തിനെ പരമാവധി വികസിപ്പിക്കുക എന്നതാണ് നമ്മുടെ കർത്ത വ്യമെന്ന് ബോദ്ധ്യപ്പെടുത്തുകയും വേണം.

ഏതെല്ലാം നിർദ്ദേശങ്ങൾ സ്കീമുകളാക്കണമെന്ന് താഴെ പട്ടികപ്പെടുത്തി ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

1) ദിനം പ്രതി 25000 നാളികേരം കൊപ്പരയാക്കി മാറ്റാൻ കഴിയുന്ന ഒരു Copra Dryer Unitസ്ഥാപിക്കുക (Electricaly Operated)

2) ഈ കൊപ്പര മുഴുവൻ വെളിച്ചെണ്ണയും പിണ്ണാ ക്കുമാക്കി മാറ്റുന്ന Expeller Unit സ്ഥാപിക്കുക.

3) വെളിച്ചെണ്ണ ശുദ്ധീകരിക്കുന്ന യൂനിറ്റ് സ്ഥാപിക്കു ക. അതു് ആധുനിക രീതിയിൽ തിട്ടപ്പെടുത്തിയ തൂക്ക മുള്ള അളവിൽ bottle ചെയ്യുക.

4) പിണ്ണാക്ക് പ്രയോജനപ്പെടുത്തി കാലിത്തീറ്റ യൂനിറ്റു സ്ഥാപിക്കുക. (ലഭ്യമായ കായത്തോട് ഇതിൽ ചേ ർക്കാം)

5) ചിരട്ട എണ്ണയും ActivatedCarbon ഉം ഉല്പാദിപ്പിക്കുന്ന യൂനിറ്റ് സ്ഥാപിക്കുക.

6) Tread Rubber Unit സ്ഥാപിക്കുക.

7) Rubber Moulded items നിർമ്മിക്കുന്ന യൂനിറ്റ് സ്ഥാപിക്കുക. M C sheet ഉല്പാദിക്കുക.

8) Rubber Latex ഉപയോഗിച്ച് ആശുപത്രി ഉപകരണ ങ്ങൾ, മറ്റനുബന്ധ ഉല്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന Unit സ്ഥാപിക്കുക.

9) Dried Pepper

10) Green Pepper

11) Pepper oil, Ginger oil, Clove oil എന്നിവ ഉല്പാദിപ്പി ക്കുന്ന യൂനിറ്റുകൾ സ്ഥാപിക്കുക.

12) Coir Yarn Unit സ്ഥാപിക്കുക.

13) Toilet Soap Unit സ്ഥാപിക്കുക.

14) കുരുമുളക്, ഗ്രാമ്പൂ, കളിയടക്കാക്കരി എന്നിവ ചേർത്തു് ദന്ത ചൂർണ്ണം നിർമ്മിക്കുന്ന Unitസ്ഥാപി ക്കുക. (Perfectly packed)

15) കാർഷികോപകരണങ്ങൾ നിർമ്മിക്കുന്ന യൂനിറ്റ് സ്ഥാപിക്കുക.

അദ്ധ്യായം ആറ്

ഗതാഗതം

1955ൽ നരിപ്പറ്റ പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പായി ഇവിടെ ജനങ്ങൾ മുൻകയ്യെടുത്ത് നിർമ്മിച്ച റോഡുകളാണുണ്ടായിരുന്നത്. വിരലിലെണ്ണാവുന്ന റോഡുകളെ അപ്രകാരം നിർമ്മിച്ചിരുന്നുള്ളു. അതിൽ പ്രധാനമായത് കക്കട്ടിൽ നിന്നു കൈവേലിക്കുള്ള റോഡായിരുന്നു. ഈ റോഡിൽ കൂടി ഇതുവരേയും അപൂർവ്വമായി ജീപ്പും ഓടിയിരുന്നു. 1956ൽ കുന്നുമ്മൽ ബ്ലോക്ക് രൂപീകരിച്ചതോടെ പുനത്തിൽ - കൈവേലി റോഡും നരിപ്പറ്റ-കൊയ്യാൽ റോഡും നിർമ്മിക്കുകയുണ്ടായി. നാട്ടിന്റെ വികസനത്തിന് റോഡിനുള്ള പങ്ക് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. പഞ്ചായത്തിന്റെ രൂപീകരണത്തോടുകൂടി നാട്ടുകാരുടെ പരിശ്രമഫലമായി ഒട്ടേറെ റോഡുകൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സംഭാവന നല്കാൻ ജനങ്ങൾ തയ്യാറായിരുന്നു. 1979-80 കാലഘട്ടമായപ്പോഴേക്കും വീതീ കൂടിയ ഒട്ടനവധി റോഡുകൾ പഞ്ചായത്തിലുണ്ടായി. ഏതാണ്ട് 200 കി.മീറ്ററോളം റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 27 കി.മീറ്റർ ടാർ ചെയ്തതും 5 കി.മീറ്റർ മെറ്റൽ ചെയ്തതും ബാക്കി 169 കി.മീറ്റർ മണ്ണ് റോഡുമാണ്. ഇതിനു പുറമെ 13 കി.മീറ്റർ PWD റോഡും പഞ്ചായത്തിലുണ്ട്. ഈ റോഡുകളെല്ലാം തന്നെ വാഹന ഗതാഗത യോഗ്യമുള്ള റോഡുകളാണ്.

ഒരു ച.കി. മീറ്റർ വിസ്തീർണ്ണമുള്ള ശരാശരി 4.26 കി.മീറ്റർ റോഡ് സംസ്ഥാന ശരാശരിയായ 3.2. മീറ്ററിൽ എന്ന ഏറെ ഉയർന്ന നിരക്കാണിത്. ഈ പഞ്ചായത്തിൽ ടാർ ചെയ്ത റോഡ് 27 ക.മീറ്ററാണുള്ളത്. ഇതിൽ നിന്നും ഒരു ച.കിമീറ്ററിന് 0.54 മാത്രമെ ടാർ റോഡുള്ളു എന്നു കാണാം. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഓരാൾക്ക് 101 സെ.മീറ്റർ റോഡു മാത്രമെയുള്ളു.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു. പട്ടിക.1

നിലവിലുള്ള റോഡുകളുടെ സ്ഥിതിയും ഗ്രാമസഭാറിപ്പോർട്ടുകളും പരിശോധിച്ചാൽ റോഡിന്റെ ഇന്നത്തെ ചിത്രം മനസ്സിലാക്കാൻ കഴിയും. ശക്തിയായ മഴവെള്ളം കുത്തി ഒലിച്ചു വരുന്നത് നിമിത്തം റോഡുകൾക്ക് വർഷക്കാലത്ത് സാരമായ നഷ്ടം സംഭവിക്കാറുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതുകൊണ്ട് റോഡുകൾ വേണ്ട വിധത്തിൽ റിപ്പേർ ചെയ്യാൻ കഴിയാറില്ല.

നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

1. വായാട് കുറിച്യ കോളനി റോഡ്
2. മഞ്ഞക്കുന്ന് - വായാട് കുറിച്യ കോളനി റോഡ്
3. വിലങ്ങാട് - വായാട് റോഡ്
4. വിലങ്ങാട് - മരിയഗിരി പള്ളി റോഡ്
5. മരിയഗിരി - പത്തായ കുന്ന് റോഡ്
6. മരിയഗിരി പള്ളി - വാളൂക്ക് എസ്റ്റേറ്റ് റോഡ്
7. തിനൂര് വില്ലേജ് ആഫീസ് - വാളൂക്ക് എസ്റ്റേറ്റ് റോഡ്
8. വിലങ്ങാട് - കൂളിക്കാവ് റോഡ്
9. കുമ്പളച്ചോല - കമ്മായി റോഡ്
10. താനിയുള്ളപൊയിൽ - കുളത്തിൽ റോഡ്
11. മുണ്ടോം കണ്ടം - ഏറംകോട് റോഡ്
12. താനിയുള്ളപൊയിൽ -വാളാംത്തോട് റോഡ്
13. കുമ്പളച്ചോല - ഹെൽത്ത് സെൻറർ റോഡ്
14. കുമ്പളച്ചോല - ഗവ. എൽ.പി. സ്ക്കൂൾ റോഡ്
15. പയ്യാക്കണ്ടി ലക്ഷം വീട് റോഡ്
16. എരട്ടഞ്ചാലിൽ - പുള്ളിയമ്പാറ റോഡ്
17. പള്ളിയാറ - പുല്ലാഞ്ഞിപൊയിൽ റോഡ്
18. മുള്ളമ്പത്ത് - ഇരിമ്പതടം റോഡ്
19. മണ്ഡോകണ്ടി മാക്കാവ് 4 സെൻറ് കോളനി റോഡ്
20. കോറോത്ത് - പള്ളിയാറ റോഡ്
21. താവുള്ളകൊല്ലി - എടോനി റോഡ്
22. നടുത്തറ - പൂതാംപാനി റോഡ്
23. ആനക്കുഴി - നടുത്തറ റോഡ്
24. യോഗിയാർ കുണ്ട് - പൊന്നം പറമ്പ് റോഡ്
25. താവുള്ളകൊല്ലി - പട്ടിക ജാതി വികസന കോളനി റോഡ്
26. അറക്കലപൊയിൻ - കരിങ്ങാട് റോഡ്
27. യോഗിയാർ കുണ്ട് - കോമന്റെ മൂല നമ്പാപൊയിൽ റോഡ്
28. തെക്കെയിൽ മുക്ക് - കിഴക്കെ വള്ളിൽത്തറ റോഡ്
29. വള്ളിൽത്തറ കോളയാട്ട് പൊയിൽ റോഡ്
30. കല്ലങ്കോട്ട് - മാളിക്കണ്ട് റോഡ്
31. നെല്ലിക്കുന്ന് - കുന്നമ്മാട് റോഡ്
32. കുന്നമത്ത് വാണിമൽ പുഴ റോഡ്
33. തിരുവങ്കോട് മുക്ക് - പാലായി പുഴ റോഡ്
34. കടുക്കന്തറമുക്ക് - വിളാതൊരുവയിൽ റോഡ്
35. കോറോത്ത് മുക്ക് - വാന്തോത്ത് റോഡ്
36. മാടക്കേമുക്ക് - വാരിപൊയിൽ റോഡ്
37. നമ്പാപൊയിൽ ലക്ഷം വീട് റോഡ്
38. കടന്നപ്പുറം - കല്ലങ്കോട്ട് റോഡ്
39. കൈവേലി ചമ്പിലോറ കോളാട്ട് റോഡ്
40. കല്ലുമ്മൽ - പാറമ്മൽ മീത്തൽ റോഡ്
41. കൈവേലി - മാഞ്ചാൽ റോഡ്
42. മാവുള്ളചാലിൽ - പടിഞ്ഞാറകുന്ന് റോഡ്
43. കായക്കൂർ - പാറമ്മൽ താഴ റോഡ്
44. കക്കുയുള്ള പറമ്പത്ത് മുക്ക് - പാറേന്റെ താഴെ റോഡ്
45. പുളോള്ളകണ്ടി - മേനാരത്ത് റോഡ്
46. തായങ്കണ്ടി കൈതപ്പൊയിൽ റോഡ്
47. അരയാക്കൂർ - ആശുപത്രി റോഡ്

48. പൂവോള്ളതിൽ മുക്ക് - കേളോത്ത് പീടിക റോഡ്
49. മാഞ്ചാൽ നമ്പിയത്താൻ കുണ്ട് റോഡ്
50. തെക്കെയിൽ മുക്ക് - കേളോത്ത് പീടിക റോഡ്
51. കക്കുഴി പീടിക - കോളോത്ത് മുക്ക് റോഡ്
52. സി.പി. മുക്ക് - കോയ്യാൽ റോഡ്
53. കോയ്യാൽ - മുള്ളമ്മാടി റോഡ്
54. കമ്പനിമുക്ക് - പാതിരിപ്പാറ റോഡ്
55. കണ്ടോത്ത് കുനി - കക്കുഴി പീടിക റോഡ്
56. എ.കെ.ജി. നഗർ - അയിനുള്ള പറമ്പ് റോഡ്
57. വടക്കയിൽ മുക്ക് - കോയ്യാൽ കുന്ന റോഡ്
58. ചേരുള്ള പറമ്പ് - തെക്കേകുന്ന് റോഡ്
59. മരക്കാത്തുരുത്തി - പുന്നത്തുരുത്തി റോഡ്
60. ഒരപ്പിയിൽ മുക്ക് - വാണിമേൽ പാലം റോഡ്
61. ഒരപ്പിയിൽ മുക്ക് - പായൂർ റോഡ്
62. കത്തറോൻ മുക്ക് - പൊയിമൽ പാലം റോഡ്
63. ഒരയിൽ മുക്ക് - ഉള്ളിയോറ ലക്ഷം വീട് റോഡ്
64. പൊയിൽ പീടിക - കല്ലുനിര റോഡ്
65. വേങ്ങോറമുക്ക് - കോറോത്ത് താഴെ റോഡ്
67. നെല്ലിയുറ - വയലാരി താഴ റോഡ്
68. മണിയൂർ താഴ റോഡ് - പൊന്തേന്റെറ കീഴിൽ റോഡ്
69. അഞ്ചകണ്ടി - പാറക്കൽ റോഡ്
70. അയനികുന്ന് - കൈതച്ചാൽ റോഡ്
71. കൈതച്ചാൽ - വലിയ കുന്ന് റോഡ്
72. പാങ്കേയമ്പുരം - കൈതപുറത്ത് റോഡ്
73. കുനിയപൊയിൽ യു.പി. സ്ക്കൂൾ റോഡ്
74. അഞ്ചകണ്ടി - പാറക്കൽ റോഡ്
75. കുന്നത്ത് ചാൽ - നരിപ്പറ്റ യു.പി. സ്ക്കൂൾ റോഡ്

പ്രശ്നങ്ങൾ

1. ഒന്ന്, രണ്ട് വാർഡുകളിൽ വേണ്ടത്ര റോഡുകളില്ല.
2. നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം മോശമാണ്
3. പാല റോഡുകൾക്കും സൈഡ് ഡ്രൈനേജുകളില്ല.
4. പല റോഡുകളും കയറ്റം കുറയ്ക്കേണ്ടവയാണ്.
5. റോഡുകൾക്ക് പൊതുവെ വീതി കുറവാണ്.
6. ബസ്സ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ ആവശ്യമായ സ്ഥലത്ത് നിർമ്മിക്കുക.
7. റോഡുകൾക്ക് വർഷത്തിൽ ഒരിക്കൽ അറ്റകുറ്റ പണികൾ നടത്തണം.
8. റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകളും പാലങ്ങളും സൈഡ് കെട്ടും നടത്തുക.
9. വീതി കുറഞ്ഞ റോഡുകൾക്ക് വീതി കൂട്ടുക.

സാദ്ധ്യതകൾ

1. എല്ലാ റോഡുകൾക്കും സൈഡ്ഡ്രെയിനുകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം
2. ബഹുജനസഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുക.
3. പ്രധാന റോഡുകൾ താർ ചെയ്യണം.
4. മുൻഗണനാ ക്രമത്തിൽ പുതിയ റോഡുകളുടെ നിർമ്മാണം.
5. റോഡ് സംരക്ഷണത്തിന് ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
6. നീർക്കട്ടുള്ള സ്ഥലങ്ങളിൽ കൾവേർട്ട് നിർമ്മിക്കുക.
7. തോടുകൾക്ക് പാലം നിർമ്മിക്കുക.
8. ഫുട് ഫാത്ത് നിർമ്മാണം.
9. നടപ്പാലം നിർമ്മിക്കൽ.
10. വാണിമേൽ പാലം നിർമ്മിക്കുക.
11. റോഡ് സൈഡിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണങ്ങൾ ഒഴിവാക്കുക.
12. റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുക.

ഗതാഗതം സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളും പദ്ധതികളും സ്കീമുകളായി മാറ്റുന്നതാണ്.

പട്ടിക.1 പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ വിവരം

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മീ.	വീതി കി.മീ.	യാത്രാ സൗകര്യം
1.	കക്കട്ടിൽ-കൈതവേലി റോഡ്	PWD	5 KM	8 M.	ബസ്സ്
2.	നരിപ്പറ്റ-കോയ്യാൽ മുള്ളമ്പത്ത്-കുമ്പളച്ചോല	PWD	12 KM	8M	,,
3.	കൈവേലി - മുള്ളമ്പത്ത്	പഞ്ചായത്ത്	24M.	8M.	,,
4.	യോഗിയാർ കുണ്ട് - വണ്ണാത്തി പൊയിൽ	PWD	1.500	8M	,,
5.	ട്രാൻസ് ഫോർമർ - നമ്പ്യത്താം കുണ്ട്	പഞ്ചായത്ത്	1 K M.	8M.	,,
6.	പാതിരിപ്പറ്റ - ചളിയാൽ തോട്	PWD	1 KM.	8M.	ജീപ്പ്
7.	പുള്ളിപ്പാറ	PWD	3 KM.	8M	,,
8.	തിനൂർ വില്ലേജ് ആശുപത്രി റോഡ്	പഞ്ചായത്ത്	1 K.M.	8M.	,,
9.	വായാട് റോഡ്	,,	0.500	8M.	,,

ഊർജ്ജം

'ഊർജ്ജം' എന്ന പദത്തെ സാധാരണയായി വൈദ്യുതിയുമായി മാത്രം ബന്ധപ്പെടുത്തി വിവക്ഷിക്കപ്പെടുന്ന ഒരു പ്രവണതയാണ് കണ്ടു വരുന്നത്. ഭൂമി മുഴുക്കെ താപവും വെളിച്ചവും നൽകി മണ്ണിനേയും ജൈവഘടനയേയും സംരക്ഷിക്കുന്നത് സൂര്യനാണ് എന്ന് എല്ലാവർക്കും അറിയാമെങ്കിലും അത് പലപ്പോഴും പരാമർശിക്കപ്പെടാറില്ല. നമുക്കിവിടെ പരമ്പരാഗത ഊർജ്ജസ്രോതസ്സിനെയും പാരമ്പര്യേതര ഊർജ്ജസ്രോതസ്സിനെയും കുറിച്ച് നമ്മുടെ പഞ്ചായത്തിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ടുള്ള ഒരു പഠനമാണ് ആവശ്യം. ഊർജ്ജത്തിന്റെ മുഖ്യ ഉപോഭോഗം നമ്മെ സംബന്ധിച്ചിടത്തോളം പാചകം തന്നെ. മൊത്തം കേരളത്തിന്റെ ഊർജ്ജോപഭോഗവും പാചകം തന്നെ കവർന്നെടുക്കുന്നു. പ്രധാനമായും നാം വിറകിനെ തന്നെ ഇക്കാര്യത്തിൽ ആശ്രയിക്കുന്നു. വർഷാന്തം നമ്മുടെ സംസ്ഥാനത്തിൽ 900 കോടി ക. വില വരുന്ന വിറക് കത്തിച്ചാമ്പലാകുന്നു എന്നാണ് ലഭ്യമായ കണക്ക് സൂചിപ്പിക്കുന്നത്. നമുക്കിനി വനത്തെ ഈ ആവശ്യത്തിലേക്ക് ആശ്രയിക്കാനാവില്ല. വനശേഷി ഇന്നുള്ള നിലയിൽ നിലനിർത്തണമെങ്കിൽ ഇക്കാര്യത്തിൽ പുതിയൊരു സമീപനം സ്വീകരിച്ചേ പറ്റൂ. നരിപ്പറ്റയിലെ സ്ഥിതിയും വ്യത്യസ്തമല്ല. നമ്മുടെ പഞ്ചായത്തി ലെ 4694 വീടുകളിൽ ഏതാണ്ട് 4250 വീടുകളിൽ സാധാരണ അടുപ്പ് ഉപയോഗിക്കുന്നു. അതനുസരിച്ച് വർഷാന്തം ഏതാണ്ട് 50 ലക്ഷം ക.യുടെ വിറക് ഇവിടെയും കത്തിയെരിയുന്നു. ഇതു തുടർന്നാൽ നമ്മുടെ വന വിഭവങ്ങൾ മുഴുവൻ ഏതാനും വർഷം കൊണ്ട് ഇല്ലാതായിതീരും. മാത്രമല്ല അടുക്കളയിൽ ജീവിതത്തിന്റെ വലിയൊരംശം ചിലവഴിക്കുന്ന സ്ത്രീകളുടെ ആരോഗ്യത്തെയും ഇത് പ്രതികൂലമായി ബാധിക്കുന്നു. സമയലാഭം കൂടി ഇവിടെ കണക്കിലെടുക്കണ്ടതുണ്ട്.

പഞ്ചായത്തിലെ പാചകസ്വഭാവം താഴെ കൊടുക്കുന്നു.

ഗ്യാസ് കണക്ഷൻ	196
ഗോബാർ ഗ്യാസ്	ഇല്ല
മണ്ണെണ്ണ സ്റ്റൗ	193
പുകയില്ലാത്ത അടുപ്പ് (ഗൃഹോപഭോഗം)	72
സാധാരണ അടുപ്പ്	4250 (സുമാർ)

സാധാരണ അടുപ്പുകളിൽ തന്നെ മൂന്ന് നാല് വിഭാഗങ്ങളുണ്ട്. സ്ത്രീ ശരീരത്തിലേക്ക് നേരിട്ട് ചൂട് മുഴുവൻഏറ്റുവാങ്ങുന്ന തരം ഏറ്റവും ദോഷകരമായ അടുപ്പ്, ഭാഗികമായി ചൂടേല്ക്കുന്ന അടുപ്പ്, ചൂട് വളരെ കുറച്ച് മാത്രം ഏശുന്ന അടുപ്പ് എന്നിങ്ങനെ പലതും ഇവിടെ ഉപയോഗത്തിലിക്കുന്നു. സ്ത്രീയുടെ ആരോഗ്യത്തെയും അടുക്കളയിലെ ജോലി ഭാരത്തെയും കുറിച്ച് വേവലാതിപ്പെടേണ്ട സ്ഥിതിയാണ് നമുക്കുള്ളത്. അതിനാൽ നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ വീടുകളിലും പാചകസംവിധാനം ഉടച്ചു വാർക്കേണ്ടിയിരിക്കുന്നു. ഇതിനായി വലിയ സംഖ്യ മുതൽ മുടക്കിലേക്ക് നിക്ഷേപിക്കേണ്ടതില്ല മുഴുവൻ സ്ത്രീകളെയും ഈ പ്രശ്നത്തിൽ ബോധവൽക്കരിക്കുകയും പുതിയ രീതികൾ അവരെ പരിശീലിപ്പിക്കുകയും വേണം. സ്കീം നിർദ്ദേശങ്ങൾ ഈ അദ്ധ്യായത്തിന്റെ താഴെ പട്ടികപെടുത്തിയിട്ടുണ്ട്.

ഹോട്ടൽ, ചായക്കട, പെട്ടിക്കട എന്നിവ നമ്മുടെ പഞ്ചായത്തിൽ വലിയതോതിൽ നിലനിൽക്കുന്നില്ല. അതുകൊണ്ട് അതൊരു സാമൂഹ്യപ്രശ്നമായി ഇവിടെ കൈകാര്യം ചെയ്യേണ്ടതുമില്ല.

ഊർജ്ജത്തിന്റെ രണ്ടാമത്തെ ഉപഭോഗം വെളിച്ചത്തിന്റെതാണ്. ഏതാണ്ട് മൂന്നിലൊന്ന് വീടുകൾ വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും വൈദ്യുതീകരണത്തെ പറ്റി ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ടല്ലേ ? പഞ്ചായത്തിന്റെ വടക്കുക്കിഴക്കൻ പ്രദേശത്തെ ചില വീടുകളിൽ ANERT സഹായത്തോടെ ഗൃഹാവശ്യത്തിനുള്ള വൈദ്യുതി ശേഖരിക്കുന്നുണ്ട്. Light, T V, Fridge, Fan എന്നിവ ഈ ഗൃഹങ്ങളിലൊക്കെ പ്രവർത്തിക്കുന്നതായി കാണുന്നു. ഇടത്തരക്കാർക്കും താങ്ങാവുന്ന മുതൽമുടക്ക് മാത്രമെ ഇതിലേക്ക് ആവശ്യമായി വരുന്നുള്ളു. കാര്യമായ പ്രോത്സാഹനം ഇക്കാര്യത്തിൽ നടത്താം. ഗ്രാമസഭകളിൽ ഇക്കാര്യം പറഞ്ഞപ്പോൾ മൂന്നോ നാലോ വീട്ടുകാർ ഒന്നിച്ച് ഓരോ വലിയ ANERT ന്റെ സഹായം കൂട്ടായി സംഘടിപ്പിക്കാമെന്ന ആശയം ഉയർന്ന് വരികയുണ്ടായി. പ്രോത്സാഹജനകമായ ഒന്നാണിത്.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന പമ്പ് സെറ്റുകളുടെയും പ്രശ്നം ഇവിടെയുണ്ട്. വൈദ്യുതിയുടെ ക്ഷാമം ഇവിടെയും അനുഭവപ്പെടുന്നു. ഡീസൽ പമ്പുസെറ്റുകൾ കുറെ എണ്ണം ഇവിടെയുണ്ട്. ഈ രംഗത്തും ANERT ന്റെ സഹായം പ്രയോജനപ്പെടുത്താം. അതുപോലെ വാണിജ്യസ്ഥാപനങ്ങളിലെ വൈദ്യുതിക്കും ANERT തന്നെ വേണം പ്രശ്നം പരിഹരിക്കാൻ. ANERT ഉപകരണത്തിന്റെ ലഭ്യതയാണ് ഇന്നത്തെ പ്രശ്നം.

പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ട്രാൻസ്ഫോർമർകളെ താഴെ പട്ടിക പെടുത്തുന്നു.

ചെവിട്ടു പാറ	220 KV
കണ്ടോത്ത് കുനി	110 KV
മണിയൂർ താഴ	220 KV

വടക്കയിൽ മുക്ക്	220 KV
ഹൈസ്ക്കൂളിന് പിന്നിൽ	110 KV
വില്ലേജ് ഓഫീസിന് സമീപം	220 KV
മുള്ളമ്പത്ത്	220 KV
മോന്തോമ്മൽ	220 KV
കല്ലുമ്മൽ താഴ	220 KV

വൈദ്യുതീകരിച്ച വീടുകളെ വാർഡ് അടിസ്ഥാനത്തിൽ താഴെ പട്ടിക 1.ൽ രേഖപ്പെടുത്തുന്നു.

നിർദ്ദേശങ്ങൾ

1. 500 ANERT പാനലുകൾ വിതരണം ചെയ്യണം. സബ്സിഡി കഴിച്ച് ബാക്കി സംഖ്യക്ക് loan സൗകര്യപ്പെടുത്തിക്കൊടുക്കണം.
2. ANERT ന്റെ പ്രവർത്തനങ്ങളെ പറ്റി ജനങ്ങൾക്കിടയിൽ ബോധവല്ക്കരണം നടത്തുക.
3. വാളൂക്ക്, കുമ്പളച്ചോല, ഇരട്ടേഞ്ചാർ, താവുള്ള കൊല്ലി എന്നിവിടങ്ങളിൽ Minimum guarenteeയിൽTrans formes സ്ഥാപിക്കുക.
4. 3000 വീടുകൾക്ക് അടുപ്പ് നവീകരണത്തിന്റെ ആവശ്യാർത്ഥം 25% സബ്സിഡി അനുവദിക്കുക.
5. 15 പുതിയ Sodium Vapours സ്ഥാപിക്കുക.
6. 45 പുതിയ Street light കൂടി സ്ഥാപിക്കുക.
7. സാധാരണ കുടുംബങ്ങളിലേക്ക് കച്ചിപെട്ടി വ്യാപകമായി പ്രചരിപ്പിക്കുക. ആവശ്യമുള്ളവർക്ക് ഇത് സൗജന്യമായി വിതരണം ചെയ്യുക.

പട്ടിക.1 വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം

ഇനം	വാർഡുകൾ 1	2	3	4	5	6	7	8	9	10	11	Total
വൈദ്യുതീകരിച്ചത്	19	66	198	91	81	172	148	219	107	100	172	1373
അല്ലാത്തത്	348	1039	302	370	256	210	115	181	146	111	143	3321

അദ്ധ്യായം ഏഴ്

പാർപ്പിടവും, സാമൂഹ്യക്ഷേമവും

1991ലെ കാനേഷുമാരി കണക്കനുസരിച്ച് 24394 ജനസംഖ്യയുള്ളതും 50.63 ച.കി. മീറ്റർ വിസ്തീർണ്ണവുമുള്ള നരിപ്പറ്റ, തിരൂർ എന്നീ 2 റവന്യൂ വില്ലേജുകൾ ഉൾപ്പെടുന്നതുമായ ഈ പഞ്ചായത്തുകൾ ഒന്നും രണ്ടും വാർഡുകൾ മലമ്പ്രദേശങ്ങളും കുന്നും, കുന്നിൻ ചരിവുകളും സമതലങ്ങളുമടങ്ങിയ ഭൂപ്രകൃതിയുള്ള പ്രദേശങ്ങളാണ്. ഒന്നാം വാർഡിന്റെ വടക്കു കിഴക്കെ അതിർത്തിയിൽ കണ്ണോവം, കുഞ്ഞോം റിസേർവ്ഡ് ഫോറസ്റ്റാണ്. തൊട്ടടുത്ത സ്ഥലങ്ങളിൽ വന്യ മൃഗങ്ങളുടെ കടന്നാക്രമണം പലപ്പോഴും അനുഭവപ്പെടുന്ന പ്രദേശങ്ങളുമാണ്. എന്നിരുന്നാലും ഇവിടങ്ങളിലെല്ലാം ഇന്ന് ജനങ്ങൾ വന്യ മൃഗങ്ങളോടും പ്രകൃതിയോടും മല്ലടിച്ച് താമസിച്ചു വരികയാണ്. മറ്റു വാർഡിൽ കുന്നിൻ പ്രദേശങ്ങളുണ്ടെങ്കിലും സമതല പ്രദേശങ്ങളാണ് ഭൂരിഭാഗവും. ഇവിടങ്ങളിൽ ആളുകൾ ഇടതൂർന്ന് താമസിച്ചു വരുന്നു.

പാർപ്പിട പ്രശ്നം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം രൂക്ഷമല്ല. 4694 വീടുകൾ ഇന്ന് ഈ പഞ്ചായത്തിൽ ഉണ്ട്. 1995-96 മുതൽ പ്രാബല്യത്തിലുള്ള കെട്ടിട നികുതി അസ്സസ്സ്മെൻറിന്റെ രജിസ്ട്രർ പ്രകാരം കെട്ടിടങ്ങളുടെ പട്ടിക കൊടുക്കുന്നു. (പട്ടിക A).

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം (1991-92 മുതൽ 95-96 വരെ) താഴെ പറയും പ്രകാരമാണ്.

1991-92	92-93	93-94	94-95	95-96
6113	6178	6309	6528	6636

ഭൂപരിഷ്കരണ നിയമം നടപ്പിലാകുന്നതിന് മുമ്പ് ഈ പഞ്ചായത്തിൽ ചെറ്റപുരകൾ ധാരാളമുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലാകുകയും ഭൂമിയിൽ കുടികിടപ്പുകാരന് സ്ഥിരാവകാശം കിട്ടുകയും ചെയ്ത ശേഷം ചെറ്റക്കുടിലുകൾ 90%വും കട്ടകൊണ്ടോ കല്ലുകൊണ്ടോ ഉള്ള കൊച്ചു വീടുകളായി രൂപാന്തരം പ്രാപിക്കുകയുണ്ടായി.

1955ൽ നിലവിൽ വന്ന ഈ പഞ്ചായത്തിൽ അക്കാലത്ത് ഒറ്റ കോൺക്രീറ്റ് വീടുകളും ഉണ്ടായിരുന്നില്ല. 5 കൊല്ലം പിന്നിട്ട ശേഷം അത്യാവശ്യം കോൺക്രീറ്റ് കെട്ടിടങ്ങൾ ഉയരാൻ തുടങ്ങി. ഗൾഫ് വരുമാനം വന്നുതുടങ്ങിയതോടുകൂടി നല്ല മുതൽമുടക്കുള്ള അനേകം കോൺക്രീറ്റ് കെട്ടിടങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്.

കെട്ടിടനിർമ്മാണത്തിന് ഇവിടെ കട്ടയും ചെങ്കല്ലും തറ കെട്ടാൻ കരിങ്കല്ലുമാണ് ഉപയോഗിച്ചു വരുന്നത്. നിലം ചാണകം കൊണ്ട് മെഴുകുക എന്നതായിരുന്നു മുമ്പത്തെ പതിവ്. ഇപ്പോൾ സിമൻറ്, മൊസൈക്ക്, മാർബിൾ ഇവ ഉപയോഗിച്ചു വരുന്നു. ഗൾഫ് വരുമാനം ഉപയോഗിച്ച് കൊണ്ട് നല്ല കോൺക്രീറ്റു വീടുകൾ ഇവിടെ നിർമ്മിച്ചു വരുന്നു.

ചെങ്കല്ലിനു വർഷം തോറും വില കൂടി വരികയാണ്. അതുപോലെ സിമൻറ്, മരം, കമ്പി, ഓട് ഇവയുടെ എല്ലാം വില ക്രമാധീതമായി ഉയർന്നതുകാരണം ഒരു ചെറിയ വീട് വെയ്ക്കാൻ പോലും ഇന്ന് വലിയ മുതൽമുടക്ക് വേണ്ടിവരുന്നുണ്ട്. എന്നിരുന്നാലും സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഏത് കടമ്പയും എങ്ങനെയെങ്കിലും കടന്നു കിട്ടുവാനുള്ള ശ്രമത്തിലാണ് ജനങ്ങളിന്ന്.

മരം സുലഭമായി ലഭിക്കാനുള്ള വിഷമതകൾ കണക്കിലെടുത്ത് ഇപ്പോൾ അധികം പേരും കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുവാനാണ് ശ്രമിച്ചു വരുന്നത്.

മുൻപ് ഇവിടെ മരങ്ങൾ ചുരുങ്ങിയ വിലയ്ക്ക്സുലഭമായി ലഭിച്ചു വന്നിരുന്നു. എന്നാൽ ഇന്ന് വലിയ വില കൊടുത്താലും മരങ്ങൾ ലഭിക്കാത്ത പരിതസ്ഥിയാണുള്ളത്.

സാമൂഹ്യപരമായ ഉച്ചനീചത്വങ്ങൾ ഇല്ലായ്മ ചെയ്യാനും കെട്ടിടനിർമ്മാണരംഗത്തെ വമ്പിച്ച മുതൽമുടക്ക് നിരുത്സാഹപ്പെടുത്തതും വലിയ വെണ്മാടങ്ങൾ പണിതുയർത്തുന്നതിന് നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു.

കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ലൈസൻസിന് വ്യവസ്ഥ ചെയ്യുന്ന കേരളകെട്ടിടനിയമം ഈ പഞ്ചായത്തിൽ ബലത്തിൽ വരുത്തിയിട്ടില്ല. അതുകൊണ്ട് ഇവിടെ പണിതുവരുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള അളവുകൾ ഉണ്ടാവാറില്ല. കേരളാപഞ്ചായത്ത് രാജ് നിയമമനുസരിച്ച് റോഡിൽ നിന്നും 3 മീറ്റർ വിട്ടേ കെട്ടിടങ്ങൾ നിർമ്മിക്കാവൂ എന്ന വ്യവസ്ഥ കെട്ടിട നിയമം ബാധകമല്ലാത്ത പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഒരു നല്ല നടപടിയായി കണക്കാക്കാവുന്നതാണ്. ഈ നിയമം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ഭൂരഹിതരും ഭവനരഹിതരുമായ തൊഴിലാളികളെ അധിവസിപ്പിക്കുന്നതിന്നായി 1970-71ൽ വർഷത്തിൽ ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പിലാക്കിയ ലക്ഷം വീട് പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ 5 ഏക്രവരുന്ന 6 പ്ലോട്ടുകൾ പഞ്ചായത്ത് വിലക്കു വാങ്ങുകയും അവിടെ 100 വീടുകൾ നിർമ്മിക്കുകയും ഉണ്ടായി. ഈ 100 വീടുകളും ഹൗസ് സെലക്ഷൻ കമ്മറ്റിയുടെ ശുപാർശ പ്രകാരം 100 പേർക്ക് വിതരണം ചെയ്യുകയുണ്ടായി. എന്നാൽ ഈ രംഗത്ത് വമ്പിച്ച കൈമാറ്റം പിൻകാലത്ത് നടക്കുകയുണ്ടായി. അത് പ്രകാരം അന്ന് വീട് അനുവദിച്ച്

കിട്ടിയ പലരുടെയും പേരിലല്ല ഇന്ന് വീടുകളുള്ളത്. എങ്കിലും ഇത്തരം വീടുകളിൽ ഇന്ന് താമസിച്ചു വരുന്നവരും അർഹതപ്പെട്ട കുടുംബങ്ങൾ തന്നെയാണ്.

ലക്ഷം വീടുകളുടെ പശ്ചാത്തലസൗകര്യമില്ലായ്മ എന്നും വ്യാപകമായ ആക്ഷേപത്തിനു വഴി വെച്ചിട്ടുണ്ട്. പല കോളനികളിലും വെള്ളമില്ല, വെളിച്ചമില്ല, പലതിലും കക്കൂസുകളുമില്ല. 70-71 വർഷത്തിൽ പണിതശേഷം ഇന്ന് വരെ പ്രസ്തുത വീടുകൾക്ക് പറയത്തക്ക അറ്റകുറ്റ പണികൾ നടത്തിയിട്ടില്ല. തങ്ങൾ താമസിക്കുന്ന വീടുകളുടെ അറ്റകുറ്റ പണികൾ നടത്തേണ്ടത് തങ്ങളുടെ ചുമതലയാണെന്ന് പലരും വിസ്മരിച്ചപോലെ കാണുന്നു. ഗവൺമെൻറ് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നല്കിയതുകൊണ്ട് പഞ്ചായത്തും സ്വന്തം ഫണ്ട് ഉപയോഗിച്ച് റിപ്പെയർ നടത്തുന്നില്ല. അടിയന്തിരമായി കോളനിയിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വീട് റിപ്പെയർ ചെയ്യുന്നതിനും നടപടി ഉണ്ടാവേണ്ടതാണ്.

സീരിയൽ നമ്പർ	പ്ലോട്ടിൻെറ പേര്	വാർഡ്	നിർമ്മിച്ച വീടുകൾ
1	ഉള്ളിയോറ	9	20
2	നമ്പാപൊയിൽ	3	12
3	പൊന്നം പറമ്പ്	2	40
4	കോളിയാട്ട പൊയിൽ	20	8
5	പയ്യാക്കണ്ടി	2	16
6	കൂളിക്കാവ്	1	4

ഉള്ളിയോറ, പൊന്നാപറമ്പ് തുടങ്ങിയ ലക്ഷം വീട് സൈറ്റിലെ ചില വീടുകൾ ഇതിനകം വീണുപോയിട്ടുണ്ട്. ആയവ പുതുക്കി പണിയുന്നതിന് നടപടി നടത്തേണ്ടതാണ്.

ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് 4 സെൻറ് വീതം ഭൂമി നല്കുന്ന പദ്ധതിയനുസരിച്ച് പഞ്ചായത്ത് ഇതേവരെയായി 9 ഏക്കർ സ്ഥലം വിലക്കെടുത്ത് അതിൽ 7 ഏക്കർ വിതരണം ചെയ്യുകയുണ്ടായി. ശേഷിക്കുന്ന 2 ഏക്കർ സ്ഥലം വിതരണം ചെയ്യുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തെങ്കിലും സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് കഴിയാതെ വന്നതുകൊണ്ട് വിതരണം നടത്തിയിട്ടില്ല. ഇത് ഉടനെ വിതരണം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വിതരണം ചെയ്ത പ്ലോട്ടുകളിൽ ഇനിയും വീടു നിർമ്മിക്കാനുണ്ട്. സ്വന്തമായി വീട് നിർമ്മിക്കാനുള്ള സാമ്പത്തിക കഴിവ് കുറഞ്ഞതുകൊണ്ടാണ് വീട് നിർമ്മിക്കാതിരിക്കുന്നത്.

പഞ്ചായത്തിലെ വടക്കെ വായാട്, തരിപ്പ, ഏറങ്കോട് എന്നീ മലകളിൽ ആദിവാസികളായ കുറിച്യർ കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ഇവർക്കൊന്നും തന്നെ നല്ല വീടുകൾ ഇല്ല. അതുപോലെ തന്നെ പഞ്ചായത്തിലെ പട്ടിക ജാതിക്കാർക്കും സൗകര്യപ്രദമായ വീടുകൾ ഇല്ല. പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സൗകര്യപ്രദമായ വീടുകൾ നിർമ്മിച്ചു നല്കേണ്ടതാണ്.

സ്ഥലവും വീടും ആവശ്യമായ ഏകദേശം 600 പേർ ഇനിയും ഈ പഞ്ചായത്തിൽ ഉണ്ടാവുമെന്ന് കണക്കാക്കി ഇരിക്കുന്നു. ഇവരെ അധിവസിപ്പിക്കുന്നതിന് ഏർപ്പാടുകൾ ഉണ്ടാവണം.

വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക കഴിവ് കേട് ഈ രംഗത്തെ അലട്ടികൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ കൂലിവർദ്ധന സാങ്കേതിക തൊഴിലാളികളുടെ ദൗർലഭ്യം, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ക്രമാധീതമായ വിലകയറ്റം - ഇതും വീട് നിർമ്മിക്കുക എന്ന പ്രക്രിയയെ തടസ്സപ്പെടുത്തുന്നുണ്ട്.

പുഴ പുറമ്പോക്കിലോ, റോഡ് പുറമ്പോക്കിലോ താമസിക്കുന്നവർ ഈ പഞ്ചായത്തിൽ ആരും ഇല്ല. വീടില്ലാത്തതുകൊണ്ട് കടത്തിണ്ണയിൽ അന്തിയുറങ്ങുന്നവരും ഇവിടെയില്ല. വീടില്ലാതെ താമസത്തിന് ബുദ്ധിമുട്ടുന്ന തമിഴ് കുടുംബങ്ങൾ ഇവിടെയുണ്ട്.

ഗൾഫ് പണത്തിൻെറ ആധിപത്യം നിമിത്തം നാട്ടിൻ പുറത്ത് വീട് നിർമ്മിക്കാൻ സ്ഥലത്തിന് വമ്പിച്ച വില കൊടുക്കേണ്ടി വരുന്നു. ആയതുകൊണ്ട് സമതല പ്രദേശങ്ങളിൽ വീട് നിർമ്മിക്കാനുള്ള സ്ഥലം ലഭിക്കുക പ്രയാസമാണ്. മാത്രമല്ല സമതല പ്രദേശത്തെ 10 സെൻറ് കുടികിടപ്പ് വിറ്റ് മലയോരങ്ങളിലേക്ക് കൂടുതൽ സ്ഥലം കൃഷിക്ക് ലഭിക്കുന്നതിന് വേണ്ടി പോകുന്നവരും വിരളമല്ല.

വീട് നിർമ്മാണരംഗത്ത് ധനസഹായം നല്കുന്ന ധനകാര്യസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല. കക്കട്ടിൽ റൂറൽ ഹൗസിങ്ങ് സൊസൈറ്റിയാണ് ഈ പ്രദേശത്ത് വീട് നിർമ്മാണത്തിന് ധനസഹായം നല്കുന്നതിന് അധികാരപ്പെട്ട സ്ഥാപനം. കൂടാതെ കാർഷിക സഹകരണ ബാങ്ക്, കക്കട്ടിൽ റൂറൽ ബാങ്ക്, നാദാപുരം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് എന്നിവയും ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ചീക്കോന്നുമ്മൽ സർവ്വീസ് സഹകരണബാങ്കും സ്കീം ലോൺ അനുവദിക്കുന്ന മുറയ്ക്ക് വീട് നിർമ്മാണത്തിന് സഹായം നല്കാറുണ്ട്. എന്നാൽ ആവശ്യക്കാർക്ക് മുഴുവൻ സഹായം കൃത്യമായി വേണ്ട സമയത്ത് ലഭിക്കുവാൻ ഇന്ന് സംവിധാനമില്ല. വളരെ സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും അമിതമായ പലിശയും ഈ രംഗത്ത് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ജാമ്യവ്യവസ്ഥ ഉദാരമാക്കി പലിശ കുറച്ച് ഈ രംഗത്ത് കടം ലഭിക്കുന്നതിനുള്ള പരിതസ്ഥിതി ഉണ്ടാക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണസംഘത്തിൻെറ രൂപീകരണം അത്യന്താപേക്ഷിതമാണ്.

ഭരണനിർമ്മാണ ബോർഡ്, എൽ.ഐ.സി., ഹഡ്കോ, എന്നീ ഏജൻസികൾ മുഖേനയും സാമ്പത്തികാനുകൂല്യം നേടി ഭവനനിർമ്മാണം നടത്തുന്നുണ്ട്. എന്നാൽ ഈ ഏജൻസികൾ മുഖേനയും എളുപ്പത്തിൽ കടം അനുവദിച്ചുകിട്ടുന്നതിന് സാദ്ധ്യതയില്ല.

വർഷം	RLEGP	NREP	IAY	MWS	JRY
92-93					9
93-94					4
94-95			8	3	3
95-96			2		3
ആകെ			10	3	19

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ചെറ്റപ്പുരകൾ മുഴുവനും ഒരു നിശ്ചിത സമയത്തിനകം ഓടിട്ട വീടുകളാക്കുന്നതിനു ഒരു പദ്ധതി ആവശ്യമാണ്. അതുപോലെ ഓലമേഞ്ഞ കെട്ടിടങ്ങളും ഓടിടുന്നതിന്ന് പരിപാടി ആവിഷ്ക്കരിക്കേണ്ടതാണ്. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന്നായി ഭവനരഹിതരായ ആളുകളെ ഒരു കോളനിക്കകത്ത് അധിവസിപ്പിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തേണ്ടതാണ്. കാരണം കോളനിയിൽ അധിവസിക്കുന്നവർ തങ്ങൾ കോളനിയിൽ അധിവസിക്കുന്നവരാണെന്ന ഒരപകർഷതാബോധത്തിന്ന് അടിമപ്പെട്ടതായി കാണുന്നു. ഇത് സാമൂഹ്യ ഉച്ചനീചത്വങ്ങൾ നിലനിർത്തുന്നതിന്ന് സഹായകമായി തീരുന്നു. അതുകൊണ്ട് ഭവനരഹിതരായ ആളുകളെ ഒരു കോളനിക്കകത്ത് പുനരധിവസിപ്പിക്കുന്നതിന്നുപകരം അവർക്ക് സ്വന്തമായി സ്ഥലം വാങ്ങാനും വീട് നിർമ്മിക്കാനുമുള്ള സഹായം നല്കുന്നതിന്നു ഒരു പദ്ധതിയാണാവശ്യം. അല്ലാത്ത പക്ഷം പുതിയ ആസൂത്രിത കോളനികൾക്കുള്ള സാധ്യത ആരായേണ്ടതാണ്.

കോൺക്രീറ്റ് വീടുകളുടെ കനത്ത സാമ്പത്തിക ചെലവ് പരിഗണിച്ച് വീട് നിർമ്മാണ രംഗത്ത് ചിലവുകുറഞ്ഞ രീതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഈ നിർമ്മാ ണ ശൈലി അനുകരിക്കുന്നതിന്നാവശ്യമായ ബോധവൽക്കരണം ഈ രംഗത്ത് അത്യാവശ്യമാണ്. പണം ദുർവ്യയം ചെയ്ത് കൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത ഇവിടെയില്ല. എങ്കിലും ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കുവാനുള്ള പ്രവണത വളർത്തിയെടുക്കേണ്ടതാണ്. ഇവിടെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന ചെങ്കല്ല്, മരം ഇവയ്ക്ക് താങ്ങാനാവാത്ത വിലയാണെന്ന് സൂചിപ്പിച്ചുവല്ലോ. ചിലവു കുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രികൾ പ്രാദേശീയമായി നിർമ്മിക്കുവാനുള്ള സാദ്ധ്യതകൾ ആരായേണ്ടതാണ്.

കെട്ടിട നിർമ്മാണ രംഗത്ത് വൈദഗ്ധ്യമുള്ള തൊഴിലാളികളെ കിട്ടാനില്ലെന്നതുകൊണ്ട് ഈ രംഗത്ത് തൊഴിലാളികൾക്ക് വേണ്ട പരിശീലനം നൽകുന്നതിന്ന് സംവിധാനമുണ്ടാവേണ്ടതാണ്. ആശാരിപണിക്ക് ഇന്ന് ആളെകിട്ടുന്നതിന്ന് പ്രയാസമുണ്ട്. ഇവിടെ തൊഴിൽ തേടി പോകുന്ന അനേകായിരമുള്ളപ്പോൾ, തൊഴിലാളികളെ തേടിപ്പോകുന്ന സാഹചര്യവും വിരളമല്ല. പാർപ്പിട പ്രശ്നം അതീവ രൂക്ഷമല്ലെങ്കിലും ഈ രംഗത്ത് പ്രശ്നപരിഹാരത്തിന്ന് ഒരു ജനകീയ സംരംഭം അത്യാവശ്യമാണ്.

പ്രശ്നങ്ങൾ

1. സമതലപ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന്ന് ഭൂമി ലഭിക്കുന്നതിന്നുള്ള പ്രയാസം, വിലക്കയറ്റം.

2. സാങ്കേതിക നിർമ്മാണ തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം.

3. ഒന്ന് രണ്ട് വാർഡുകളിൽ കുന്നിൻപ്രദേശത്തം വീട് നിർമ്മിക്കാനുള്ള സാമഗ്രികൾ എത്തിക്കാനുള്ള പ്രയാസം.

4. വീട് നിർമ്മിക്കാനാവശ്യമായ ലോൺ ലഭിക്കുന്നതിലുള്ള പ്രയാസം. വമ്പിച്ച പലിശ. സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥ.

5. കോളനികളിൽ പശ്ചാത്തലസൗകര്യമില്ലാത്ത അവസ്ഥ. ലക്ഷം വീടുകളുടെ റിപ്പയറിംഗ്.

6. ഹൗസിംഗ് സൊസൈറ്റികളുടെ രൂപീകരണം.

7. റോഡിൽ നിന്ന് 3 മീറ്റർ വിട്ടേ കെട്ടിടങ്ങൾ നിർമ്മിക്കാവൂ എന്ന പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. ഈ കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം.

8. വിതരണം ചെയ്യാൻ ബാക്കി നില്ക്കുന്ന ഭൂമി വിതരണം ചെയ്യുക.

9. ചെറ്റപ്പുരകൾ മാറ്റി പുതിയ വീട് നിർമ്മിക്കുക. ഓലമേഞ്ഞ കെട്ടിടങ്ങൾ ഓട് മേഞ്ഞു കൊടുക്കുക.

സാദ്ധ്യതകൾ

1. പുതുതായി ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.

2. വ്യാപകാത്യത്തിയിലുള്ള സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽപേർക്ക് കടം അനുവദിക്കുക.

3. ഗവൺമെൻറ് ഏജൻസികൾ മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതികൾ നിർമ്മാണരംഗത്ത് വീടില്ലാത്തവരെ കണ്ടെത്തി വീട് നിർമ്മാണം ഉറപ്പു വരുത്തുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കുറക്കാനുള്ള നടപടികൾ നടപ്പിലാക്കുക. സിമൻറ്, കമ്പി ഇവ സിവിൽ സപ്ലൈസ്സ് വകുപ്പു പ്രകാരം വിതരണം ചെയ്യുക.

5. ചിലവു കുറഞ്ഞ കെട്ടിട നിർമ്മാണ രീതികളുടെ പ്രചാരണം വ്യപാകമാക്കുക.

6. ഭൂരഹിതർക്കും നിർദ്ധന്മാർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുക. (ഫ്ലാറ്റ് സമ്പ്രദായം).

7. ഭവന നിർമ്മാണ രംഗത്ത് ദുർവ്യയം അവസാനിപ്പിക്കുന്നതിന് 5 ലക്ഷം രൂപയിൽ കൂടുതൽ ചിലവു വരുന്ന വീടുകൾക്ക് പ്രത്യേക നികുതി സമ്പ്രദായം നടപ്പിലാക്കുക.

8. പരമ്പരാഗത വാസ്തു ശില്പ മാതൃകകൾ സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാകുക.

9. കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് സേവന സംഘങ്ങൾ രൂപീകരിക്കുക.

10. ആസൂത്രിത കോളനികൾ ആവിഷ്കരിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്രരേഖയ്ക്ക് (11,000 ക. വാർഷിക വരുമാനത്തിൽ കുറവ്) താഴെയുള്ളവരെയുൾ

ത്തികൊണ്ടു വരാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയിൽ, സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ ആഭിമുഖ്യത്തിലുള്ള പദ്ധതി തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധീ ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതി എന്നിങ്ങനെ രണ്ടായി തിരിക്കാം. എന്നാൽ ഇതിനു പുറമെ പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷനും വനിത വികസനാകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

കേന്ദ്രസംസ്ഥാന ഗവൺമെൻറുകളുടെ ആഭിമുഖ്യത്തിലുള്ള ഐ.ആർ.ഡി.പി. പോലുള്ള ദാരിദ്രനിർമ്മാർജ്ജ പദ്ധതികളാണ് പഞ്ചായത്തിന് കൂടുതൽ ലഭിക്കുന്നത്. കോർപ്പറേഷനുകളുടെ സഹായം നാമമാത്രമായേ ലഭിക്കുന്നുള്ളു. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത പ്രകടമായി അനുഭവപ്പെടുന്നതായി കാണാം. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹരായവർക്ക് സഹായം കിട്ടാത്ത അവസ്ഥ, ഔദ്യോഗിക തലങ്ങളിലുള്ള ബോധവല്ക്കരണക്കുറവ്, യഥാസമയം ആനുകൂല്യം ലഭിക്കാതിരിക്കൽ, ലഭിച്ച ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ എന്നിവ മേൽപറഞ്ഞവയിൽ ഉൾപ്പെടുന്നു.

ക്ഷേമനിധി സംബന്ധിച്ച പ്രവർത്തനങ്ങൾ ഇന്നും കാര്യക്ഷമമായി നടക്കുന്നില്ല. കെട്ടിടനിർമ്മാണതൊഴിലാളികൾ, കർഷകതൊഴിലാളികൾ, മത്സ്യവിതരണ തൊഴിലാളികൾ എന്നിവർ കൂടുതലായി ഈ പ്രദേശത്തുണ്ടെങ്കിലും എല്ലാവരും ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ല.

പട്ടിക ജാതി വികസന കോർപ്പറേഷന്റെ ഓഫീസ് കൽക്കട്ടയിലാണുള്ളത്. ആയതുകൊണ്ട്. ആ ആഫീസുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീക്കുന്നതിന് പാവപ്പെട്ട പട്ടികജാതിക്കാർക്ക് വിഷമമുണ്ട്.

അതുപോലെ തന്നെ വനിതാവികസനകോർപ്പറേഷൻ തിരുവനന്തപുരത്തു പ്രവർത്തിക്കുന്നു. ഈ ആഫീസുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീക്കുന്നതിന് സ്ത്രീകൾക്ക് വിഷമമുണ്ട്.

1992-93ൽ നടത്തിയ ഐ.ആർ.ഡി.പി. സർവ്വേ അനുസരിച്ചാണ് ആനുകൂല്യങ്ങൾ ഇപ്പോൾ അനുവദിച്ചുവരുന്നത്. ഐ.ആർ.ഡി.പി. സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒരു പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 11,000 രൂ.യ്ക്ക് താഴെ വരുമാനമുള്ളവരെയാണ് ഐ.ആർ.ഡി.പി. സർവ്വെ അനുസരിച്ച് ദാരിദ്രരേഖയ്ക്ക് താഴെയെന്ന് കണക്കാക്കിയിരിക്കുന്നത്. ഇങ്ങനെ പരിധി വെച്ച് സഹായം അനുവദിക്കുന്നത് കൊണ്ട് അർഹരായ പലർക്കും ധനസഹായം ലഭിക്കാതെ പോകുന്നുണ്ട്.

പഞ്ചായത്ത് നരിപ്പറ്റ, തീനൂർ എന്നീ സർക്കിളായി തരം തിരിച്ചാണ് ആനുകൂല്യപ്രവർത്തനം നടത്തുന്നത്. തിനൂർ സർക്കിളിൽ ആകെ ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ളവർ 1225. നരിപ്പറ്റ സർക്കിളിൽ 1147ആണ്. ഇതിൽ സഹായം ലഭിച്ചവർ തിനൂർ സർക്കിളിൽ 89 ഉം നരിപ്പറ്റ സർക്കിളിൽ 68 ഉം ആണ്.

ദാരിദ്രരേഖ നിർവ്വചിച്ചിരിക്കുന്ന മാറ്റത്തിന് വിധേയമാക്കണമെന്നു പറഞ്ഞുവല്ലോ. 25000 രൂ.യ്ക്ക് താഴെ വരുമാനമുള്ളവരെ ദാരിദ്രരേഖയ്ക്ക് താഴെ കൊണ്ടു വന്ന് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണ്.

ഐ.ആർ.ഡി.പി. ലോൺ അനുവദിക്കുന്നതിൽ ദേശസാൽകൃതബാങ്കുകൾക്ക് തീരെ താല്പര്യമില്ല. അതേ അവസരത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ഈ ലോൺ അനുവദിച്ചു കൊടുക്കുന്നതിൽ താല്പര്യമുണ്ടെങ്കിലും അവയ്ക്ക് ജില്ലാ ബാങ്കിൽ നിന്നും കടം അനുവദിച്ച് കിട്ടാത്തതുകൊണ്ട് കഴിയുന്നുമില്ല. ഐ.ആർ.ഡി.പി. ലോണുകൾ കൃത്യമായി തിരിച്ചടക്കുന്നില്ല എന്നുള്ളതാണ് ദേശസാൽകൃത ബാങ്കുകളെ ഈ കാര്യത്തിൽ വിമുഖരാക്കുന്നതെന്നാണ് പറയുന്നത്. കഴിഞ്ഞ വർഷം നബാർഡ് റീ ഫൈനാൻസിങ്ങ് നിർത്തിയതു കാരണം ചീക്കോന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്കിന് കെ.ഡി.സി.ലോൺ അനുവദിക്കാതിരിക്കുകയും, സാമ്പത്തിക വിഷമതകൾ കാരണം സ്വന്തമായി ഫണ്ട് ഇല്ലാത്തതു നിമിത്തം ബാങ്കിൽ സമർപ്പിച്ച അപേക്ഷ തിരിച്ചയക്കുകയുമാണ് ഉണ്ടായത്. ഈ വർഷവും ജില്ലാ ബാങ്കിൽ നിന്നും ഐ.ആർ.ഡി.പി. ലോൺ അനുവദിച്ചു കിട്ടുമെന്നതിന് യാതൊരു സൂചനയും ലഭിച്ചിട്ടില്ല. അങ്ങനെ വരുമ്പോൾ ഈ കൊല്ലം ലഭിച്ച അപേക്ഷകളും തിരിച്ചയക്കേണ്ടി വരുമെന്നാണ് ബാങ്ക് അധികൃതരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്.

DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അധിലതികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംഘടനകളാണ് DWCRA.

DWCRA സഹായ ലഭ്യതാകണക്ക്

വർഷം	അംഗം	സ് കീമുകളുടെ സബ്ു പേര്	സിഡി	വായ് പ	നിമാർക്ക ഓരോ
91-92	10	നരിപ്പ റ്റ ഡയറി	-	-	അംഗങ്ങളുടെയും വീടുകളിൽ പശു വളർത്തുന്നു.
91-92	10	റെഡിമേയ് ഡ് ഗാർമെൻറ്സ്	-	-	യൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്

ഇത്തരം യൂനിറ്റുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് സാധാരണ സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല. പഞ്ചായത്ത് കേന്ദ്രമായി DWCRAയുടെ ഏജൻസി പ്രവർത്തിപ്പിക്കണം. കൂടുതൽ യൂനിറ്റുകൾ തുടങ്ങി സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മക്ക് പരിഹാരമുണ്ടാക്കാവുന്നതാണ്. യൂനിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുവാനും സഹായം നല്കുന്നതിനും സന്നദ്ധ സംഘടന പ്രവർത്തകർ അടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം. അയൽക്കൂട്ട കമ്മറ്റി

കളെയും ഇതിനായി ഉപയോഗിക്കുന്നതാണ്.DWCRA യൂ നിറ്റ് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണനി കണ്ടെത്തുന്നതിനും വിഷമതകൾ ഉണ്ട്. സർക്കാർഏജൻസികൾ മുഖേന ഇത്തരം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു സൗകര്യം ഉണ്ടാക്കണം. അതിനു പഞ്ചായത്ത് രൂപീകരിച്ച് ഒരു കൺസ്യൂമർ സ്റ്റോർ ആരംഭിക്കാവുന്നതാണ്. ഗവൺമെൻറ് അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ ഇവയ്ക്ക് ആവശ്യമായ വസ്തുക്കൾ ഇത്തരം കൺസ്യൂമർ സ്റ്റോറുകളിൽ നിന്ന് മാത്രമെ വാങ്ങാവൂ എന്ന് കൂടി നിഷ്കർഷിച്ചാൽ ഒരളവോളം വിപണനത്തിന്റെ കാര്യത്തിൽ ഇന്നനുഭവപ്പെടുന്ന വിഷമതകൾ പരിഹരിക്കാൻ പ്രയാസമുണ്ടാവുകയില്ല.

ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ നല്കുന്നതാണ് ട്രൈസം പരിപാടി. ഈ പഞ്ചായത്തിൽ ട്രൈസം പരിശീലനം നേടിയവരുടെ കണക്ക് ലഭ്യമല്ല. ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നല്കാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം തുടങ്ങാനും നടപടി വേണം. ചുരുക്കം ആളുകൾ മാത്രമെ പരിശീലനം നേടാൻ ആഗ്രഹിക്കുന്നുള്ളു. ഈ രംഗത്ത് യുവജന സംഘടനകളുടെയും മഹിളാസംഘടനകളുടെയും കാര്യമാത്ര പ്രസക്തമായ ബോധവല്ക്കരണം ഉണ്ടാവേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ഇന്ന് നല്കി വരുന്ന സ്റ്റൈപൻഡ്, മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കേണ്ടതാണ്.

ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീനരീതിയിലുള്ള തൊഴിൽ ഉപകരണങ്ങൾ നല്കുന്ന പദ്ധതിയാണിത്. ഐ. ആർ.ഡി.പി. സർവ്വെ പ്രകാരം 77 കൈത്തൊഴിലുകാരാണ് പഞ്ചായത്തിലുള്ളത്. ഇവർക്കായി 92-93, 93-94, 94-95, 95-96 എന്നീ വർഷങ്ങളിലായി യഥാക്രമം 2, 7, 9, 8 എന്നീ തോതിൽ ടൂൾകിറ്റുകൾവിതരണം ചെയ്തിട്ടുണ്ട്. ടൂൾകിറ്റുകൾ തയ്ക്കേണ്ട ആവശ്യക്കാരെ കണ്ടെത്തി സാധനങ്ങൾ യഥാക്രമം വിതരണം ചെയ്യേണ്ടതുണ്ട്. ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾ അജ്ഞരാണ്. ബോധവല്ക്കരണം ഈ കാര്യത്തിൽ അത്യാവശ്യമാണ്.

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതി പ്രകാരം (സി.ആർ.എസ് .പി.) 93-94ൽ 20 പേർക്കും 94-95ൽ 9 പേർക്കും 95-96ൽ 9പേർക്കും ധനസഹായം നല്കിയിട്ടുണ്ട്. ഇതിൽരണ്ടെണ്ണം ഒഴികെ ബാക്കിയെല്ലാം പൂർത്തിയായി. ഈ പദ്ധതിയിൽ ചുരുങ്ങിയ ആളുകൾക്ക് മാത്രമെ ഗുണം ലഭിക്കുന്നുള്ളു. ആവശ്യക്കാരെ കണ്ടെത്തി കക്കൂസുകൾ കൂടുതൽ അനുവദിക്കുകയും , സാമ്പത്തിക സഹായം വർദ്ധിക്കുകയും ചെയ്യണം.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതി

സാമൂഹ്യക്ഷേമ രംഗത്ത് വില്ലേജ് ഓഫീസുകൾ വഴി പെൻഷനുകൾ നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം ഇവ വിതരണം ചെയ്തിരുന്നു. അർഹരായിട്ടുള്ള എല്ലാവർക്കും ഇത് ലഭിക്കുന്നില്ല. എന്ന പരാതി നിലവിലുണ്ട്. അതേ അവസരത്തിൽ അനർഹരായ പലരും ഈ ആനുകൂല്യം നേടിയെടുക്കുന്നതായി ആക്ഷേപമുണ്ട്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശരായവർക്ക് ഈ പദ്ധതി പ്രകരാം ആനുകൂല്യം കിട്ടുന്നില്ല എന്നത് വലിയ ഒരു പ്രശ്നമാണ്. ഇത് സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഒട്ടേറെ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി ആവശ്യമായ ഫണ്ടും നല്കേണ്ടതാണ്.

വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നല്കാൻ നടപടി വേണം. നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ ഈ പെൻഷൻ 91ൽ 11 പേർക്കും 92ൽ 6പേരക്കും 93ൽ 9 പേർക്കും 94ൽ 6 പേർക്കും 95ൽ 6 പേർക്കുമാണ് ലഭിച്ചിട്ടുള്ളത്.

വികലാംഗപെൻഷൻ

വികലാംഗനാണെന്ന് തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നാണ് സർട്ടിഫിക്കറ്റ് ലഭിക്കേണ്ടത്. ഇതിന് പ്രയാസം നേരിടുന്നുണ്ട്. വികലാംഗർക്ക് യാത്രയ്ക്ക് ഒട്ടേറെ പ്രയാസങ്ങളുണ്ട്. ആയതുകൊണ്ടും ഇവർക്ക് അതതു പഞ്ചായത്തുകളിൽ ഡോക്ടർമാർ ക്യാമ്പ് ചെയ്ത് സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്.

കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളി പെൻഷൻ അനർഹരായ പലരും വാങ്ങുന്നതായി പരാതിയുണ്ട്. അതേ അവസരത്തിൽ അർഹരായ മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തിരഞ്ഞെടുക്കുവാൻ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കണം. തെരഞ്ഞെടുത്ത ആളുകളുടെ ലിസ്റ്റ് പരസ്യമായി പ്രസിദ്ധപ്പെടുത്തണം.

ഈ പഞ്ചായത്തിൽ 1991ൽ 538ഉം 1992ൽ 538ഉം 93ൽ 517ഉം 94ൽ 509ഉം ആളുകൾ പെൻഷൻ വാങ്ങുന്നുണ്ട്.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം

വാങ്ങുന്നവരുടെ അംഗസംഖ്യ വളരെ കുറവാണ്. 91ൽ 12 പേരും 93ൽ 33 പേരും 94ൽ 2 ഉം എന്ന തോതിലാണ് തൊഴിലില്ലായ്മ വേതനം വാങ്ങിക്കൊണ്ടിരിക്കുന്നത്. തൊഴിലില്ലായ്മ വേതനം നല്കുന്നതിന് ഇന്ന് സ്വീകരിച്ച് വരുന്ന മാനദണ്ഡങ്ങൾ പുനപരിശോധനയ്ക്ക് വിധേയ മാക്കി തൊഴിലില്ലാത്ത എല്ലാവർക്കും വേതനം നല്കുന്ന തിന് നടപടി ഉണ്ടാവണം. തൊഴിലില്ലായ്മ വേതനം അതാത് പഞ്ചായത്തുകളിൽ വെച്ച് വിതരണം ചെയ്യുന്ന തിന് നടപടി ഉണ്ടാവണം.

വാർദ്ധക്യ പെൻഷൻ

ഈ പഞ്ചായത്തിൽ 91ൽ 2, 92ൽ 2, 93ൽ 4, 94ൽ 4, 95ൽ 8 എന്ന തോതിൽ ലഭിക്കുന്നുണ്ട്.

കാൻസർ രോഗികൾക്കുള്ള പെൻഷൻ

91ൽ 2, 93ൽ 1, 95ൽ 4 എന്നീ തോതിൽ കാൻസർ രോഗികൾക്ക് പെൻഷൻ ലഭിച്ചു വരുന്നുണ്ട്.

അവശകലാകാരന്മാർ, സാഹിത്യകാരന്മാർ, അവശ കായികതാരം, ക്ഷരോഗികൾ, കുഷ്ഠരോഗികൾ എന്നീ വിഭാഗത്തിൽ പെട്ടവക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

ബാലവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർ ത്തനം ആരംഭിക്കുന്നത് ബാലവാടിയിൽ കൂടിയാണ്. ബാ ലവാടികൾക്ക് വികസനരംഗത്ത് അതിന്റേതായ പങ്ക് നിർവ്വഹിക്കാൻ കഴിയേണ്ടതാണ്. ജനസംഖ്യയുടെ അടി സ്ഥാനത്തിൽ ബാലവാടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിൽ വായാട് കുറിച്യക്കോളനി, ജ്വാല ആർട്സ്തിരൂർ, ചീക്കോന്ന്, താഴെ നരിപ്പറ്റ എന്നീ സ്ഥല ങ്ങളിൽ ബാലവാടി പ്രവർത്തിച്ചു വരുന്നുണ്ട്. ബാലവാ ടികളുടെ പശ്ചാത്തലം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇ ന്ന് ഒട്ടേറെ പ്രയാസങ്ങൾ ജീവനക്കാർക്കും കുട്ടികൾക്കും അനുഭവിക്കേണ്ടി വരുന്നുണ്ട്. ഇതു കാരണം രക്ഷിതാ ക്കൾക്ക് അസംതൃപ്തി ഉണ്ടാവുന്നു.

1. ബാലവാടിയിൽ ക്ലാസ്സ് നടത്തുന്നത് വിശാലമായി മുറികളിൽ വെച്ചായിരിക്കും.
2. വായുസഞ്ചാരമുള്ളവയായിരിക്കണം.
3. വിശ്രമമുറി, കക്കൂസ്, മൂത്രപ്പുര, അടുക്കള ഇവ ഉണ്ടായിരിക്കണം.
4. കളിസ്ഥലവും കളിക്കോപ്പുകളും ഉണ്ടാവണം.
5. ബാലവാടി ജീവനക്കാർക്ക് സേവനവേതന വ്യവ സ്ഥകൾ, മറ്റു ഗവൺമെൻറു ജീവനക്കാരുടേതിന് തുല്യത പുലർത്തണം.
6. ബാലവാടിയിൽ പൂന്തോട്ടം അനിവാര്യമായി ഉണ്ടാ യിരിക്കണം.
7. കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ ഗൃഹസന്ദർശന പരിപാടി നടപ്പിലാക്കേണ്ട താണ്.
8. കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർ ച്ചയ്ക്കാവശ്യമായ പോഷകാഹാര ഭക്ഷണസാധനങ്ങൾ ദിനംപ്രതി കൊടുക്കുന്നതിന് ഏർപ്പാടുണ്ടായിരിക്കണം.
9. ബാലവാടിയിലെ കുട്ടികളെ മാസം തോറും മെഡി ക്കൽ ചെക്കപ്പിന് വിധേയരാക്കേണ്ടതാണ്.
10. തലമുറയെ വാർത്തെടുക്കുന്നതിനുള്ള അംഗക്ക ളരിയായി ബാലവാടികൾ മാറ്റേണ്ടതാണ്.

മഹിളാ സമാജം

സമൂഹത്തിലെ സ്ത്രീകളുടെ ആരോഗ്യ-സാംസ്കാരിക രംഗത്ത് പുത്തനുണർവ്വ് നല്കുക എന്നതാണ് മഹിളാസ മാജങ്ങളുടെ കർത്തവ്യം. സ്ത്രീകളുടെ നാനാമുഖമായ വളർച്ചയ്ക്ക് നിദാനമാകേണ്ടത് ഇതിന്റെ പ്രവർത്തനശേ ഷിയാണ്. എന്നാൽ ഇന്നത്തെ മഹിളാസമാജങ്ങൾ ഈ രൂപത്തിൽ വളർന്നുവന്നിട്ടില്ല. ബ്ലോക്കിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന പോഷകാഹാരങ്ങളും കേര ഭക്ഷണങ്ങളും വിതരണം ചെയ്യുന്നതിലും ആരോഗ്യ രംഗത്തെ പുറംതൊലിമാത്രമായിട്ടുള്ള പാചകക്ലാസ്സുക ളിലും കൃഷി വകുപ്പിലെ നടീൽ വസ്തുക്കളുടെ വിതര ണത്തിലും മാത്രം ഒതുങ്ങിക്കൂടുന്ന സ്ഥിതിയാണുള്ളത്. ഇതിന് അടിയന്തിരമായ ഒരു മാറ്റം ആവശ്യമാണ്. സ്ത്രീകൾ ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും കൂട്ടാ യ്മയിലൂടെ ചർച്ചകളിലൂടെ പരിഹാരം തേടി മുഴുവൻ ആളുകളെയും ഇതുമായി ബന്ധപ്പെടുത്തേണ്ടതാണ്. ബാ ലവാടിക്ക് സ്വന്തമായി കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാകേണ്ടതാണ്.

കെട്ടിക നിർമ്മാണതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ തൊഴിൽ മേഖലയായി, കെട്ടിടനിർ മ്മാണ മേഖല മാറികൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾ മുഴുവനും ക്ഷേ മനിധിയിൽ അംഗങ്ങളായിട്ടില്ല. കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾ, 55 വയസ്സ് കഴിഞ്ഞാൽ ജോലിയിൽ നിന്ന് വിട്ടുനില്ക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ഇവ രുടെ പെൻഷൻ പ്രായം 50 വയസ്സായി ചുരുക്കേണ്ടതാണ്.

ഉടമവിഹിതം പിരിച്ചെടുക്കാനുള്ള നടപടി ഉണ്ടാവേണ്ട താണ്

ആഭരണ തൊഴിലാളി ക്ഷേമനിധി

വിരലിലെണ്ണാവുന്നവർ മാത്രമെ ഈ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. അവരെ മുഴു വനും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

കൈത്തൊഴിലാളി, വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരം കയറുന്നവർ, സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ ഇവർക്കെല്ലാം ക്ഷേമനിധിയിൽ അം

ഗങ്ങളായി ചേരാവുന്നതാണ്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

പൊതുവിതരണ കേന്ദ്രം

നരിപ്പറ്റ പഞ്ചായത്തിൽ 10 പൊതുവിതരണകേന്ദ്രങ്ങളുണ്ട്. ഇതിൽ എല്ലാം കൂടി 4006 കാർഡ് ഉടമകളുണ്ട്. മാവേലി സ്റ്റോറുകൾ ഈ പഞ്ചായത്തിലില്ല. മാവേലി സ്റ്റോറുകൾക്ക് നിത്യോപയോഗസാധനങ്ങളുടെ വിലകയറ്റം തടഞ്ഞു നിർത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പ്രസ്താവ്യമാണ്. സഹകരണ ബാങ്കു വഴി ഓണം, വിഷു, റംസാൻ തുടങ്ങിയ ആഘോഷവേളയിൽ നടത്തുന്ന ചന്തകളും വിലകയറ്റം കുറച്ചു കൊണ്ടു വരുന്നതിന് സഹായകരമായിട്ടുണ്ട്.

റേഷൻ ഷാപ്പ്

റേഷൻ ഷാപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി ആകെ കുത്തഴിഞ്ഞ രൂപത്തിലായിരിക്കുകയാണ്. അനുദിനം പരാതികൾ കുന്നുകൂടിയിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാവുന്നില്ല. റേഷൻ ഷാപ്പിന്റെപേര് പൊതുവിതരണ കേന്ദ്രമെന്നാക്കിയത് വീണ്ടും റേഷൻ ഷാപ്പ് എന്നു തന്നെയാക്കി മാറ്റണം. പഞ്ചായത്തിന്റെ റേഷൻ ഷാപ്പുകളുടെ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ആവലാതികൾക്ക് പരിഹാരം കാണേണ്ടതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകരുടെ തീരുമാനം അതാത് പഞ്ചായത്തുകളിൽ ക്യാമ്പ് ചെയ്ത് ബന്ധപ്പെട്ട അധികൃതർ പരിഹാരം ഉണ്ടാക്കണം.

നിർദ്ദേശങ്ങൾ

1. ദാരിദ്രനിർമ്മാർജ്ജ പരിപാടി കുറച്ച് കുടുംബങ്ങൾക്കു മാത്രമെ ഉപകാരപ്രദമാവുന്നുള്ളു.
2. ഐ.ആർ.ഡി.പി. ലിസ്റ്റിൽ നിന്നും അനർഹ കുടുംബത്തെ ഒഴിവാക്കുക.
3. ഐ.ആർ.ഡി.പി. പദ്ധതി വിഹിതത്തെ കുറിച്ച് ജനങ്ങളിൽ പരിജ്ഞാനം ഉണ്ടാക്കണം.
4. ആനുകൂല്യങ്ങൾ ഉപഭോക്താവിന്റെ ഇച്ഛയ്ക്കനുസരിച്ച് ലഭിക്കുന്നില്ല.
5. ദാരിദ്രരേഖയ്ക്ക് നിശ്ചയിച്ച മാനദണ്ഡം പുനപരിശോധനയ്ക്ക് വിധേയമാക്കണം.
6. DWCRA പ്രകാരമുള്ള സംരംഭങ്ങൾ സംബന്ധിച്ച് ബോധവല്ക്കരണം നടത്തണം.
7. ട്രൈസം പരിശീലനം നേടിയവർക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാവണം.
8. നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കണം.
9. വിവിധ പെൻഷനുകളിലെ അനർഹരെ ഒഴിവാക്കുക.
10. വിധവാപെൻഷൻ നിയമം കാലോചിതമായി പരിഷ്കരിക്കുക.
11. വികലാംഗപെൻഷൻ സംബന്ധിച്ച് ഇന്ന് നേരിടുന്ന നൂലാമാലകൾ ഒഴിവാക്കുക.
12. ബാലവാടികൾ, മഹിളസമാജങ്ങൾ എന്നിവയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുക.

സാദ്ധ്യതകൾ

1. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റ് പ്രകാരം അർഹരായവരിൽ ആനുകൂല്യം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം.
2. ഐ.ആർ.ഡി.പി. മുഖേന തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തുക.
3. യുവതീയുവാക്കൾക്ക് ട്രൈസം പരിശീലനം കൊടുക്കുക.പരിശീലനം കഴിഞ്ഞവർക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.
4. വനിതകൾക്കായി DWCRA യൂനിറ്റുകൾ സ്ഥാപിക്കൽ.
5. അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിന് ജനകീയ സംവിധാനം ഉണ്ടാക്കുക.
6. അർഹരായവരെ കണ്ടെത്തുന്നതിന് അയൽക്കൂട്ടങ്ങളെ ചുമതലപെടുത്തുക.
7. ദാരിദ്രരേഖയിൽ താഴെയുള്ളവർക്ക് കക്കൂസുകൾ നല്കുക.
8. കൈത്തൊഴിലുകാർക്ക് നവീന കൈത്തൊഴിൽ ഉപകരണങ്ങൾ നല്കുക.
9. വികലാംഗപെൻഷൻ ലഭിക്കുന്നവർക്ക് ഇന്ന് നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
10. മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാരം നല്കുന്നതിനും മെഡിക്കൽ ചെക്കപ്പിനും സംവിധാനമുണ്ടാക്കുക. ആവശ്യമായ സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാക്കണം.
11. ജനസംഖ്യാനുപാതികമായി ബാലവാടി, മഹിളാസമാജവും ഏർപ്പെടുത്തുക.
12. ഐ.സി.ടി.എസ്. കുന്നുമ്മൽ ബ്ലോക്കിൽ നടപ്പിലാക്കുക.
13. മലയോരമേഖലയിൽ റേഷൻ ഷാപ്പുകൾ അനുവദിക്കണം.

അദ്ധ്യായം എട്ട്

സംസ്കാരം

സമ്പുഷ്ടമായ ഒരു സംസ്കൃതിയുടെ പാരമ്പര്യത്തിന് അവകാശികളാണം നാം. പ്രാചീന നദീതട നാഗരികതയിൽ ഏറ്റവും സമ്പന്നം നമ്മുടെ സിന്ധുനദീതടസംസ്കാരമായിരുന്നു എന്ന് ലോകം മുഴുക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്കാരം ദാർശനികതയുടെ ഭാഗമായി ഇവിടെ വ്യാഖ്യാനിക്കപ്പെട്ടു. എല്ലാ ഭാരതീയ കലകളും (സംഗീതം, ചിത്രകല, നൃത്തം, വാസ്തുശില്പം എന്നിങ്ങനെ ആ പട്ടിക നീളുന്നു) പരസ്പരലയത്തിലൂടെ സമന്വയിക്കപ്പെട്ടു. ഭാരതീയതയുടെ ഭാഗമാണെങ്കിലും കേരളത്തിനുമുണ്ട് അതിനേറെതായ സാംസ്കാരിക തനിമ. ഭിന്നപ്രദേശങ്ങളിൽ ഈ തനിമയും ഭിന്നഭാവം കൈകൊണ്ടു. കടത്തനാടൻ ഗ്രാമങ്ങൾക്ക് സ്വന്തമായ ചില പൈതൃകങ്ങളുണ്ട് എടുത്തുകാട്ടുവാൻ. കളരിപ്പയറ്റും കോൽക്കളരിയും ഒപ്പത്തിനൊപ്പം വളർന്നുവരികയാണിവിടെ ചെയ്തത്. ശാരീരികവും മാനസികവുമായ ഒരു താളലയം കളരിഗുരുക്കന്മാരുടെ ശിഷ്യത്വത്തിൽ സർവ്വരും ഏറ്റുവാങ്ങി. സവർണ്ണകലകളിൽ കഥകളി, ഓട്ടം തുള്ളൽ, മോഹിനിയാട്ടം, ചാക്യാർകൂത്ത് എന്നിവ മുന്നിട്ടുനിന്നു. നമ്മുടെ വടക്കൻ പാട്ടുകൾ, നാടൻ കലകൾ എന്നിവ സമൂഹത്തിലെ കീഴ്തട്ടിലുള്ളവരുടെ സംഭാവനയായിരുന്നു. ക്ഷേത്രങ്ങളിലും പ്രാദേശികാരാധനാമൂർത്തികളുടെ പ്രതിഷ്ഠാസ്ഥാനങ്ങളിലും നടന്ന ഉത്സവമേളകൾ കേരളത്തിന്റെ സ്വന്തമായ വേഷാഭൂഷാദികളും ആട്ടക്രമങ്ങളും കൊണ്ട് മുഖരിതമായിരുന്നു. ഇന്ന് നെല്പാടങ്ങൾ പൂർണ്ണമായും നശിച്ചു എന്നു തന്നെ പറയാം. പഞ്ചായത്തിലെ പാടങ്ങളിൽ വിത്തിറക്കുമ്പോഴും കളപറിക്കുമ്പോഴും ഞാറ് പറിച്ചു നടുമ്പോഴും കൊയ്തു നടക്കുമ്പോഴും സംഗീതസാന്ദ്രമായ സ്ത്രീ സ്വരങ്ങൾ ഈ അടുത്ത കാലം വരെ കേരളീയ ഹൃദയങ്ങളെ കോരിത്തരിപ്പിച്ചിരുന്നു. ഇന്നത്തെ തലമുറ വടക്കൻ പാട്ടിന്റെ ഈ പാരമ്പര്യം നഷ്ടപ്പെടുത്തി കഴിഞ്ഞു; അതിനെ വീണ്ടെടുക്കാനാവില്ല.

പഞ്ചായത്ത് മുഴുക്കെ രണ്ട് ദശാബ്ദം മുമ്പു വരെ ഗ്രാമീണ കലകൾ സംഘടിപ്പിച്ചു പോന്നിരുന്നു. സമ്പന്ന കുടുംബങ്ങളിൽ ദൈവ പ്രീതിക്കും ശത്രു നാശത്തിനും വേണ്ടി ചില കർമ്മങ്ങൾ നടന്നിരുന്നു. പാണന്മാരുടെ കലാവൈഭവം ഇവിടങ്ങളിൽ അവതരിപ്പിക്കപ്പെട്ടുപോന്നു. ചെണ്ടമേളം, സർവ്വ ചടങ്ങുകൾക്കും കൊഴുപ്പു നല്കി. ഇന്നത്തെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ മുഴുക്കെ പുതിയ രൂപം നേടിക്കഴിഞ്ഞു. സംഘടിത ശ്രമങ്ങളുടെ പിൻതുണയോടെ മാത്രമെ ഇന്ന് സാംസ്കാരിക പ്രവർത്തനം എവിടെയും നടത്താനാവൂ എന്ന അവസ്ഥ വന്നു ചേർന്നിരിക്കുന്നു. ഇലക്ട്രോണിക് മാദ്ധ്യമങ്ങളും പത്രമാസികകളും സിനിമയും പണ്ടത്തെ സാംസ്കാരിക പ്രവർത്തനങ്ങളെ തകിടം മറിച്ചിരിക്കുകയാണ്. കമ്പോളവൽകരിക്കപ്പെട്ട ഒരു സമൂഹത്തിൽ അതിന്റെ ഭാഗമായി വളർന്നു വരുന്നസാംസ്കാരിക വൈകൃതങ്ങളെ എടുത്തു മാറ്റാനാവില്ല. ജനകീയ ശ്രമങ്ങളും പ്രാദേശിക ഭരണ സമിതികളുടെ സഹായവും വേണം മൂല്യബോധം വളർത്തുന്ന ഒരു സാംസ്കാരിക പ്രവർത്തനത്തിന്റെ ഒരു ശൃംഖല സൃഷ്ടിക്കുവാൻ.

നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ സംഘടിത ശ്രമം ഈ മേഖലയിൽ നടത്തിയത് കൈവേലിയിൽ 1950 കളിൽ രൂപം പൂണ്ട 'നരിപ്പറ്റ ഗ്രാമീണ കലാസമിതി' (NGKS) എന്ന സംഘമായിരുന്നു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് അക്കാലത്ത് മിക്ക കലാസമിതികളും ജന്മം കൊണ്ടത്. നിരവധി അരങ്ങുകളിൽ തുടർച്ചയായ പ്രകടനങ്ങൾ നടത്തുവാൻ ഇത്തരം സംഘങ്ങൾക്ക് കഴിയുമായിരുന്നില്ല. പ്രൊഫഷണൽ സംഘങ്ങൾ ഒരിക്കലും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഇന്ന് നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങളുടെ പട്ടിക കൊടുക്കുന്നു. പട്ടിക (A)

നിരവധി സ്ഥാപനങ്ങൾ പട്ടിക Aയിൽ പറഞ്ഞ പ്രകാരം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും എല്ലാം ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് അതിന്നർത്ഥമില്ല. താഴെനരിപ്പറ്റയിലെ സാമൂഹ്യവിഹാരകേന്ദ്രം, കൈവേലിയിലെ പ്രതിഭാഗ്രന്ഥാലയം & വായനശാല, എ.കെ. കരുണാകരൻ മാസ്റ്റർ സ്മാരകവായനശാല എന്നിവ പ്രവർത്തനത്തിൽ മുൻപന്തിയിൽ നില്ക്കുന്നു. പഞ്ചായത്തിലെ മൊത്തം സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം കേന്ദ്രീകരിക്കുകയും അവയ്ക്കൊക്കെ ദിശാബോധം നല്കുകയാണിന്നാവശ്യം. വായനശാലകൾക്ക് ആവശ്യമായ മുഴുവൻ പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും നല്കുകവാൻ പഞ്ചായത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വെച്ചുകൊണ്ട് കഴിയുകയില്ല. എങ്കിലും എല്ലാ വായനശാലകൾക്കും പഞ്ചായത്തിന്റെ സഹായം ഇന്നു ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം വായിക്കപ്പെടുന്ന പത്രങ്ങളും അവയുടെ സ്ഥിതി വിവരകണക്കും ചുവടെ കൊടുക്കുന്നു.

പത്രം	ഇനം	മൊത്തംപ്രചാരണം
മാതൃഭൂമി	ദിനപത്രം	326
"	ആഴ് ചപ്പ തിപ്പ്	112
മലയാള മനോരമ	ദിനപത്രം	407
"	ആഴ് ചപതിപ്പ്	518
ചന്ദ്രിക	ദിനപത്രം	123
"	ആഴ് ചപ്പ തിപ്പ്	42
ദേശാഭിമാനി	ദിനപത്രം	90
കേരളകൗമുദി	ദിനപത്രം	57
കലാകൗമുദി	ആഴ്ചപതിപ്പ്	167

മറ്റു പ്രസിദ്ധീകരണങ്ങൾ	ദിനപത്രം	332
"	ആഴ് ചപ്പ തിപ്പ	237
വിവിധതരം	മാസികകൾ	780

പഞ്ചായത്തിന്റെ വായനാശീലം ഗുണനിലവാരം പുലർത്തുന്നില്ല. ഏതാണ്ട് എല്ലാ അക്ഷരജ്ഞാനമുള്ള പുരുഷന്മാരും പത്രം പതിവായി വായിക്കാറുണ്ട്. സ്ത്രീകളിൽ ഈ ശീലം അക്ഷരജ്ഞാനം ഉള്ളവരിൽ തന്നെ നാലിൽ ഒന്നായി കുറയുന്നു. പതിവായി ആഴ്ചപതിപ്പുകളോ മാസികകളോ വായിക്കുന്ന സ്ത്രീകളും ദിനപത്രം വായിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നു.

കലാസാംസ്കാരിക സംഘടനകൾ മിക്കതും വർഷാന്ത്യം നടത്തുന്ന ഏതെങ്കിലും ഒരു പ്രദർശനം കൊണ്ടു മാത്രം തൃപ്തിപ്പെടുന്നു. യുവജനോത്സവും, കേരളോത്സവും എന്നീ പൊതുപരിപാടികളിൽ ഏതെങ്കിലും ഒരിനത്തിൽ പങ്കെടുക്കുക എന്നതും എല്ലാ സമിതികളുടെയും ഒരു പതിവാണ്. എന്നാൽ ഇവയൊന്നും നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനത്തിന് മുന്നേറ്റം നല്കുന്നു എന്ന് പറയാൻ ആവില്ല. പഴയ കലാരൂപങ്ങളും പാരമ്പര്യങ്ങളും വീണ്ടെടുക്കുന്നതിനും ഒരു ശ്രമം നടക്കുന്നതായി കാണുന്നില്ല. പുതിയ ഒരു സമീപനവും ദിശാബോധവും നല്കുവാൻ കുറെ നിർദ്ദേശങ്ങൾ താഴെ സമർപ്പിക്കുന്നു.

1. എല്ലാ കലാസാംസ്കാരി സംഘടനകളും പഞ്ചായത്തിൽ രജിസ്ട്രർ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് വർഷം തോറും പുതുക്കുക.

2. ഓരോ സംഘടനയുടെയും പ്രവർത്തനം വിലയിരുത്തി അവയോരോന്നിന്റെയും പ്രവർത്തനം തുടരണമോ എന്ന് പരിശോധിക്കുക.

3. എല്ലാ സംഘടനകളിൽ നിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുത്ത് പഞ്ചായത്തിന് ഒരു കേന്ദ്രീകൃത സാംസ്കാരിക സമിതി സംഘടിപ്പിക്കുക. ഈ സമിതിയിൽ നിന്നും ഒരു 7 അംഗ നിർവ്വാഹക സമിതിയെയും തിരഞ്ഞെടുക്കുക. കൂടാതെ ഈ നിർവ്വാഹക സമിതിയിൽ പഞ്ചായത്ത് പ്രസിഡണ്ടും ഒരു വനിതാമെമ്പറും ഒരു പട്ടികജാതി/പട്ടിക വർഗ്ഗ മെമ്പറും എക്സ് ഓഫീഷ്യോ നോമിനികളായി ഉൾപ്പെട്ടിരിക്കണം. നിർവ്വാഹക സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് preferential വോട്ടടിസ്ഥാനത്തിൽ ആയിരിക്കണം. ഇതിന് വേണ്ടി പഞ്ചായത്ത് ഒരു Bye law നടപ്പാക്കുക.

4. പഞ്ചായത്തു മുഴുക്കെ വായനാശീലം വളർത്തുന്നതിനുവേണ്ടി ഓരോ വാർഡിലും അയൽക്കൂട്ടങ്ങളിൽ സാംസ്കാരിക സമിതികൾ ഉണ്ടാക്കുക. സ്ത്രീകൾക്കു പ്രത്യേകമായി സമിതിയും രൂപീകരിക്കുക. ഇവ ഓരോന്നും പരസ്പരം ബന്ധം സ്ഥാപിക്കുക. പുസ്തകവിതരണം എല്ലാവരിലും, പ്രത്യേകിച്ചും സ്ത്രീകളിലും എത്തിക്കുവാൻ സംഘടിത പ്രവർത്തനങ്ങൾ നടത്തുക.

5. പഞ്ചായത്തിൽ രൂപികരിക്കപ്പെട്ട ഓരോ സാംസ്കാരിക സംഘടനയെയും പരിശോധിക്കുവാനും വിലയിരുത്തുവാനുമുള്ള അധികാരം പഞ്ചായത്ത് സാംസ്കാരിക സമിതിക്കുണ്ടായിരിക്കണം. അവരുടെ ശുപാർശ പഞ്ചായത്തിന്റെ മാർഗ്ഗ രേഖയായി മാറണം.

6. പഞ്ചായത്ത് മുഴുക്കെ സാംസ്കാരിക വിദ്യാഭ്യാസം നടത്തുവാൻ സാംസ്കാരിക നിലയം കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കണം. അതിനുള്ള സംഘടനാസംവിധാനം കക്ഷി രാഷ്ട്രീയത്തിനും ജാതി വർഗ്ഗ പരിഗണനയ്ക്കും അതീതമായി രൂപീകരിക്കപ്പെടണം.

7. പുതിയ ഗ്രന്ഥശേഖരം ഉണ്ടാക്കുവാൻ ഓരോ ലൈബ്രറിയെയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വാങ്ങുന്ന ഗ്രന്ഥങ്ങൾക്ക് 50% വില പഞ്ചായത്ത് സൗജന്യമായി നല്കണം.

8. സാംസ്കാരിക നിലയം കേന്ദ്രീകരിച്ച് ഒരു റഫ്രൻസ് ലൈബ്രറിയും ഗവേഷണ സൗകര്യവും സൃഷ്ടിക്കുക. ഇതിന്നായി മെമ്പർഷിപ്പ് ഫീസ് 100 ക. നിശ്ചയിച്ചുകൊണ്ടും മാസാന്ത്യ വരിസംഖ്യ 5. ക.യായി നിശ്ചയിച്ചുകൊണ്ടും സമൂഹത്തിലെ ഗവേഷണ താല്പര്യവും ബൗദ്ധിക ശേഷിയുള്ള ആളുകളെ സംഘടിപ്പിക്കുക. ഇവർ പഞ്ചായത്തിന് വേണ്ടി ഒരു സാംസ്കാരിക വിദ്യാഭ്യാസ സിലബസ് തയ്യാറാക്കുക.

9. പഞ്ചായത്ത് സാംസ്കാരിക നിലയങ്ങൾക്കും ഗ്രന്ഥശാലകൾക്കും ആവശ്യമായ ഫർണിച്ചറുകൾ നല്കുക.

പട്ടിക A

പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	നേതൃത്വം	കെട്ടിടം സ്വന്തം	കെട്ടിടം വാടക	TV/റേഡിയോ
1. എ.കെ.ജി. മെമ്മോറിയൽ സാംസ്കാരിക നിലയം ഗ്രന്ഥശാല	കൈവേലി	പഞ്ചായത്ത്	Yes	-	-
2. തായാട്ട് ശങ്കരൻ സ്മാരക വായനശാല	എരട്ടേഞ്ചാലിൽ	പഞ്ചായത്ത്	Yes	-	-
3. എം.കെ. കേളുവേട്ടൻ സ്മാരക സാംസ്കാരിക നിലയം	താവുള്ളകൊല്ലി	പഞ്ചായത്ത്	Yes	-	-
4. സി.എച്ച്. കണാരൻ സ്മാരക ഗ്രന്ഥശാല & വായനശാല	വള്ളിൽത്തറ	പഞ്ചായത്ത്	Yes	-	TV
5. സി.എച്ച്. മുഹമ്മദ് കോയ സ്മാരക വായനശാല	കിഴക്കോത്ത്വയൽ	പഞ്ചായത്ത്	Yes	-	Radio
6. ടി. ഇബ്രാഹിം സ്മാരക വായനശാല	കോയ്യാൽ	പഞ്ചായത്ത്	Yes	-	-
7. നരിപ്പറ്റ ഗ്രാമീണ കലാസമിതി (N.G.K.S.)	കൈവേലി	സ്വകാര്യം	-	-	-
8. ഉദയ കലാസമിതി	വാളൂക്ക്	സ്വകാര്യം	-	-	-
9. ഉദയാ വായനാശാല	വാളൂക്ക്	സ്വകാര്യം	-	Yes	-
10. രചന വായനശാല & കലാസമിതി	കുമ്പളച്ചോല	സ്വകാര്യം	Yes	-	-
11. കുമാരനാശാൻ സ്മാരക വായനശാല	കമ്മായി	സ്വകാര്യം	Yes	-	-
12. എ.കെ. കണാരൻ മാസ്റ്റർ സ്മാരക വായനശാല	മുള്ളമ്പത്ത്	സ്വകാര്യം	Yes	-	TV
13. എ.പി. ചോയി സ്മാരക വായനശാല	ഇരുമ്പംതടം	സ്വകാര്യം	Yes	-	-
14. യുവചേതനാകലാസമിതി	മുള്ളംമ്പത്ത്	സ്വകാര്യം	-	-	-
15. ജ്വാല ആർട്സ് ക്ലബ്ബ്	കൊളങ്ങരപൊയിൽ	സ്വകാര്യം	Yes	-	-
16. ഉദയാ ആർട്സ് ക്ലബ്ബ്	താവുള്ളകൊല്ലി	സ്വകാര്യം	Yes	-	-
17. ഗ്രാമരംഗം	കിഴക്കെവള്ളിത്തറ	സ്വകാര്യം	-	-	-
18. കൈരളി വായനശാല	തിരുർ	സ്വകാര്യം	-	-	-
19. സരിഗ വായനശാല	കൈവേലി	സ്വന്തം	Yes	-	-
20. സി. സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്	ചമ്പിലോറ	-	-	-	-
21. പ്രതിഭാഗ്രന്ഥാലയം & വായനശാല	കൈവേലി	ഗ്രന്ഥാലയം	Yes	-	Radio
22. കലാമന്ദിരം കലാസമിതി	കൈവേലി	സ്വകാര്യം	-	-	-

പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	നേതൃത്വം	കെട്ടിടം സ്വന്തം	കെട്ടിടം വാടക	TV /റേഡിയോ
23. മുദ്ര ഫൈൻ ആർട്സ് സൊസൈറ്റി	കൈവേലി	സ്വകാര്യം	-	Yes	-
24. എ.കെ. കുമാരൻ സ്മാരക വായനശാല	കായക്കൂൽ	സ്വകാര്യം	-	Yes	-
25. യങ്ങ് ബ്രദേഴ്സ് ക്ലബ്ബ്	അരയാക്കൂൽ	സ്വകാര്യം	-	-	-
26. യുവഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്	A.K.G. നഗർ	സ്വകാര്യം	-	Yes	-
27. ലോക്കൽ ലൈബ്രറി	ഗ്രാമീണബാങ്കിന് സമീപം	L.L.A.	-	Yes	-
28. ഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കോയ്യാൽ	പഞ്ചായത്ത്	Yes	-	-
29. സി.എച്ച്. കണാരൻ മെമ്മോറിയൽവായനശാല	കുനിയപൊയിൽ	സ്വകാര്യം	Yes	-	-
30. യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കുനിയപൊയിൽ	സ്വകാര്യം	Yes	-	-
31. കണ്ടോത്ത് കുനി വായനശാല	കണ്ടോത്ത് കുനി	സ്വകാര്യം	Yes	-	-
32. യങ്ങ് ചലഞ്ചേഴ്സ് ക്ലബ്ബ്	കണ്ടോത്ത് കുനി	സ്വകാര്യം	-	Yes	-
33. സമതാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	കൈതച്ചാൽ	സ്വകാര്യം	-	-	-
34. സമകാലീന ആർട്സ് & സ്പോർട്സ് ക്ലബ്ബ്	മണ്ണൂര് താഴ	സ്വകാര്യം	-	Yes	-
35. എ.കെ.ജി. മെമ്മോറിയൽ വായനശാല	മണ്ണൂര് താഴ	സ്വകാര്യം	Yes	-	-
36. സാമൂഹ്യവിഹാര കേന്ദ്രം	താഴെനരിപ്പറ്റ	ഗ്രന്ഥാലയം	Yes	-	TV, Radio

അദ്ധ്യായം ഒമ്പത്

വനിത

പ്രാചീനഭാരതത്തിൽ വനിത ദേവീ തുല്യം ആരാധിക്കപ്പെട്ടുപ്പോന്നു. നമ്മുടെ പുരാണേതിഹാസങ്ങളിലെ സ്ത്രീ കഥാപാത്രങ്ങളിൽ മിക്ക പേരും ചരിത്രമുഹൂർത്തങ്ങൾ സൃഷ്ടിച്ചവരായിരുന്നു. എട്ടാം നൂറ്റാണ്ടോടെ ബുദ്ധമത സ്വാധീനം ഭാരതത്തിൽ ഏതാണ്ട് പൂർണ്ണമായും അസ്തമിച്ചു. ഭാരതസമൂഹം ജാതീയതയുടെ കെട്ടുപാടുകളിൽ പെട്ട് നിശ്ചേതനമായി. ഈ സമൂഹത്തിൽ ഏറ്റവും വലിയ ആശയവാഴ്ച നടത്തിയത് മനുസ്മൃതി പോലുള്ള ആശയസംഹിതകളായിരുന്നു. ഹീനജാതികളിൽ മാത്രമല്ല ഉന്നത ജാതികളിലും സ്ത്രീ പീഡിപ്പിക്കപ്പെട്ടു. ദേവദാസി സമ്പ്രദായം, സ്മാർത്ത വിചാരം, സതി ആചരിക്കൽ എന്നിവ ഈ പീഡനങ്ങളിൽ ചിലതുമാത്രമാണ്.

സഹസ്രാബ്ധങ്ങളുടെ ഈ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് വേണം നമുക്ക് ഇന്നത്തെ സ്ത്രീയെ മോചിപ്പിക്കുവാൻ. അനാവൃഷ്ടിക്ക് കാരണം 'സതി' ആചരിക്കായ്മ ആണ് എന്ന് ഉദ്ഘോഷിക്കുന്ന ആത്മീയ വാദികൾ ഇന്നും ഉണ്ട് എന്നതാണ് നാം ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യപ്രതിസന്ധി.

നമ്മുടെ പഞ്ചായത്തിലും വിവിധ ജാതിയിൽ പെട്ടവർ തങ്ങളുടെ തൊട്ടുകീഴെയുള്ള ജാതിയിൽ പെട്ട സ്ത്രീകളെ അനാശാസ്യമായ രീതിയിൽ ചൂഷണം ചെയ്യുന്ന അവസ്ഥ നിലനിന്നിരുന്നു. പുരോഗമന പ്രസ്ഥാനങ്ങൾ കാർഷക-കർഷകതൊഴിലാളി പ്രസ്ഥാനങ്ങൾ എന്നിവയുടെ സംഘടിത ശക്തിക്ക് ജനങ്ങൾക്കിടയിൽ വേരോടും ലഭിച്ചതോടെ ഈ പ്രവണതയ്ക്ക് ഒരു പരിധി വരെ മാറ്റം വന്നു. രാഷ്ട്രീയമായ ബോധവൽക്കരണം സ്ത്രീകളുടെ അഭിമാനബോധം വർദ്ധിക്കുന്നതിനിടയാക്കി. പഞ്ചായത്തിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ സ്ത്രീ വിദ്യാഭ്യാസം മുമ്പത്തെതിനേക്കാൾ വ്യാപകമായി. സ്ത്രീകളുടെ സാമൂഹ്യബോധം മെച്ചപ്പെടുന്നതിൽ വിദ്യാഭ്യാസരംഗത്തെ ഈ നേട്ടം നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കമ്പോളവൽക്കരിക്കപ്പെട്ട ആധുനിക സമൂഹം പുതിയ ഭീക്ഷണികൾ നേരിട്ടുകൊണ്ടിരിക്കുന്നു. ടെലിവിഷൻ, സിനിമ, ഗുണനിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ ഇവയുടെ സ്വാധീനം സ്ത്രീകളുടെ 'സ്ത്രൈണതനിമ' നഷ്ടപ്പെടുത്താൻ കാരണമായി. സ്ത്രീയുടെ ലൈംഗിക ആകർഷകത്വത്തിന് മാത്രം വില കല്പിക്കുന്ന രീതിയിൽ നമ്മുടെ സമൂഹം അധ:പതിച്ചിരിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മലയോരങ്ങളിൽ കാടുവെട്ടിത്തെളിച്ച് വൈവിധ്യമാർന്ന കാർഷികോല്പന്നങ്ങൾ വിളയിക്കുന്നതിൽ പുരുഷനോടൊപ്പം സ്ത്രീയും സജീവമായി പങ്കു വഹിച്ചു. പുനം കൃഷി, വാഴ, കപ്പ, ചേമ്പ് എന്നിവയെല്ലാം ഈ രീതിയിൽ വിപുലമായി നമ്മുടെ പ്രദേശത്ത് കൃഷി ചെയ്യപ്പെടുകയുണ്ടായി. കുടുംബത്തിലെ മുഴുവൻ സ്ത്രീകളുടെയും കൂട്ടായ്മ ഈ രംഗം സജീവമാക്കി. സമ്പന്നകുടുംബങ്ങളിലെ സ്ത്രീകൾ പോലും ഇതിൽ പങ്കാളികളായിരുന്നു. കൃഷിയാവശ്യങ്ങൾക്കുള്ള വിത്തും വളങ്ങളും ഭക്ഷണസാധനങ്ങളും കൃഷിസ്ഥലത്ത് എത്തിക്കുക, കൃഷിഭൂമിയിലെ കള നീക്കം ചെയ്യൽ, കാർഷിക വിളവുകൾ നാട്ടിലെത്തിക്കൽ തുടങ്ങിയ ജോലികളിലെല്ലാം സ്ത്രീകളുടെ സാന്നിദ്ധ്യം എടുത്തു പറയേണ്ടതാണ്. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പഞ്ചായത്തിന്റെ കാർഷിക സമ്പദ്ഘടന അഭിവൃദ്ധിപ്പെടുത്തുന്നതിൽ സ്ത്രീകൾ മഹത്തായ പങ്ക് വഹിച്ചിട്ടുണ്ട് എന്നതിൽ തർക്കമില്ല. എന്നാൽ നിലവിലുള്ള സ്ഥിതി ഏറെ പരിതാപകരമാണ്.

നിലവിൽ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളെ സംബന്ധിക്കുന്ന വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക I

മേഖല	എണ്ണം
കാർഷിക തൊഴിലാളികൾ	4592
നിർമ്മാണ തൊഴിലാളികൾ	482
L.D.ക്ലാർക്കുമാർ	18
ഇഞ്ചീനിയർമാർ	1
നേഴ്സുമാർ	17
ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ	32
ടെയിലറിംഗ് തൊഴിലാളികൾ	250
കരിങ്കൽ ക്വാറി തൊഴിലാളികൾ	45
വിദേശത്ത് ജോലിയുള്ളവർ	7
മറ്റ് തൊഴിലാളികൾ	140
ഹോമിയോ ഡോക്ടർമാർ	1

പഞ്ചായത്തിലെ സ്ക്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് മുന്നിൽ. ആകെ 4662 വിദ്യാർത്ഥികളുള്ളതിൽ 2345 പേർ പെൺകുട്ടികളാണ്. വിജയ ശതമാനത്തിലും ഇവർ ഏറെക്കുറെ മുന്നിലാണ്. ബിരുദധാരികളായ സ്ത്രീകളുടെ എണ്ണം കൃത്യമായി ലഭ്യമല്ലെങ്കിലും ഇതും ഏതാണ്ട് 1000ഓളം വരും. സ്ക്കൂൾ തലത്തിലും യുവജനമേളകളിലും നടക്കാറുള്ള കലാ-കായിക മത്സരങ്ങളിൽ വനിതകളുടെ പങ്കാളിത്തം ആശാവഹമാണ്. പഞ്ചായത്തിന്റെ കിഴക്കൻ മലയോരപ്രദേശത്ത് വസി

ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കിടയിൽ നിന്നും ബധിരയും മൂകയുമായ ഒരു ചിത്രകാരിയും ഒരു അമ്പെയ്ത്ത്കാരിയും വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായിത്തീർന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

പുരുഷന്മാരുടെ മദ്യപാനശീലം, [illegible]ളി തുടങ്ങിയ ദുശ്ശീലങ്ങൾ കുടുംബകലഹങ്ങൾക്ക് പലപ്പോഴും കാരണമായി തീർന്നിട്ടുണ്ട് എന്ന വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. അടുത്ത കാലത്ത് നിലവിൽ വന്ന ചാരായ നിരോധനവും വ്യാജചാരായത്തിനെതിരെയും മറ്റു സാംസ്കാരിക ജീർണ്ണതയ്ക്കെതിരെയും പ്രദേശികമായി തന്നെ ഉയർന്നു വന്ന പ്രതിരോധവും കുടുംബങ്ങളിൽ സ്ത്രീയുടെ സൈരജീവിതത്തിന് ആക്കം കൂട്ടീട്ടുണ്ട്. ഇക്കാരണങ്ങളാലാണ് ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ സ്ത്രീകളുടെ ഭാഗത്തുനിന്ന് 'സമ്പൂർണ്ണമദ്യനിരോധനം' എന്ന ആവശ്യം കാര്യമായി തന്നെ ഉയരർന്നുവന്നത്. മദ്യപാനശീലത്തിൽ നിന്ന് മിക്കവാറും പുരുഷന്മാർ സ്വയം മോചിതരായതോടുകൂടി കുടുംബത്തിന്റെ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെന്നത് നിഷേധിക്കാനാവില്ല.

പൊതുരംഗത്ത് സംവരണം ചെയ്യപ്പെടാത്ത ഒരു സീറ്റിലും സ്ത്രീകൾ എത്തിപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തിന്റെ വൈ: പ്രസിഡൻറ് സ്ഥാനം ഇതിനൊരപവാദമായി ചൂണ്ടിക്കാണിക്കാം.പൊതുരംഗത്ത് ഒരു മുസ്ലീം വനിതയുടെ സാന്നിദ്ധ്യം എടുത്തു പറയേണ്ടതാണ്. എങ്കിലും ജനാധിപത്യപ്രസ്ഥാനങ്ങൾക്ക് കൂടുതൽ വേരോട്ടമുള്ള പ്രദേശം എന്നുള്ള നിലയ്ക്ക് ഇവിടെ സ്ഥിതി ആശാവഹമല്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട മേഖലകളിലും സ്ത്രീകൾ മുൻനിരപ്രവർത്തകരായി ഉയർന്നു വന്നില്ല. സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ അവസ്ഥ ഇതുതന്നെയാണ്. പഴയ കാലങ്ങളിൽ തച്ചോളിപാട്ടുകളും നാടൻപാട്ടുകളും കൊണ്ട് നമ്മുടെ കല്ല്യാണവീടുകളും നെൽ പാടങ്ങളും സജീവമാക്കിയിരുന്ന സ്ത്രീകളുടെ സാന്നിദ്ധ്യം ഇന്ന് വെറും ഓർമ്മ മാത്രമായി അവശേഷിക്കുന്നു.

മറ്റെല്ലാ പ്രദേശങ്ങളിലുമെന്നപോലെ ഇവിടെയും വിവാഹകമ്പോളത്തിൽ സ്ത്രീ വിൽപ്പനചരക്കായി മാത്രം പരിഗണിക്കപ്പെടുന്നു. ചെറിയ വരുമാനക്കാർക്കിടയിലും സമ്പന്നൻമാർക്കിടയിലും പെൺകുട്ടികളുടെ വിവാഹകാര്യത്തിലുള്ള വിലപേശൽ ഏറ്റകുറച്ചിലുകളോടെ നടക്കുന്നുണ്ട്. രാഷ്ട്രീയ സംഘടനകളും സാംസ്ക്കാരിക സംഘടനകളും ചേർന്ന് നിരുത്സാഹപ്പെടുത്തേണ്ട ഒരു പ്രവണതയാണ് ഇത്. വിവാഹരംഗത്തെ ധൂർത്തും ഇതോടൊപ്പം നിയന്ത്രിക്കപ്പെടേണ്ടതുണ്ട്.

പ്രാചീന ഭാരതത്തിന്റെ ദാർശനിക വ്യാഖ്യാനത്തിൽ നൈസർഗ്ഗിക സൃഷ്ടിയുടെ മുഖ്യപങ്ക് സ്ത്രീക്കാണ് കൽപ്പിച്ചുകൊടുത്തിട്ടുള്ളത്. പുരുഷൻ വെറും പ്രേരകഘടകം മാത്രം. ഈ ഭൗതിക ദാർശനിക വ്യാഖ്യാനത്തിന്റെ ഉന്നതിയിലേക്ക് നമ്മുടെ സ്ത്രീകളെയും നമുക്ക് കൈപിടിച്ചുയർത്താം.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന പദ്ധതികളെ സ്കീമുകളായി മാറ്റാൻ ഉതകുന്ന നിർദ്ദേശങ്ങളായി അവതരിപ്പിക്കുന്നു.

1. ഷെയർ ഒന്നിന് 1000 രൂപ എന്ന തോതിൽ 100 സ്ത്രീകളെ ഉൾപെടുത്തി സഹകരണ സംഘം ഉണ്ടാക്കി Machanised Coinyarm Making Unit കയർ ബോർഡിന്റെ ധനസഹായത്തോടെ സ്ഥാപിക്കുക.

2. ഓരോ വാർഡിലും വനിതകളുടെ ചെറുസംഘങ്ങൾ സംഘടിപ്പിച്ച് ഖാദിബോർഡിന്റെ സഹായത്തോടെ സോപ്പ് നിർമ്മാണയൂനിറ്റ്, തേനീച്ച വളർത്തൽ യൂനിറ്റ്, പഴസംസ്ക്കരണ യൂനിറ്റുകൾ ആരംഭിക്കുക.

4. ഒരു സംഘം സ്ത്രീകൾ ആടുവളർത്തൽ യൂനിറ്റ് ആരംഭിക്കാൻ സന്നദ്ധരായി മുന്നോട്ട് വന്നിട്ടുണ്ട്. അവർക്കാവശ്യമായ സഹായങ്ങൾ ചെയ്യുക.

5. പത്ത് വനിതകളെ വീതം സംഘടിപ്പിച്ച് പഞ്ചായത്തിൽ മൂന്ന് മെറ്റൽ നിർമ്മാണയൂനിറ്റുകൾ ആരംഭിക്കുക.

6. വനിതകളെ സംഘടിപ്പിച്ച് സാനിറ്ററി ക്ലബ്ബുകൾ ആരംഭിക്കുക.

7. വീടുകൾ തോറും അടുക്കളത്തോട്ടങ്ങൾ ആരംഭിക്കുക.

8. വനിതകളുടെ നേതൃത്വത്തിൽ കാർഷിക നെഴ്സറികൾ ആരംഭിക്കുക.

9. പൂച്ചെടി കൃഷി, ഔഷധച്ചെടി കൃഷി, കുറ്റിമുല്ല ച്ചെടി കൃഷി എന്നിവ വാണജ്യാടിസ്ഥാനത്തിൽ ആരംഭിക്കുക.

അദ്ധ്യായം പത്ത്

സഹകരണം

നരിപ്പറ്റ പഞ്ചായത്തിന്റെ വടക്കും കിഴക്കും അതിർത്തികൾ നീണ്ടു നില്ക്കുന്ന വയനാടൻ മലനിരകളാണ്. ഉയർന്ന കുന്നുകളും സമതലപ്രദേശങ്ങളും വയലുകളും നിറഞ്ഞ ഈ പ്രദേശത്തെ ജനങ്ങൾ ഭൂരിഭാഗവും കാർഷികവൃത്തി മാത്രം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നവരും ഇടത്തരം ദാരിദ്ര്യകൃഷിക്കാരുമായിരുന്നു. കാർഷിക മേഖലയിൽ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ വായ്പാസൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. 'ഉണ്ടറുതി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന നാടൻ വായ്പാരീതിയായിരുന്നു വായ്പാ രംഗത്ത് നിലവിലിരുന്ന സമ്പ്രദായങ്ങൾ - അമിതമായ പലിശ ഈടാക്കപ്പെടുന്ന ഈ സമ്പ്രദായത്തിന്റെ പിടിയിൽ സ്വന്തമായതുണ്ടു ഭൂമികൾ പോലും അന്യാധീനപ്പെടുത്തേണ്ടതായ പരിതാപകരമായ സ്ഥിതിയിലായിരുന്നു കൃഷിക്കാർ. ഈ ഒരു അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനു വേണ്ടി ദേശീയ പ്രസ്ഥാനവുമായ ബന്ധമുണ്ടായിരുന്ന പരേതനായ ശ്രീ. കൊല്ലനാണ്ടി ഗോപാലന്റെയും മറ്റും നേതൃത്വത്തിൽ സഹകരണ മേഖലയിൽ വായ്പാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾക്ക് 1928ൽ തുടക്കം കുറിച്ചു. ഓരോരുത്തരും എല്ലാവർക്കും വേണ്ടി എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി 1928ൽ ചീക്കോന്നുമ്മൽ വിവിധോദ്ദേശ ഐക്യനാണയസംഘം രൂപീകരിക്കപ്പെട്ടു. സംഘത്തിന്റെ ആദ്യകാല പ്രസിഡണ്ട് പരേതനായ ശ്രീ. ചെറുവത്ത് ചോയിയും ഹോണററി സെക്രട്ടറി ശ്രീ. കൊല്ലനാണ്ടി ഗോപാലനുമായിരുന്നു. ക്ലിപ്തപ്പെടുത്താത്ത ബാദ്ധ്യതയോടുകൂടി രജിസ്ട്രർ ചെയ്യാത്ത സംഘത്തിൽ ഓഹരി ഒന്നിന് ഒരു രൂപയും പ്രവേശന ഫീസ് നാലണയും ആയിരുന്നു. പിന്നീട് ക്ലിപ്ത ബാദ്ധ്യതയോടുകൂടി ഓഹരി ഒന്നിന് 5 രൂപയും പ്രവേശന ഫീസ് 25 പൈസയുമായി നിജപ്പെടുത്തി. ആദ്യകാലത്ത് ഓരോ മെമ്പർക്കും നല്കപ്പെട്ടിരുന്ന താല്ക്കാലിക വായ്പയുടെ പരിധി 50 രൂപയായിരുന്നു. വിവിധോദ്ദേശ ഐക്യനാണയസംഘത്തിലെ ആദ്യത്തെ മെമ്പർ തായംകണ്ടി കണാരൻ ആയിരുന്നു. അക്കാലത്ത് സ്ത്രീകൾ സംഘത്തിലെ മെമ്പർമാരായി ചേരുന്നതിന് താല്പര്യം കാണിച്ചിട്ടുള്ളതായി കാണാൻ കഴിയും. 25 ആം നമ്പ്രർ മെമ്പറായ ശ്രീമതി തായകണ്ടി കല്യാണി എന്നവർ ആദ്യകാല സ്ത്രീ മെമ്പറാണ്.

1934ന് ശേഷം, 1954 വരെ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ച് കിടന്നിരുന്നു. 1954ന് ശേഷം വീണ്ടു മെമ്പർമാർ ചേരുകയും സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുകയും ചെയ്തു.

1963ലാണ് ഈ സംഘം ഒരു ബാങ്കായി ഉയർത്തപ്പെട്ടത്. കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചയോടുകൂടി ബാങ്കിന്റെ പ്രവർത്തനവും പടിപടിയായി ഉയർന്നുവരികയുണ്ടായി. തിനൂർ ദേശത്ത് 121/1A1A പ്രദേശങ്ങൾ വിലങ്ങാട് സർവ്വീസ് കോ. ബാങ്കിന്റെ പരിധിയിലും, തിനൂരിന്റെ ബാക്കി ഭാഗവും ചീക്കോന്ന് ദേശവും ചീക്കോന്നുമ്മൽ സർവ്വീസ് ബാങ്കിന്റെ പരിധിയിലും ആണ്. നരിപ്പറ്റ ദേശം നാദാപുരം സർവ്വീസ് കോ. ബാങ്കിന്റെ പ്രവർത്ത പരിധിയിൽ വരുന്നതും ആണ്. എന്നാൽ വടകര താലൂക്ക് കാർഷിക വികസന ബാങ്കിന്റെയും കക്കട്ടിൽ കോ. ബാങ്കിന്റെയും പ്രവർത്തനപരിധിയിൽ ഈ പ്രദേശങ്ങൾ ഉൾപ്പെടുന്നുണ്ട്. കോമേഴ്സ്യൽ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നരിപ്പറ്റ ഗ്രാമീണ ബാങ്ക് എന്നിവയും ഈ പഞ്ചായത്തിൽ സേവനരംഗത്തുണ്ട്. കൂടാതെ വടകര താലൂക്കിൽ മാർക്കറ്റിങ്ങും സൊസൈറ്റിയും രംഗത്തുണ്ട്. കക്കട്ടിൽ കേന്ദ്രീകരിച്ചുകൊണ്ട് നരിപ്പറ്റ പഞ്ചായത്തു മുഴുവനും പ്രവർത്തനപരിധിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് കുന്നുമ്മൽ റൂറൽ ഹൗസിങ്ങ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ ഒന്നാം വാർഡ് വെള്ളിയോട് ക്ഷീരോത്പാദന സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. റബർ ഉല്പാദക സഹകരണ സംഘം ഈ പഞ്ചായത്തിനെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തി വിലങ്ങോട് പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരേയൊരു സഹകരണ സ്ഥാപനമാണ് ചീക്കോന്നുമ്മൽ സർവ്വീസ് സഹകരണ ബാങ്ക്. മുൻപ് ഈ ബാങ്ക് മെമ്പർമാർക്ക് ഡിവിഡണ്ട് നല്കിയിരുന്നു. സേവനരംഗത്ത്, കൺസ്യൂമർ സ്റ്റോർ, റേഷൻ ഷാപ്പ് ഇവ ബാങ്ക് നടത്തിയിരുന്നു. നഷ്ടത്തിലായതുകൊണ്ട് രണ്ടും ബാങ്ക് പിൻകാലത്ത് ഒഴിവാക്കുകയുണ്ടായി. കാർഷിക മേഖലയിൽ കൃഷിക്കാർക്ക് നല്കിയിട്ടുള്ള കടം ഒരു വലിയ അളവോളം ബാങ്കിന് പിരിഞ്ഞുകിട്ടാത്ത ഒരു സ്ഥിതി കുറെക്കാലം ബാങ്കിൽ നിലനിന്നിരുന്നു. ഈ ബാങ്കിന്റെ ഉയർച്ചയ്ക്ക് വിഘ്യാതമായി തീരുകയുണ്ടായി. കാർഷിക ഋണാശ്വാസ നിയമപ്രകാരം ഒമ്പത് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ 662 ഓളം മെമ്പർമാരുടെ കടത്തിലേക്ക് സർക്കാർ നല്കിയിട്ടുണ്ട്.

ഈ നടപടി ബാങ്കിന്റെ വളർച്ചയ്ക്ക് ഏറെ സഹായിച്ചിട്ടുണ്ട്.

1990ന് ശേഷം ബാങ്കിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഒട്ടേറെ പദ്ധികൾക്ക് ബാങ്ക് രൂപം നല്കുകയുണ്ടായി. ഇന്ന് 'എ' ക്ലാസ്സ് മെമ്പർമാരായി 2953 മെമ്പർമാരും 'സി' ക്ലാസ്സ് മെമ്പർമാരായി 4962 അടക്കം 7935 പേർ ബാങ്കിൽ അംഗങ്ങളായുണ്ട്. അംഗീകൃത മൂലധനം 20 ലക്ഷം രൂപയാണ്. ഇതിൽ പിരിഞ്ഞ് കിട്ടിയ മൂലധനം 327684 രൂപയാണ്. ഇതിൽ 60,000 ക. ഗവൺമെൻറ് ഓഹരിയാണ്. ഒരു മെമ്പർക്ക് വാങ്ങാവുന്ന പരമാവധി കടം 25,000 ക.യാണ്. സ്കീം ലോണുകൾക്ക് ഈ പരിധി ബാധകമല്ല. മെമ്പർമാരിൽ നിന്നും മറ്റുള്ളവരിൽ നിന്നും 3171436 രൂപ സ്ഥിരനിക്ഷേപമായും 567670 രൂപ ഹ്രസ്വകാല നിക്ഷേപമായും ലഭ്യമായിട്ടുണ്ട്. ഇതിൽ ഹ്രസ്വകാല കാർഷിക വായ്പയായി

1371184 രൂപയും ദീർഘകാല കാർഷിക കടം 161174 രൂപയും മറ്റു വായ്പകളായ സ്വർണ്ണപണ്ട പണയം 1290410 രൂപ ഐ.ആർ.ഡി.പി. 199708, വീട് നിർമ്മാണം 31767, കാർഷികേതര ഹ്രസ്വകാലം 13398, മത്സ്യകാല കാർഷിക കടം 47390 രൂപയും കടമായി നല്കിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ

കെ.ഡി.സി.	സ്വഭാവം	തുക
കാർഷികം	ഹ്രസ്വം	2465593
കാർഷികം	ദീർഘം	168762
കാർഷികേതരം		25000
മത്സ്യകാലം		1500000
സ്വർണ്ണപണ്ടം		192394
IRDP ഹൗസിങ്ങ്		1952

നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

വായ്പാസ്വഭാവം	തുക
ഹൗസിങ്ങ്	24399
ഹ്രസ്വകാല കാർഷികേതര	13398
S.T. AGRICULTURAL	763583
L.T. AGRICULTURAL	1653
M.T. LOAN AGRICULTURAL	28292
സ്വർണ്ണപണ്ടം	177560
IRDP	27659
സ്ഥാപനത്തിന്റെ ചിലവ്	490587

വായ്പാ വിതരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

കാർഷികേതര കടങ്ങൾ

1. വളം വില്പന
2. നിക്ഷേപ സമാഹരണം

മേൽകാണിച്ച രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്രാദേശിക വികസന രംഗങ്ങളിൽ, കാർഷിക രംഗത്തും നിർണ്ണായകമായ പങ്കു വഹിക്കാൻ സഹകരണ സംഘങ്ങൾക്കു കഴിയും. എന്നാൽ നമ്മുടെ ഈ ബാങ്കിന് ഈ രൂപത്തിൽ മുഖ്യപങ്ക് വഹിച്ചും ഉയർന്നു നില്ക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ നമ്മുടെ പഞ്ചായത്തിന്റെ കാർഷികമേഖലയിലും പഞ്ചായത്തിന്റെ വികസന പ്രക്രിയയിലും സ്തുത്യർഹമായ സേവനം ചെയ്യാൻ കഴിയാവുന്ന നിലയിലേക്ക് ബാങ്കിനെ ഉയർത്തികൊണ്ടു വരേണ്ടതായിട്ടുണ്ട്. ഇന്നത്തെ ബലാരിഷ്ടത മാറ്റി ഫലപ്രദമായ ഇടപെടലിന് ഏറ്റവും ശക്തമായി ഉപകരണമായി നമ്മുടെ ബാങ്കിനെ ഉപയോഗപ്പെടുത്തണം.

വായ്പരംഗത്ത് മേൽ കാണിച്ച സ്ഥാപനങ്ങളുടെ സേവനം ലഭ്യമാണെങ്കിൽ പോലും സമഗ്രമായ ഒരു കാർഷിക വികസനം ലക്ഷമാക്കിയുള്ള പ്രവർത്തനത്തിന് സഹകരണ വായ്പാ മേഖല ഇനിയും വിപുലപെടേണ്ടതുണ്ട്.

വടകര താലൂക്കിൽ ഉല്പാദിപ്പിക്കപ്പെടുന്ന നാളികേരം, അടയ്ക്ക, കുരുമുളക് തുടങ്ങിയ കാർഷിക വിളകളുടെ നല്ലൊരു ഭാഗം ഈ പഞ്ചായത്തിലാണ് ഉല്പാദിപ്പിക്കപ്പെടുന്നതെങ്കിലും വിപണന സൗകര്യത്തിന്റെറ കാര്യത്തിൽ ഈ പ്രദേശം വളരെ പിന്നോക്കമാണ്. സുമാർ 30 കി.മി. ഏറെ അകലെയുള്ള വടകര ടൗണിലുള്ള സ്വകാര്യ വ്യാപാരികളെ തേടിപോകുന്ന പരമ്പരാഗതമായ രീതി തന്നെയാണ് ഇന്നും നിലനിൽക്കുന്നത് . അതുകൊണ്ട് തന്നെ ഇടത്തട്ടുകാരുടെ ചൂക്ഷണത്തിന് വിപണനരംഗത്ത് കൃഷിക്കാർക്ക് വിധേയരാകേണ്ടി വരുന്നു. വടകര താലൂക്ക് മുഴുവൻ പ്രവർത്തനപരിധിയായി തൊട്ടടുത്ത് കക്കട്ടിൽ ആസ്ഥാനമായി വടകര മാർക്കറ്റിങ്ങ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി നിലനിന്നിരുന്നെങ്കിലും ഇപ്പോൾ അത് പ്രവർത്തന രഹിതമായി കിടക്കുന്നു.

വായ്പാരംഗത്തെന്നപോലെ വിപണനരംഗത്തും സംസ്കരണ രംഗത്തും സഹകരണമേഖലയ്ക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. പ്രധാന ഉല്പന്നമായ തേങ്ങയുടെയും ഉപോല്പന്നങ്ങളുടെയും സംസ്കരണം വിപുലമായ തൊഴിൽ സാധ്യതകൾക്ക് വഴി തെളിക്കുന്നു.

സമീപ കാലത്തായി നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെപേർ ഈ പഞ്ചായത്തിലുണ്ട്. സ്വകാര്യ വ്യക്തികളുടെ കീഴിൽ നിത്യകൂലിക്ക് തൊഴിൽ ചെയ്യുന്ന ഇത്തരം അസംഘടിതരായ തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘത്തിന് രൂപം നല്കാൻ കഴിയുന്നതാണ്.

കോഴിവളർത്തൽ, വസ്ത്ര നിർമ്മാണം, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതും ഗ്രാമീണ വനിതകൾക്ക് വിപുലമായ തൊഴിൽ സാധ്യതകൾ കണ്ടെത്താൻ കഴിയുന്നതുമാണ്.

പ്രശ്നങ്ങളും സാധ്യതകളും

1. പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നു ചെല്ലുവാൻ ആത്മധൈര്യം ഇല്ലായ്മ.
2. സാങ്കേതിക നവീകരണത്തിന്റെറ അഭാവം.
3. സൗകര്യപ്രദമായ സ്ഥാപന ഓഫീസ് കെട്ടിടവും ഗോഡൗണും നിർമ്മിക്കണം.
4. കാർഷികേതര കടം വിതരണ ചെയ്യുക.
5. മെമ്പർമാർക്ക് ഡിവിഡണ്ട് നല്കുക.

സാധ്യതകൾ

1. ബാങ്ക് വിപുലപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.
2. കൂടുതൽ മെമ്പർമാരെ ചേർക്കുക.
3. വിവിധതരം ഹ്രസ്വകാല - ദീർഘകാല നിക്ഷേപങ്ങൾ സ്വീകരിക്കുക.
4. അംഗങ്ങളിലും അല്ലാത്തവരിലും മിതവ്യയശീലം വളർത്തുക.
5. അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് സ്കീമുകൾ തയ്യാറാക്കികൊടുക്കുക.
6. ഉല്പാദനവുമായ ബന്ധപ്പെട്ട ലോണുകൾ നല്കുക.
7. കുടിശ്ശിക ലോണുകൾ പിരിച്ചെടുക്കുക.
8. സബ്സിഡി പണമായി നല്കുക.
9. ജനറൽ ബോഡിയിൽ മെമ്പർമാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
10. പഞ്ചായത്ത് വികസന പദ്ധതിക്കു വേണ്ട സഹായം.
11. കാർഷികോല്പാദന ക്ഷമത വർദ്ധിപ്പിക്കുക.
12. മാനേജ്മെൻറിനും തൊഴിലാളികൾക്കും പഠനത്തെ ബോദ്ധ്യപ്പെടുത്തൽ.
13. മെമ്പർമാർക്ക് അത്യാവശ്യ വരുമ്പോൾ കടം ലഭിക്കുന്നതിന് നടപടി (കാർഷികാദായം, കാർഷികേതരം)

അദ്ധ്യായം പതിനൊന്ന്

പട്ടികജാതി പട്ടിക വർഗ്ഗം

സഹസ്രാബ്ദങ്ങൾക്കു മുമ്പ് സിന്ധുനദീതടസംസ്കാരം ആവിർഭവിക്കുന്നതിന് മുമ്പ് ഭാരതഭൂമിയുടെ ഉടമ സ്ഥാവകാശികളായിരുന്ന ജനപദങ്ങളെയാണ് നാം ആദിവാസി എന്ന് പട്ടികപ്പെടുത്തുന്നത്.

സ്വന്തം മണ്ണിൽ നിന്ന്, നാഗരികത കൈവരിച്ച് ജനപദങ്ങളുടെ കടന്നാക്രമണത്തിന്റെ ഫലമായി, ഇവർ ഭാരതമൊട്ടാകെ സമതലങ്ങളിൽ നിന്ന് പിൻവാങ്ങി മലയോരങ്ങളിൽ അഭയം തേടി. അവിടെ അവൻ നാഗരികത തീണ്ടാത്ത പ്രകൃതിയുടെ ഭാഗമായി കാടുകളിൽ നിന്ന് മാത്രമായി വന്ന വിഭവങ്ങൾ സംഭരിച്ചും ഉപജീവനം നടത്തിപ്പോന്നു. സ്വന്തം ഭൂമിയിൽ നിന്ന് ഇവർ എക്കാലത്തും ആട്ടിയോടിക്കപ്പെട്ടു.

ഈ നൂറ്റാണ്ട് ആരംഭിക്കുന്നതുവരെ കേരളത്തിലെ ആദിവാസി ഭൂമി എന്ന് വിശേഷിപ്പിക്കാവുന്ന വയനാട് ജില്ല ഇന്ന് അവരുടെ കൈയ്യിൽ നിന്നും പൂർണ്ണമായും വിട്ടുപോയി. വ്യാപകമായി കാപ്പിത്തോട്ടങ്ങളും ചായത്തോട്ടങ്ങളും വെച്ചു പിടിപ്പിച്ച് ആദിവാസികളെ സ്വന്തം മണ്ണിൽ അന്യരാക്കുന്നതിൽ നമ്മളും പങ്കു വഹിച്ചു. നാഗരികതയിലേക്ക് അവരെ കൊണ്ടു വരണമെങ്കിൽ മറ്റുള്ളവർക്ക് ലഭിക്കാത്ത പല ആനുകൂല്യങ്ങളും സംവരണം ചെയ്തുകൊണ്ട് അവർക്ക് സാമൂഹ്യസംരക്ഷണം ഉറപ്പു വരുത്തണം. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയിൽ ഇന്ത്യയിലെ ആയിരത്തിലേറെ വരുന്ന ഭിന്ന ആദിവാസി വിഭാഗങ്ങളെ പട്ടിക വർഗമായി കണക്കാക്കി പ്രത്യേക പരിഗണന കൊടുത്തുകൊണ്ടിരിക്കുന്നത്.

ജനസംഖ്യയുടെ 2.37% മാത്രമാണ് പട്ടിക ജാതി പട്ടിക വർഗ വിഭാഗങ്ങൾ നമ്മുടെ പഞ്ചായത്തിലുള്ളത്.

നരിപ്പറ്റയിൽ ഒന്നാം വാർഡ് മുതൽ പതിനൊന്നാം വാർഡ് വരെ 77 പട്ടിക ജാതി കുടുംബങ്ങളുണ്ട്. പഞ്ചായത്തിന്റെ മലയോരപ്രദേശമായ വാളൂക്ക് മലയിലും ഏറ്റംകോട് മലയിലുമാണ് പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുള്ളത്. ഇവർ 29 വീട്ടുകാരും ഏറം കോട്ടുമലയിൽ 4 കുടുംബങ്ങളാണുമുള്ളത്. കുറിച്യക്കോളനിക്ക് 25 ഏക്ര 40സെൻറ് ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെങ്കിലും കോളനിയായി ഇതിനെ അംഗീകരിച്ചിട്ടില്ല. പട്ടികജാതി കോളനികളൊന്നും പഞ്ചായത്തിൽ ഇല്ല. പട്ടിക. A നോക്കുക

വായാട് കുറിച്യകോളനിയൊഴിച്ച് മറ്റെല്ലാ വാർഡുകളിലും ഇടകലർന്നാണ് പട്ടിക ജാതി വിഭാഗം ജീവിക്കുന്നത്. പ്രത്യേക കോളനിയായൊന്നും ജീവിക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല.

വിദ്യാഭ്യാസ മേഖലകളിലും സാമൂഹ്യമേഖലകളിലും കുറച്ചധികം പുരോഗതി ഉണ്ടാക്കാൻ ഇത്തരം ജനവിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. ഒന്നാം വാർഡിലെ ആദിവാസികളൊഴികെ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ നാട്ടിൽ നടക്കുന്ന എല്ലാ ചടങ്ങുകളിലും പൊതുപരിപാടികളിലും മറ്റെല്ലാവരുടെയും പങ്കാളിത്തം പോലെ തന്നെ പങ്കാളിത്തമുണ്ടാകുന്നുണ്ട്.

ഈ വിഭാഗത്തിൽ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന പല പദ്ധതികളെ സംബന്ധിച്ചും പരിശോധിച്ചാൽ വേണ്ടത്ര വിജയിക്കാറില്ല എന്ന് കാണാം. പദ്ധതികളെ സംബന്ധിച്ച് ആദിവാസികൾക്ക് വേണ്ടത്ര വിവരമില്ലാത്തതിനാലും അവ വിതരണം ചെയ്യുന്നതിലുള്ള പ്രയാസമേറിയ നിബന്ധനകൾ പാലിക്കാൻ കഴിയാത്തതിനാലും വളരെ കുറച്ച് ആനുകൂല്യങ്ങൾ മാത്രമാണ് ഇത്തരക്കാർക്ക് വാങ്ങാൻ കഴിയുന്നത്.

വിദ്യാഭ്യാസം

വായാട് കുറിച്യകോളനിയിലെ 25 വീടുകളിൽ 17% പേർ S S L C കഴിഞ്ഞവരാണ്. ഇവരിൽ 75% പേർ സാക്ഷരരായിരുന്നു. മറ്റു വാർഡുകളിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെടുന്നവരുടെ വിദ്യാഭ്യാസ നിലവാരം ഇതിനേക്കാൾ മെച്ചപ്പെട്ടതാണ്. വായാട് കുറിച്യക്കോളനിയിൽ B A പാസ്സായ ഒരാളും കോളേജിൽ പോകുന്ന കുട്ടികളും ഉണ്ട് എന്നത് സമൂഹത്തിൽ അവരുടെ അദ്യശ്യത ഇല്ലാതാക്കുന്നതാണ്. എന്നിരുന്നാലും രക്ഷിതാക്കളുടെ വിദ്യഭ്യാസകുറവും കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാലും ധാരാളം കുട്ടികൾക്ക് വിദ്യാഭ്യാസം തുടരാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്.

വായാട് കുറിച്യക്കോളനിയിൽ പകർച്ച വ്യാധികളും പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളും സാധാരണ പിടിപെടാറുണ്ട്. വീടും പരിസരവും വൃത്തിയാക്കുന്നതിൽ ശ്രദ്ധിക്കുന്ന ശീലം ഇവർക്ക് ഇന്നും കൈവന്നിട്ടില്ല.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നതും ഗൗരവമായി ചർച്ച ചെയ്യപ്പെട്ടതുമായ പ്രശ്നങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

1. വായാട് കോളനിയിൽ മുഴുവൻ വീട്ടുകാർക്കും ശുദ്ധജലം കിട്ടുന്നില്ല.
2. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാര കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങളും പകർച്ച വ്യാധികളും പിടിപെടുന്നു.
3. പരമ്പരാഗതമായി ചൂരൽ, ഈറ മുതലായ സാധ

നങ്ങൾ കൊണ്ട് മുറം കുട്ട എന്നിവ നിർമ്മിക്കുന്നവരാണ് ആദിവാസികൾ. ഇത്തരം അസംസ്കൃത സാധനങ്ങൾ സുലഭമായി കിട്ടാത്തതിനാൽ പ്രത്യേകിച്ച് സ്ത്രീകൾക്ക് ജോലി നഷ്ടപ്പെടുന്നു.

സാധ്യതകൾ

1. വായാട് കുറിച്യക്കോളനിയിൽ 10 വീട്ടുകാർക്ക് ഒരു കിണർ എന്ന തോതിൽ 3 കിണർ കുഴിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

2. കോളനിയിൽ വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതികരിക്കാനുള്ള നടപടികൾ കൈകൊള്ളുക.

3. കോളനി നിവാസികൾക്കുവേണ്ടി ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

4. കോളനിയിലെ സ്ത്രീകൾക്ക് പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന ജോലിക്ക് ആവശ്യമായ ഈറ്റ, ചൂരൽ എന്നിവ ലഭ്യമാക്കുക. കൈതയോല വെച്ചു പിടിപ്പിക്കാനാവശ്യമായ സഹായങ്ങൾ നല്കുക.

5. കോളനി നിവാസികളുടെ ഭൂമിയിൽ കൃഷിചെയ്യാനാവശ്യമായ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുക.

6. ലക്ഷം വീട് നാല് സെൻറ് കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് ശുദ്ധജലവും വൈദ്യുതിയും കൊടുക്കുക.

8. വായാട് കോളനിയിൽ ഒരു ലൈബ്രറിയും ഒരു വായനശാലയും സ്ഥാപിക്കുക.

പട്ടിക A

വാർഡ്	പട്ടിക വർഗ്ഗം				പട്ടിക ജാതി				മൊത്തം
	പു.	സ്ത്രീ.	കുട്ടികൾ	ആകെ	പു.	സ്ത്രീ	കുട്ടികൾ	ആകെ	
1	35	45	57	137	11	8	–	19	156
2	14	13	–	27	11	10	14	35	62
3	–	–	–	–	14	14	1	29	29
4	–	–	–	–	9	7	–	16	16
5	–	–	–	–	35	42	–	77	77
6	–	–	–	–	7	8	–	15	15
7	–	–	–	–	19	17	–	36	36
8	–	–	–	–	24	21	–	45	45
9	–	–	–	–	45	35	–	80	80
10	–	–	–	–	23	29	–	52	52
ആകെ	49	58	57	164	198	191	15	404	568

(1991 ലെ സെൻസസ് കണക്കിൽ നിന്ന്)

അദ്ധ്യായം പന്ത്രണ്ട്

വിഭവ സമാഹരണം

കഴിഞ്ഞ 12 അദ്ധ്യായങ്ങളിൽ നാം ശ്രമിച്ചത് നമ്മുടെ പഞ്ചായത്തിന്റെ വികസന സാദ്ധ്യതകൾ ആരായുവാനും അത്തരം സാദ്ധ്യതകളെ പദ്ധതികളായി ആവിഷ്കരിക്കാനുമാണ്. ആ പദ്ധതികൾ സ്കീമുകളായി മാറ്റി നടപടിക്രമങ്ങളിലേക്ക് നമുക്ക് ഇനി ബഹുദൂരം സഞ്ചരിക്കുവാനിരിക്കുന്നു. ഏതെല്ലാം. മാർഗ്ഗങ്ങളിലൂടെ നമ്മുടെ സാമ്പത്തികശേഷി വർദ്ധിപ്പിക്കാമെന്ന് നമുക്ക് അന്വേഷിക്കേണ്ടതുണ്ട്. കഴിഞ്ഞ അദ്ധ്യായങ്ങളിൽ അവതരിപ്പിച്ച ഒരൊറ്റ പദ്ധതിയെങ്കിലും നടത്തിക്കൊണ്ടുവരാൻ പഞ്ചായത്തിന്റെ വരുമാനശേഷി പര്യാപ്തമല്ല. കഴിയാവുന്നത്ര ചിലവു ചുരുക്കിപഞ്ചായത്തിന് പുതിയ വരുമാനങ്ങൾ എങ്ങിനെ സമാഹരിക്കാമെന്നും ഗൗരവമായി നമുക്ക് പരിചിന്തിക്കേണ്ടതുണ്ട്. നമുക്കറിയാം വളരെ പരിമിതമാണ് പഞ്ചായത്തിന്റെ ധനശേഷി എന്ന്. ആദ്യമായി നമുക്ക് പഞ്ചായത്തിന്റെ വരവുചിലവുകൾ പരിശോധിക്കണം. ഇതോടൊന്നിച്ചുള്ള പട്ടികകൾ അവയ്ക്കു പ്രയോജനപ്പെടും.

നമ്മുടെ മൊത്തം ധനാഭ്യർത്ഥന 14 ലക്ഷം ക. യാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇനിയും രണ്ടു ലക്ഷത്തിലേറെ പിരിച്ചെടുക്കാനിരിക്കയാണ്. ഊർജ്ജിതമായ ശ്രമം ഇക്കാര്യത്തിൽ ആവശ്യമാണ്. വരാനിരിക്കുന്ന അയൽക്കൂട്ട യോഗങ്ങളിൽ ഇതേക്കുറിച്ച് ഒരു ബോധവൽക്കരണം ഉദ്ദേശപൂർവ്വം നടത്തുകയാണെങ്കിൽ മറ്റു നിയമനടപടികളേക്കാൾ അതായിരിക്കും പ്രയോജനപ്പെടുക. ഇനി നമുക്ക് പഞ്ചായത്തിന്റെ ചിലവിനങ്ങളിലേക്ക് കടക്കാം. പട്ടിക II അത് വ്യക്തമാക്കുന്നു.

പട്ടികകളിൽ നിന്ന് നമുക്ക് വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. നമ്മുടെ മൊത്തം വരുമാനം 12 ലക്ഷം മാത്രമായിരുന്നുവെന്നും അത്ര തന്നെ എസ്റ്റാബ്ലിഷ്മെന്റ് ആവശ്യാർത്ഥം ചെലവഴിച്ചു പോകുന്നു എന്നുമാണത്. എത്ര തന്ന കഠിനമായി യത്നിച്ചാലും വികസനാവശ്യാർത്ഥം ചിലവഴിക്കാൻ പഞ്ചായത്തിന്റെ വരുമാനത്തിൽ നിന്നെടുക്കുവാൻ ഒന്നും അവശേഷിക്കുകയില്ല. വാചികമായി നമുക്കു കുറെ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കഴിയുമായിരിക്കും. പക്ഷെ നമ്മുടെ ആവശ്യത്തിനുതകുന്ന തരത്തിൽ അവയൊന്നും എത്തുകയില്ല എന്ന യാഥാർത്ഥ്യം നമ്മെ തുറിച്ചു നോക്കുന്നു. ആഗ്രഹം മാത്രം ഒരു പ്രശ്നത്തിനും പരിഹാരമല്ല. മറിച്ച് യാഥാർത്ഥ്യബോധത്തോടെ മറ്റു മാർഗ്ഗങ്ങൾ കൂടി നമുക്ക് അന്വേഷിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ കണക്കുവെച്ചുകൊണ്ട് അതിനാൽ ഇവിടെ ഒരു കസർത്തുകളി നടത്താൻ ഉദ്ദേശിക്കുന്നില്ല.

എടുത്തു പറയേണ്ട ചില ഗൗരവമായ നിർദ്ദേശങ്ങൾ നമ്മുടെ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്. ആശാവഹമായ ഒരു കാര്യം നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ കമാനം നമ്മുടെ പഞ്ചായത്തിന്റെ വരുമാനപരിമിതിയെക്കുറിച്ച് ബോധവാന്മാരാണ് എന്നതത്രെ. ഈ വരുമാന പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ആശിച്ചതു മുഴുവൻ നടപ്പാക്കാൻ കഴിയാതിരുന്നിട്ടും പഞ്ചായത്തിന്റെ കഴിഞ്ഞ കാല പ്രവർത്തനങ്ങളെ ജനങ്ങൾ ഗ്രാമസഭകളിൽ വെച്ചു ശ്ലാഘിച്ചു എന്നത് ശുഭോദർക്കമാണ്. അതുകൊണ്ട് പല പദ്ധതികൾ നിർദ്ദേശിക്കപ്പെടുമ്പോഴും അതിന്നാവശ്യമായ വിഭവശേഷി എങ്ങനെ കണ്ടെത്താൻ കഴിയും എന്നതിനെക്കുറിച്ചും ഗ്രാമസഭകളിൽ ഗൗരവമായ പരിചിന്തനം നടന്നു.

നാളികേര സംസ്കരണത്തെക്കുറിച്ച് എല്ലാ ഗ്രാമസഭകളിലും സജീവമായി ചർച്ച നടന്നതാണ്. അത്തരം ഒരു വ്യവസായ യൂനിറ്റ് സ്ഥാപിക്കുവാൻ ധനകാര്യസ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന വായ്പസംഖ്യക്ക് പുറമെ ആവശ്യമായി വരുന്ന സംഖ്യ ഷയർ അടിസ്ഥാനത്തിൽ പിരിച്ചെടുക്കാൻ ധാരാളം പേർ തയ്യാറായി. അതുപോലെ മറ്റു വ്യവസായ സ്ഥാപനങ്ങളെയും തൊഴിൽ പദ്ധതികളെയും ജനങ്ങൾ നോക്കിക്കണ്ടു. അവയ്ക്കൊക്കെ ആവശ്യമായ തുകയിൽ ഒരു ഭാഗം ജനങ്ങൾക്ക് ഷെയർ നല്കി സംഭരിക്കാൻ കഴിയും. വെറും ആഗ്രഹപ്രകടനങ്ങളായിരുന്നില്ല അത്തരം സന്നദ്ധത.

വ്യവസായ ഇനത്തിൽ തന്നെ വരുന്ന സ്ത്രീ സംവരണയൂനിറ്റായി പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നMachanised Coir Yarn making Unitന് ഷെയർ ഒന്നിന് 1000 രൂപവെച്ച് സംഭരിക്കുവാൻ ഒരു പ്രയാസവുമില്ല എന്നു കണ്ടെത്തിയിട്ടുണ്ട്. Coir Boardന്റെ സഹായവും വായ്പയും കഴിഞ്ഞു ബാക്കി ചിലവാകേണ്ട സംഖ്യ ഇക്കാര്യത്തിൽ സംഭരിക്കുവാൻ പ്രയാസമേതുണ്ടാവില്ല. ഇതുപോലെ മറ്റു പല ഇനങ്ങളിലും വാഗ്ദത്തങ്ങൾ നല്കപ്പെട്ടിട്ടുണ്ട്.

വികസന പ്രവർത്തനത്തിൽ സേവനരംഗത്തുണ്ടാവേണ്ട രണ്ടു പ്രധാന സംരംഭങ്ങളാണ് കുടിവെള്ള പദ്ധതിയും PHC കെട്ടിടവും. രണ്ടു കാര്യങ്ങളിലും കഴിയാവുന്നതിന്റെ പരമാവധി സംഭാവന നാട്ടുകാർ നല്കി കഴിഞ്ഞു. ഇക്കാര്യത്തിലിനി ജനങ്ങളേ സമീപിക്കാനാവില്ല. പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നുവേണം ഇവയ്ക്കാവശ്യമായ ഫണ്ടു മുഴുവൻ കണ്ടെത്തുവാൻ. റോഡ് വികസനം മറ്റു വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്കു കഴിഞ്ഞ കാലത്തെപ്പോലെ മനുഷ്യാധ്വാനം വലിയതോതിൽ ഗ്രാമസഭകളിൽ വാഗ്ദത്തം ലഭിച്ചിട്ടുണ്ട്. വർഷാന്തം 5 ലക്ഷം രൂപയുടെയെങ്കിലും മനുഷ്യാദ്ധ്വാനം ലഭിക്കുമെന്നുറപ്പിക്കാം.

നിർദ്ദേശങ്ങൾ

1. നികുതി പൂർത്തീകരിക്കുക
2. കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുക
3. ലൈസൺ ഫീ ശരിയായ രീതിയിൽ ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.

3. ഇന്നത്തെ പഞ്ചായത്തിന്റെ നികുതിഘടന പുനഃപരിശോധനയ്ക്ക് വിധേയമാക്കി, അവയിലെ അപാകതകൾ പരിഹരിച്ച് വരുമാന വർദ്ധനയുണ്ടാക്കുക.

5. Bus Stand, Jeep Stand എന്നിവ സ്ഥാപിച്ച് അനുയോജ്യമായ നികുതി പിരിവു നടത്തുക.

6. കൈവേലി, മുള്ളമ്പത്ത്, ട്രാൻസ്ഫോർമർമുക്ക്, കണ്ടോത്തുകുനി, കക്കുഴിപ്പീടിക, പൊയിൽ പീടിക, കുമ്പളച്ചോല എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ച് യുക്തമായ വരുമാനങ്ങൾ ഉണ്ടാക്കിത്തീർക്കുക.

7. പ്രൊഫഷണൽ നികുതി തികച്ചും അശാസ്ത്രീയമാണ്. അത് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക.

മാർക്കറ്റ്

തലമുറകളായി ഇവിടെ ഉദ്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾ വടകര, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിലാണ് വിറ്റഴിക്കപ്പെടാറ്. കർഷകർക്ക് ഇതുമൂലം ഉണ്ടാവുന്നത് ഭീമമായ നഷ്ടമാണ്. ഇപ്പോൾ ചില സ്വകാര്യസ്ഥാപനങ്ങൾ ഇവിടെ വന്നുകഴിഞ്ഞിട്ടുണ്ട്. അവയൊക്കെ ഇവിടുത്തെ വിഭവങ്ങൾ ശേഖരിക്കുന്നതിൽ അതിനിസ്സാരമായ ഒരു പങ്കുമാത്രമെ വഹിക്കുന്നുള്ളു. പഞ്ചായത്തിന്റെ കേന്ദ്രമായ കൈവേലി മലയോരമേഖലയുടെ ആദ്യത്തെ പ്രവേശക അങ്ങാടി കൂടിയാണ്. ഒരുമാർക്കറ്റ് ഇവിടെ അത്യാവശ്യമാണ്. ആധുനിക രീതിയിൽ ശാസ്ത്രീയമായ സംവിധാനമുപയോഗിച്ച് മാലിന്യദൂരീകരണം സാധിക്കുന്ന ഒരു മത്സ്യമാർക്കറ്റ് കൈവേലിയുടെ ഒരടിയന്തരാവശ്യമാണ്. ഇന്ന് കൈവേലി മലിനീകരിക്കപ്പെടുന്നതിൽ റോഡുവക്കത്തെ മത്സ്യവില്പനയാണ് ഏറ്റവും വലിയ കാരണം. മത്സ്യതൊഴിലാളികളും ഒരു മാർക്കറ്റിന്റെ അഭാവം മൂലം കഷ്ടത അനുഭവിക്കുന്നു. ഇതിനാവശ്യമായ 50 സെന്റ് സ്ഥലം അക്വയർ ചെയ്യാൻ കുറെക്കാലമായി പഞ്ചായത്തു ശ്രമിച്ചുപോരുന്നു. ഇന്നും വേണ്ടത്ര പുരോഗതിയില്ലാതെ ഇതിനാവശ്യമായ നടപടിച്ചുവപ്പുനാടയിൽ കുടുങ്ങികിടക്കുന്നു. വേണ്ടത്ര നടപടികൾ അടിയന്തിരമായി സ്വീകരിക്കുക. ഈ മാർക്കറ്റിന് സമീപം മാംസവില്പന സൗകര്യവും ഏർപ്പെടുത്താം. അതിനും ആധുനിക സംവിധാനമുപയോഗപ്പെടുത്തി ശാസ്ത്രീയമായ മാലിന്യദൂരീകരണം ഉറപ്പുവരുത്തണം. പഞ്ചായത്തിനു ഒരു വരുമാനമാർഗ്ഗം കൂടി ഇതുതുറന്നു തരുന്നു. കൂടാതെ പച്ചക്കറി മാർക്കറ്റും ഇതേ സംവിധാനം പ്രയോജനപ്പെടുത്തി ഇവിടെ സ്ഥാപിക്കണം. ഈ ആവശ്യാർത്ഥം പണിയുന്ന കെട്ടിടത്തിന്റെ മുകൾതട്ട് വലിയ ഒരു Conference Hall ആക്കിമാറ്റുകയും ചെയ്യാം. നിരവധി പൊതു ചർച്ചകളും സഭകളും ചേരുന്ന കൈവേലി അങ്ങാടിയിൽ ഇക്കാര്യത്തിന് ചെന്നിരിക്കാൻ ഒരിടമില്ല എന്നത് പരിതാപകരമാണ്. നിത്യേന നല്ല വരുമാനം പ്രതീക്ഷിക്കാവുന്ന ഒരു മാർഗ്ഗമാണിത്. കൈവേലി അങ്ങാടിയുടെ ശുചിത്വം പച്ചക്കറി, മത്സ്യം, മാംസംഎന്നിവ ശുചിയായ പരിസരത്തുനിന്നുള്ള ലഭ്യത ഒരു ജനകീയാവശ്യമാണ്. നാനാവിധത്തിൽ പ്രയോജനപ്പെടുന്ന ഈ പദ്ധതി ഉടനടി നടപ്പാക്കി സ്വന്തം വരുമാനം വർദ്ധിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് ഉടനടി സ്വീകരിക്കുക.

പട്ടിക I
വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)
Ref.C.B.

ഇനം 1	ധനാഭ്യർത്ഥന 2	പിരിച്ചത് 3	ബാക്കി 4
കെട്ടിട നികുതി	344930.66	204039.45	140891.21
സർവ്വീസ് ചാർജ്ജ്			
തൊഴിൽ നികുതി	112510.00	59161.00	53349.00
വാഹനനികുതി			
വിനോദനികുതി	36128.26	36128.26	-
അഡി. വിനോദ നികുതി	21887.86	21887.86	-
പ്രദർശന നികുതി	1784.00	1784.00	-
പ്രദർശന നികുതിയിന്മേലുള്ള			
സർചാർജ്ജ്	446.00	446.00	
ചന്ത വരവ്	-	-	
ലാൻറ് സെസ്സ്	-	-	
ലൈസൻസ് ഫീസ്	16534.00	10204.00	6330.00
കെട്ടിട നികുതി ചാർജ്ജ്	10195.59	6044.58	4151.01
വസ്തു കൈമാറ്റ നികുതി75%	94748.00	96748.00	
വസ്തു കൈമാറ്റ നികുതി 25%	131427.00	131427.00	
സർക്കാർ ഗ്രാൻറുകളും മറ്റും			
ഒഴികെയുള്ള വരവുകൾ	45562.00	45562.00	
ഡെപ്പോസിറ്റ്	37215.40	37215.40	
മറ്റുള്ളവ (JRY, UNTIED	559778.00	559778.00	
ആകെ	1413146.77	1208425.55	204721.22

പട്ടിക II
ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref.C.B. (19995-96)

ഇനം 1	തുക 2
ഭരണം	269136.00
പൊതുമരാമത്ത്	200000.00
വിദ്യാഭ്യാസം	88400.00 (വായനാശാല ഉൾപ്പെടെ)
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	3400.00
തെരുവുവിളക്കുകൾ കത്തിക്കുന്നത്	36590.00
മറ്റുള്ളവ	615250.00
ആകെ	1212776.00

1.25 പൊതു സാമ്പത്തിക നില Ref.B

പൊതുകണക്ക് മൂലധന കണക്ക് കടം സംബന്ധിച്ച കണക്ക്

	പൊതുകണക്ക്	മൂലധനകണക്ക്	കടംസംബന്ധിച്ച കണക്ക്
1	2	3	4
വരവ്	5017000.00	1310000.00	145000.00
ചെലവ്	4452200.00	2871000.00	145000.00

പൊതുമരാമത്ത് സംബന്ധിച്ച വിവരങ്ങൾ Ref.Work Bill Register

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചിലവ് ഗ്രാൻറ് തുക	പഞ്ചാ. ഫണ്ട്	ആകെ
1	2	3	4	5
റോഡ്				
തോട്				
കെട്ടിടം	200000.00	200000.00		200000.00
നടപ്പ ാലം				
മറ്റുള്ളവ				
ആകെ				

ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായി പഠിച്ചു പൂർണ്ണമായ ഒരു വികസന റിപ്പോർട്ടു തയ്യാറാക്കുക എന്നതായിരുന്നു നമ്മുടെ ആഗ്രഹവും ഉദ്ദേശ്യവും. സമയ ലഭ്യത വലിയൊരു പ്രശ്നമായി തീർന്നു. പഞ്ചായത്ത് മുഴുക്കെ തലങ്ങും വിലങ്ങും നടന്ന് നമ്മുടെ പ്രദേശത്തെ മണ്ണിന്റെ ഘടനയും സ്വഭാവവും നിർണ്ണയിക്കുക ജലശേഷി തിരിച്ചറിയുകെ ഓരോ പ്രദേശത്തെ കാർഷിക സ്വഭാവം വിലയിരുത്തുക എന്നിവയൊക്കെ മാസങ്ങളോളം വരുന്ന കഠിനയത്നത്തിലൂടെ മാത്രം നടക്കുന്ന ഒന്നാണ്. കൂടാതെ ജനതയെയും പഠിക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും വേണ്ടിയിരുന്നു. എല്ലാറ്റിനും കൂടി നമുക്കു ലഭിച്ചത് വെറും രണ്ടാഴ്ചകൾ മാത്രമായിരുന്നു. എന്നിരുന്നാലും നമ്മുടെ പ്രവർത്തകർ അക്ഷീണം പരിശ്രമിച്ചതിന്റെ ഫലമായി നമുക്ക് പഞ്ചായത്തിന്റെ ഒരു ചിത്രം ഇപ്പോൾ ലഭിച്ചു കഴിഞ്ഞു. ഈ ചിത്രം പൂർണ്ണമാണ് എന്ന് അവകാശമൊന്നുമില്ല.

പഞ്ചായത്തിന്റെ സാമൂഹ്യം സാമ്പത്തികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ആഴത്തിൽ പഠനവിഷയമാക്കിയിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾ, വിദ്യാഭ്യാസ പ്രശ്നങ്ങൾ എന്നിവയിലും ശ്രദ്ധ പതിഞ്ഞു. എന്നാൽ ഓരോ വീടിനെയും കേന്ദ്രീകരിച്ച് പ്രശ്നങ്ങളോരോന്നും കണ്ടെത്തുവാൻ നേരിൽ കഴിഞ്ഞിട്ടില്ല. മിക്കവാറും കാര്യങ്ങൾക്ക് ആശ്രയിക്കേണ്ടിവന്നത് ദ്വിതീയ സ്ഥിതി വിവരകണക്കുകളെയായിരുന്നു. (Secondary data). ഇത് പൂർണ്ണമല്ല. പ്രാഥമിക വിവരങ്ങൾ(primary data) ശേഖരിക്കാൻ ഏറ്റവും ചരുങ്ങിയത് 3 മാസമെങ്കിലുമെടുക്കും. അതുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഏറ്റവും ചുരുങ്ങിയത് 3 മാസമെങ്കിലുമെടുക്കും. അതുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ധൃതി കാണിക്കേണ്ടിവന്നിട്ടുണ്ട്. കൂടാതെ എല്ലാവരുടെയും പരിശ്രമങ്ങൾ ഒരേ മാനദണ്ഡം കൊണ്ട് അളക്കുവാനും കഴിയില്ലല്ലോ. അതിന്റെ പരിമിതി ഇവിടെ അനുഭവപ്പെട്ടിട്ടുണ്ട്.

വരാനിരിക്കുന്ന 5 വർഷത്തെ പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നല്കുന്ന ഒന്നാണ് ഈ റിപ്പോർട്ട് എന്ന കാര്യം ഞങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ട്. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാണെന്ന് ബോദ്ധ്യവുമുണ്ട്. അതിനാൽ തുച്ഛമായ നമ്മുടെ സാമ്പത്തിക ശേഷിയും പദ്ധതിയിനത്തിൽ 5 വർഷം കൊണ്ട് നമുക്ക് ലഭിക്കുവാൻ സാദ്ധ്യതയുള്ള ഏതാണ്ട് 5 കോടി കയയുടെ സർക്കാർ സഹായവും നമ്മുടെ ഒട്ടെറെ ആവശ്യങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്. അതിനാൽ എല്ലാ കാര്യത്തിലും മുൻഗണനാക്രമം പാലിച്ചേ മതിയാകൂ. ഏതേതിനത്തിൽ വരുന്ന 5 വർഷകാലം കൊണ്ട് സ്കീമുകൾ നിശ്ചയിക്കണമെന്ന് തീരുമാനിക്കുവാൻ വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. നമ്മുടെ ജനതയുടെ യഥാർത്ഥ ആവശ്യങ്ങളും നമ്മുടെ കൈയിലെത്താവുന്ന വിഭവശേഷിയും പൊരുത്തപ്പെട്ടുപോകണമെന്ന് നമുക്ക് ഓർമ്മിക്കേണ്ടതുണ്ട്. മാത്രമല്ല ഈ 5 വർഷ പദ്ധികളിൽ ആദ്യവർഷം അടുത്ത വർഷം എന്നിങ്ങനെ പദ്ധതികൾക്ക് വേറെയും ക്രമങ്ങൾ അനുഷ്ഠിക്കേണ്ടതായുണ്ട്.

പഞ്ചായത്ത് ഭരണസമിതി ഇതേക്കുറിച്ച് ബോധവാന്മാരാണ്. ഇനിയും ഗഹനമായ ഉൾക്കാഴ്ച നേടേണ്ടതുണ്ടെന്ന് വിസ്മരിക്കുന്നില്ല. ആ ഉൾക്കാഴ്ചയും ആത്മാർപ്പണവുമാണ് ഇനിയാവശ്യം. തീരെ അനാവശ്യമെന്ന് ബോദ്ധ്യമുള്ള ഒട്ടേറെ ചിലവിനങ്ങൾ വെട്ടിക്കുറക്കുവാനും ധാരണയായിട്ടുണ്ട്. ചടങ്ങുകളും മേളകളും നടത്തി നഷ്ടപ്പെടുത്തുവാനുള്ളതല്ല നമ്മുടെ വിഭവശേഷിയും മനുഷ്യദ്ധ്വാനവും. ഇക്കാര്യങ്ങളിലൊക്കെ ക്രമീകരണങ്ങൾ ഉണ്ടായിത്തീരും എന്നുറപ്പിക്കാം. ഈ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ സ്കീമുകളായി മാറും. അവ ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും നാം കർമ്മ സമിതികൾ രൂപീകരിക്കുവാൻ പോവുകയാണ്. ഈ കർമ്മസമിതികൾ പദ്ധതികൾ നടപ്പിലാക്കുന്നത് സമയസമയങ്ങളിൽ പരിശോധിക്കുകയും ചെയ്യും. യാതൊരു കാര്യവും ഇനി മറച്ചു വെക്കപ്പെടുകയില്ല. എല്ലാ കണക്കുകളും പൊതു ഓഡിറ്റിന് വിധേയമാവും. കൂടാതെ ഏതെങ്കിലും പ്രശ്നത്തിൽ അനാസ്ഥകൊണ്ട് കാലതാമസം നേരിടുന്നുണ്ടോ എന്നു കൂടി വിലയിരുത്തപ്പെടും. ചുരുക്കത്തിൽ പഞ്ചായത്തിന്റെ ഇനിയങ്ങോട്ടുള്ള പ്രവർത്തനം അങ്ങേയറ്റം സുതാര്യമുള്ളതായിരിക്കും എന്നർത്ഥം.

നമ്മുടെ എല്ലാ പൊതു പ്രവർത്തനങ്ങൾക്കും ജനങ്ങളുടെ നിസ്സീമമായ സഹകരണം ലഭിച്ചിട്ടുണ്ട്. മറ്റൊരു പഞ്ചായത്തിനും അവകാശപ്പെടാൻ കഴിയാത്ത ജനപങ്കാളിത്തം നമ്മുടെ യശസ്സ് ഉയർത്തിയിട്ടുണ്ട്.ജനത എന്ന നിലയിൽ ഇനിയങ്ങോട്ടുള്ള എല്ലാ പ്രവർത്തനത്തിലും നമുക്ക് നമ്മുടെ പങ്കാളിത്തം തുടർന്നു നല്കാൻ കഴിയുമാറാകണം. നാം അതിന് വേണ്ടി നമ്മെതന്നെ സമർപ്പിക്കുക.


തിരുവനന്തപുരം



അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ
അതിപ്രാചീനമായ സംസ്കാരം
അസംസ്കൃതിയാൽ മൂടപ്പെട്ടു
ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ
മാറ്റി അവന്റെ ദാരിദ്ര്യവും
നിരക്ഷരത്വവും ഇല്ലാതാക്കിയാൽ
ഒരു സ്വതന്ത്ര പൗരന്റെ ഏറ്റവും
നല്ല മാതൃക നിങ്ങൾക്ക്
കാണാൻ കഴിയും.

മഹാത്മജി.



VILLAGE MAP OF NARIPPATTA





KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581

4816